
Aikyadeepam
ഐക്യദീപം
ജൂൺ 2015
Since 1976 വില ₹ 10
വിശ്വാസ
പരിശീലനത്തിനൊരു
പുത്തൻ മുഖം
കുടുംബം: വിശ്വാസ
പരിശീലനത്തിന്റെ ഈറ്റില്ലം
പുണ്യശ്ലോകനായ മാർ
തെയോഫിലോസ് പിതാവ്
മതബോധനം
നൂറ്റാണ്ടുകളിലൂടെ
ബൈബിൾ
സൺഡേസ്കൂൾ വിദ്യാഭ്യാസം വെല്ലുവിളികളും സാദ്ധ്യതകളും





# ബോധന






തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റി
രജി. നമ്പർ 9/72
പുഷ്പഗിരി റോഡ്, തിരുവല്ല, പത്തനംതിട്ട, കേരള,
സൗത്ത് ഇന്ത്യ – 686 101,
ഫോൺ: 0469 2730561,2606063
e-mail: bodhanatiruvalla@gmail.com




## ജൂൺ 15–ാം തീയതി മുതൽ ബോധനയുടെ വ്യത്യസ്തമായ സേവങ്ങളിലേക്ക് നിങ്ങൾക്ക് നേരിട്ട് വിളിക്കാം



## താഴെപ്പറയുന്ന നമ്പറുകളിലൂടെ...

| | |
|---|---|
| Office - Information | 9446009682 |
| Office - Secretary | 9446009683 |
| ICDP and Swanthana | 9446009684 |
| NRM (മഴവെള്ളസംഭരണി Bio-gas, Water Filter) | 9446009685 |
| Staff Co-ordinator | 9446009686 |
| SHGs and People's Bank | 9446009687 |
| Bio-Lab and Mashroom (ജലപരിശോധന & കൂൺകൃഷി) | 9446009688 |
| Bee Keeping (തേനീച്ച വളർത്തൽ) | 9446009689 |
| PRO AND SAFP-FDP | 9446009690 |





# എഡിറ്റോറിയൽ

# editorial

ശംഖിനുള്ളിൽ ആരവമുയർത്തുന്ന ഒരു കടലിന്റെ സ്വരമുണ്ട്. പൂവിന്റെ വശ്യഭംഗിയിലൊരു പുലർകാല വസന്തം മറഞ്ഞു നിൽക്കുന്നതിന്റെ നേർത്ത നിഴലും. ഓരോ ഹൃദയമിടിപ്പിലും ശ്വാസത്തിന്റെ താളം നാം കേൾക്കാതെ കേൾക്കുന്നു; ജീവന്റെ സംഗീതം മുറിയാത്ത മാന്ത്രിക കമ്പികളിലേക്ക് പെയ്തിറങ്ങുന്ന വിശ്വാസഗീതം പോലെ. അതെ, വിശ്വാസം ജീവന്റെ താളമാണ്; ആശ്വാസത്തിന്റെ തണലിടമാണ്.

ജീവിതത്തോണിയുടെ അമരത്ത് കത്തിച്ചുവയ്ക്കേണ്ടതാണ് വിശ്വാസമെന്ന വിളക്ക്; അതോ ദൈവസ്വരത്തിന് മനുഷ്യൻ നൽകുന്ന പ്രത്യുത്തരവും. വിശ്വാസം പഠിപ്പിക്കുക, കൈമാറ്റം ചെയ്യുക, പരിശീലിപ്പിക്കുക, ഇവ സഭയുടെ പ്രധാനമായ ദൗത്യവും വിശുദ്ധമായ അവകാശവുമാണ്. "കുഞ്ഞുങ്ങൾ എന്റെ അടുത്തുവരുവാൻ അനുവദിക്കുവിൻ അവരെ തടയരുത്" എന്ന വചനം നമുക്കോർക്കാം. ഇന്ന് ചില അരുതുകൾ നാം അവരിൽ ചെലുത്തുന്നുവെങ്കിൽ, വിശ്വാസപരിശീലനത്തെ നിസാരമായി കരുതുന്നുവെങ്കിൽ, നാം അവരെ തടഞ്ഞുനിർത്തിയിരിക്കുകയാണ്... ദൈവസന്നിധിയിൽനിന്ന്.... അവർ പിന്നെ എവിടെ പോകും? തടഞ്ഞുവയ്ക്കപ്പെട്ട ഒരു പുഴ പിന്നെ എവിടേക്കൊഴുകണം? തീർച്ചയായും ചില അരുതുകളുടെ ഭൂമികകളിലേക്ക് അവർ യാത്ര ചെയ്യും. അതിനാൽ വിശ്വാസ പരിശീലനത്തിൽ തീക്ഷ്ണതയോടെ നമുക്ക് വ്യാപരിക്കാം.

കുരിശിന്റെ തണലിലേക്കാണ് നാം ഓടിയത്; അതിന്റെ നിഴലിലാണ് നാം ആശ്വാസം കണ്ടതും. പ്രക്ഷുബ്ധമായ മനസ്സിന്റെ തിരയിളക്കങ്ങൾ ശാന്തമായതും അവിടെയാണ്. ഇനി വിശ്വാസവും സ്നേഹവും പ്രതീക്ഷയും നക്ഷത്രം വിരിയിക്കുന്ന ഈ ആകാശകോണിൽ നമുക്കെഴുതാം വിശ്വാസത്തിന്റെ പുതിയ ഗീതങ്ങൾ; ജീവിതത്തെ സ്വച്ഛമാക്കുന്ന ഈ നീലനിശീഥിനിയിൽ.



# ഐക്യദീപം
Aikyadeepam

2015 ജൂൺ പുസ്തകം 46 ലക്കം 6



- രക്ഷാധികാരി
  മോസ്റ്റ് റവ. ഡോ. തോമസ് മാർ
  കൂറിലോസ് മെത്രാപ്പോലീത്താ
- സഹ രക്ഷാധികാരി
  മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ്
  മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ
- ചീഫ് എഡിറ്റർ
  ഫാ. വർഗ്ഗീസ് ചാമക്കാലായിൽ
- പ്രസാധകൻ
  തോമസ് കൊടിനാട്ടുകുന്നേൽ
  കോർ എപ്പിസ്ക്കോപ്പാ
- സർക്കുലേഷൻ മാനേജർ
  ബ്രദർ വർഗ്ഗീസ് കണ്ടത്തിൽ
- ഉപദേശക സമിതി
  മോൺ. ആന്റണി ചെത്തിപ്പുഴ
  റവ. ഫാ. ചെറിയാൻ താഴമൺ
  റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
  ശ്രീ. ഷാജി കാരയ്ക്കൽ
  പ്രൊഫ. ജേക്കബ് എം. ഏബ്രഹാം
  ശ്രീ. ജോമി കലയപുരം
  ശ്രീ. ജിജി മുളമൂട്ടിൽ
  ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ



**Printing at: Dona Offset, Kottayam**

**Annual Subscription ₹ 120.00**
**Single Copy ₹ 10.00**
**Overseas: $40.00 or ₹ 2750**

**Bank Details :**
**Chief Editor, Aikyadeepam**
**Andhra Bank, Tiruvalla 689 101**
**A/c No. 110110100023901**
**IFSC. ANDB0001101**
**SWIFT CODE: ANDBINBB**

**Designed by :**
**Prasad P. S.**
**Greeshma Designs, Kottayam**
**Ph: 9447304348**
**gdesignktm@gmail.com**


# CONTENTS



















06 **വിശ്വാസ പരിശീലനത്തിനൊരു പുത്തൻ മുഖം**
റവ. ഡോ. ജോബി കറുകപ്പറമ്പിൽ

09 **കുടുംബം: വിശ്വാസ പരിശീലനത്തിന്റെ ഈറ്റില്ലം**
റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ

12 **പുണ്യശ്ലോകനായ മാർ തെയോഫിലോസ് പിതാവ്**
ഫാ. സാമുവേൽ വിളയിൽ

14 **ഇടവക സമൂഹവും വിശ്വാസ പരിശീലനവും**
മോൺ. ഡോ. ആന്റണി ചെത്തിപ്പുഴ


17 **സൺഡേസ്കൂൾ വിദ്യാഭ്യാസം വെല്ലുവിളികളും സാദ്ധ്യതകളും**
റവ. ഡോ. റെജി മാത്യു

21 **മതബോധനം നൂറ്റാണ്ടുകളിലൂടെ**
റവ. ഫാ. ഡേവിഡ് വടക്കുംമുറിയിൽ

32 **ജ്ഞാനത്തിലും പ്രായത്തിലും**
ഫാ. ജോൺ പടിപ്പുരയ്ക്കൽ


മുഖചിത്രം : അന്ന ജൂലിയ


All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Complex Kacheripady, Tiruvalla-1. Phone: 0469-2600626 Fax: 0469-2600822. E-mail: aikyadeepamtvla@gmail.com



# ഇടയശബ്ദം

**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
**മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്**

"വചനം പ്രസംഗിക്കുക; സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും അല്ലെങ്കിലും ജാഗരൂകതയോടെ വർത്തക്കുക, മറ്റുള്ളവരിൽ ബോദ്ധ്യം ജനിക്കുകയും അവരെ ശാസിക്കുകയും ഉദ്ബോധിപ്പിക്കുകയും ചെയ്യുക. ക്ഷമ കൈവിടാതിരിക്കുകയും പ്രബോധനത്തിൽ ശ്രദ്ധിക്കുകയും ചെയ്യുക.

ജനങ്ങൾ ഉത്തമമായ ബോധനത്തിൽ സഹിഷ്ണുത കാണിക്കാത്ത കാലം വരുന്നു. കേൾവിക്കിമ്പമുള്ളവയിൽ ആവേശം കൊള്ളുകയാൽ അവർ തങ്ങളുടെ അഭിരുചികൾക്ക് ചേർന്ന പ്രബോധകരെ വിളിച്ചുകൂട്ടും." 2 തിമോ. 41:2-3.

"ഉത്തമമായ പ്രബോധനം - സത്യമായ പ്രബോധനം - മനുഷ്യന് അത്യാവശ്യമാണ്. മാർഗ്ഗദർശനമില്ലാഞ്ഞാൽ ജനത നിലംപതിക്കും; ഉപഭോക്താക്കൾ ഉണ്ടെങ്കിൽ സുരക്ഷിതത്വമുണ്ട്." സുഭാ. 11:14. പണ്ടെവിടെയോ പറഞ്ഞുകേട്ട ഒരു കഥ മനസ്സിൽ വരുന്നു. ഒരു ഗ്രാമത്തിലെ രണ്ടുകുട്ടികൾ. രണ്ടുപേരും കൂട്ടുകാരായിരുന്നു. കുഞ്ഞുപ്രായത്തിന്റെ കുസൃതികൾ ചില തെറ്റുകൾ ചെയ്യാൻ അവരെ പ്രേരിപ്പിച്ചു. ഒരു കടയിൽ കയറി കുറെ ഭക്ഷണസാധനങ്ങൾ അവർ മോഷ്ടിച്ചു. വീട്ടിൽ കൊണ്ടുചെന്ന് അമ്മമാരുടെ കൈയ്യിൽ കൊടുത്തു. എവിടെ നിന്ന് എന്ന് ചോദിച്ചപ്പോൾ മോഷ്ടിച്ചതാണെന്ന് അവർ പറഞ്ഞു. ഒരമ്മ ആ ഭക്ഷണത്തോടൊപ്പം കുറെ മണലുംകൂടിച്ചേർത്ത് തന്റെ മകന് ഭക്ഷണം പാകം ചെയ്തു. ഭക്ഷണം കഴിക്കാൻ തുടങ്ങിയ മകൻ പറഞ്ഞു, അമ്മേ, ഇതിലെല്ലാം കല്ലാണ്, കഴിക്കാൻ പറ്റില്ല. ആ നല്ല അമ്മ പറഞ്ഞു: മകനേ, മോഷ്ടിക്കുന്ന ഏതൊരു സാധനവും ഇങ്ങനെ തന്നെ. സ്വന്ത അദ്ധ്വാനംകൊണ്ട് ജീവിക്കണം. അവൻ പിന്നീടൊരിക്കലും മോഷ്ടിച്ചിട്ടില്ല. മറ്റേക്കുട്ടിയുടെ അമ്മയാകട്ടെ, ഏറെ സ്വാദിഷ്ടമായി ഭക്ഷണം പാകം ചെയ്ത് മകന് കൊടുക്കുകയും അവനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അവൻ ഒരു തികഞ്ഞ മോഷ്ടാവും സാമൂഹികവിരുദ്ധനും കുറ്റവാളിയുമായിത്തീർന്നു. കോടതി വിചാരണ ചെയ്ത് കൊലക്കയറിലേക്കുള്ള വിധി അവനു ലഭിച്ചു. അവന്റെ അവസാന ആഗ്രഹം ചോദിച്ചപ്പോൾ തന്റെ അമ്മയുടെ ചെവിയിൽ ഒരു മന്ത്രം ചൊല്ലണമെന്ന് പറയുകയും അതനുസരിച്ച് ദുഃഖിതയായ അമ്മ കടന്നുവരികയും ചെയ്തു. അമ്മയുടെ അടുത്തെത്തിയ മകൻ അമ്മയുടെ ചെവി കടിച്ചുപറിച്ചെടുത്തു. മാതൃകയും ഉപദേശവും നൽകാതെ തന്നെ വളർത്തിയതുകൊണ്ടാണ് ഇങ്ങനെയൊരു അന്ത്യം തനിക്കുണ്ടായതെന്ന് കോപത്തോടെ തന്റെ അമ്മയോട് പറഞ്ഞു.



ഏറെ മനോഹരമായൊരു കഥയാണിത്. പല ഭാഷ്യങ്ങളും ഈ കഥയ്ക്കുണ്ടാവാം. എന്നാൽ ഗുണപാഠം ഒന്നുമാത്രം. 'ചോറിനൊപ്പം ചൊല്ലും കൊടുക്കുക'. ഈ ഒരു ശുശ്രൂഷയിൽ മാതാപിതാക്കൾ തനിയെ അല്ല. സമൂഹവും വിശിഷ്യാ സഭയും അവരോടൊപ്പം ഉണ്ട്. ഈ വലിയ ഉത്തരവാദിത്തമാണ് മതബോധന പ്രക്രിയ യിലൂടെ സഭ തന്റെ മക്കൾക്ക് നൽകുന്നത്. മതബോധനം എന്നത് തെറ്റിദ്ധാരണക്ക് സാദ്ധ്യതയുള്ള ഒരു പദമാണ്. മതത്തെപ്പറ്റി പഠിക്കുക, മതത്തിന്റെ നിയമങ്ങളും ചിട്ടകളുമൊക്കെ ഗ്രഹിക്കുക; മതാനുയായി തീരുക എന്നൊക്കെ ധരിച്ചേക്കാം. എന്നാൽ സഭ 'കാറ്റക്കേസിസ്' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് യേശുക്രിസ്തുവിനെയും അവനെ അയച്ച


(ശേഷം പേജ് 42)




# വിശ്വാസപരിശീലനത്തിലെ പുത്തൻ മുഖം

എന്താ ഇവിടെ ഇന്നു ടീച്ചർ വന്നില്ലേ? ക്ലാസ്സിലേക്കു കയറിചെന്ന ചാക്കോസാർ ഉറക്കെ ചോദിച്ചു. വട്ടം കൂടി പല ഗ്രൂപ്പുകളിൽ തകൃതിയായി എന്തൊക്കെയോ ചെയ്തുകൊണ്ടിരുന്ന കുട്ടികളെല്ലാം തലയുയർത്തിനോക്കി. അവർക്കിടയിൽ നിന്നും, ഒരു ഗ്രൂപ്പിന് നിർദ്ദേശങ്ങൾ കൊടുത്തിരുന്ന സിനിടീച്ചർ, തലയുയർത്തി പറഞ്ഞു, "ഞാനിവിടുണ്ടു സാറേ!" "പിന്നെന്താ ഈ കുട്ടികൾ വെറുതേ വട്ടം കൂടി കളിക്കുന്നത്". കുട്ടികൾ ആർത്തുചിരിച്ച് കോറസ്പോലെ പറഞ്ഞു. "ഞങ്ങൾ വെറുതേ കളിക്കുകയല്ല, ദൈവം ഈജിപ്തിലേക്ക് അയച്ച പത്തു ബാധകൾ അവതരിപ്പിക്കാൻ ഒരുങ്ങുകയാണ്".

ഒന്നും മനസ്സിലാകാത്തതുപോലെ നിന്ന ചാക്കോസാറിനോട് സിനി ടീച്ചർ പറഞ്ഞു. ദൈവം ഇസ്രായേലിനെ ഈജിപ്തിൽ നിന്ന് മോചിപ്പിച്ച പുറപ്പാടു സംഭവം കുട്ടികൾ തന്നെ തയ്യാറാക്കുന്ന തിരക്കിലാണ് സാറെ. ഇപ്പോൾ നമ്മൾ കൂടെനിന്നാൽ മതി. അവർ തന്നെ കാര്യങ്ങൾ ചെയ്തു പഠിക്കുകയാണ്. കുട്ടനാട്ടിലെ ഒരു ഉൾപ്രദേശത്തുള്ള ഇടവകയിലെ ഞായറാഴ്ചത്തെ സൺഡേസ്കൂൾ ക്ലാസ്സാണ് രംഗം. ഇതു മാറിയ വിശ്വാസപരിശീലനമുഖങ്ങളിൽ ഒന്നാണ്. പാഠഭാഗം



**റവ. ഡോ. ജോബി കറുകപ്പറമ്പിൽ**
ഡയറക്ടർ സന്ദേശനിലയം,
ചങ്ങനാശേരി അതിരൂപത

വായിച്ചും വിശദീകരിച്ചും പരമ്പരാഗത ബോധനരീതി തുടരുന്നതാണ് ഇന്നും മതബോധനം എന്നു വിശ്വസിക്കുന്ന ചാക്കോസാറിന് ഇത് വെറും കുട്ടിക്കളിയാണെന്ന നിലപാടാണ്. അതിനാൽ തന്നെ സൺഡേസ്കൂൾ ക്ലാസ്സുകൾക്കുശേഷം വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ സ്റ്റാഫ്മീറ്റിംഗിൽ സാർ വീണ്ടും ഈ കുട്ടിക്കളിയെക്കുറിച്ചും, അത് ഒച്ചപ്പാടുണ്ടാക്കുന്നു എന്നും ഒക്കെ പരാതിപ്പെട്ടു. എന്നാൽ അതിരൂപതാതലത്തിൽ ആരംഭിച്ചിരിക്കുന്ന പുതിയ ബോധനരീതിയുടെ പ്രാധാന്യവും, ആവശ്യകതയും ബോധ്യപ്പെടുത്താൻ വികാരിയച്ചൻ തന്നെ അവസാനം മൈക്കു കൈയ്യിലെടുത്തു. Word and Media എന്ന നവീന മാധ്യമബോധന വിശ്വാസപരിശീലനരീതിയുടെ വിവിധ വശങ്ങൾ ഗ്രൂപ്പുവർക്കുകളിലൂടെ അവതരിപ്പിച്ചുകഴിഞ്ഞപ്പോൾ ചാക്കോ സാറിനു മാത്രമല്ല, മറ്റ് ചില അദ്ധ്യാപകർക്കും സംശയങ്ങളുടെ കാർമേഘം നീങ്ങി കുളിർമഴ പെയ്ത പ്രതീതിയായി. ഇനി സൺഡേസ്കൂൾ വിരസമാവില്ല എന്ന വലിയ സന്തോഷത്തോടെ Word and Media എന്ന നാമം മനസ്സിൽ ഉരുവിട്ട് അവർ യാത്രയായി.

ഇരുപതാം നൂറ്റാണ്ട് 'മാസ് മീഡിയാ'യുടെ നൂറ്റാണ്ട് എന്നാണ് വിശേഷിപ്പിക്കപ്പെട്ടിരുന്നത്. എന്നാൽ മാധ്യമ സംസ്കാരത്തിലോ ഉപയോഗത്തിലോ കാര്യമായ സ്വാധീനം ചെലുത്താൻ സഭയ്ക്കു കഴിഞ്ഞിരുന്നില്ല. അനിയന്ത്രിതമായ മാധ്യമ അധിനിവേശത്തെ ചെറുക്കുവാനും കഴിഞ്ഞില്ല. പുരമുകളിൽ നിന്നു സുവിശേഷം പ്രഘോഷിക്കുവിൻ എന്നു പറഞ്ഞവന്റെ സന്ദേശം ഭൂമിയുടെ ഏതു മൂലയ്ക്കും എത്തിക്കാൻ സാധ്യമായ 'ആധുനിക പുരപ്പുറങ്ങളാണ്' ദൈവദാനമായ ആധുനിക മാധ്യമങ്ങൾ എന്ന നിലപാട് രണ്ടാം വത്തിക്കാൻ സൂനഹദോസ് തുടങ്ങിവച്ച സഭയുടെ കാഴ്ചപ്പാടാണ്. എന്നാൽ ഈ കാഴ്ചപ്പാടുകളെ ദൃശ്യവത്ക്കരിക്കുവാനോ, പ്രവൃത്തിപഥത്തിലാക്കുവാനും സഭ ഇന്നും വിമുഖത കാട്ടുന്നു. വിശ്വാസജീവിതം നിരവധി വെല്ലുവിളികളെ നേരിടുന്ന ഒരു കാലഘട്ടമാണിത്. സാമൂഹിക മാധ്യമങ്ങൾ നമ്മുടെമേൽ ആധിപത്യം നടത്തുന്നു. യുവതലമുറയെ ഇന്ന് സ്വാധീനിക്കുന്ന ഏറ്റം പ്രധാനമേഖല മാധ്യമങ്ങളാണ്. എങ്കിലും പ്രതിസന്ധികളുടെ ഈ കാലയളവിലും വിശ്വാസത്തിന്റെ ബോധനരീതി കുട്ടികൾക്കും മുതിർന്നവർക്കും എത്രത്തോളം സ്വീകാര്യമാകുന്നുണ്ട് എന്ന് സഭയിൽത്തന്നെ അധികമാരും ചിന്തിക്കുന്നുണ്ടെന്ന് തോന്നുന്നില്ല.

രണ്ടാം വത്തിക്കാൻ സൂനഹദോസ് സഭയുടെ ചരിത്രവഴികളിൽ സംഭാവനചെയ്ത ശ്രദ്ധേയമായ പദങ്ങളിൽ ഒന്നാണ് 'Zeit Geist' (കാലത്തിന്റെ ചൈതന്യം). കാലത്തിന്റെ ചൈതന്യം തിരിച്ചറിഞ്ഞ് സഭയുടെ ജീവിതശൈലിയെ കാലോചിതമായി നവീകരിക്കുക. ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ആധുനിക കാളഘട്ടത്തിൽ മാറി മാറി വരുന്ന അത്യാധുനിക സംവിധാനങ്ങളും സാങ്കേതിക മികവുകളും മനുഷ്യമനസ്സുകളിൽ ചെലുത്തുന്ന സ്വാധീനം തുലോം കുറവല്ല. നവമാദ്ധ്യമങ്ങളുടെ (New Media) ആവിർഭാവവും പ്രഭാവവും ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ വിപ്ലവമാണ്. ഒരു പതിറ്റാണ്ടുകൊണ്ട് സോഷ്യൽമീഡിയ നേടിയെടുത്ത പ്രചാരം അവയുടെ പ്രസക്തിയുടെ ഏറ്റം വലിയ സാക്ഷ്യമാണ്. അസാധാരണമെന്നു കരുതിയ മാധ്യമഭാഷാപ്രയോഗങ്ങളും, പേരുകളും, രൂപകങ്ങളും സോഷ്യൽ മീഡിയായുടെ വരവോടെ സാധാരണ പ്രയോഗങ്ങളും ഭാഷാരീതിയുമായി മാറി കഴിഞ്ഞു.

ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമാകുന്ന സഭയുടെ ദൗത്യം കാലത്തിന്റെ ഈ ചുവരെഴുത്തുകളെ അവഗണിക്കാതെ കർത്താവ് ഏല്പിച്ച സുവിശേഷദൗത്യം പഴയതും പുതിയതുമായ ആശയവിനിമയ മാധ്യമങ്ങളെ ശ്രദ്ധാപൂർവ്വവും, ബുദ്ധിപൂർവ്വവും പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക മാർഗ്ഗത്തിലൂടെ വൈദഗ്ധ്യത്തോടെ അവതരിപ്പിക്കുക എന്നതാണ്. കാരണം "സുവിശേഷസന്ദേശം പ്രചരിപ്പിക്കുന്നതിന് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തുകയെന്നത് സുവിശേഷവത്കരണം തുടർന്നുപോകാനുള്ള വിശ്വാസികളുടെ ഔത്സുക്യത്തിന്റെ ഭാഗമാണ് (കർത്താവിന്റെ വചനം 113).

വിശ്വാസപരിശീലനരംഗത്ത് പരിശീലകന്റെ മാതൃക ലോകഗുരുവായ ഈശോയുടെ അധ്യാപനശൈലിയാണ്. വിത്തിന്റെ ഉപമയും, വിതക്കാരന്റെ സാദൃശ്യങ്ങളും, കടലും, മീനും, രത്നങ്ങളും, സമരിയാക്കാരനും, ധൂർത്തനായ മകനും കേൾവിക്കാരന്റെ മനസ്സിൽ ഉണർത്തുന്ന ബിംബങ്ങൾ ജീവനുള്ള കഥാപാത്രങ്ങളാണ്. പഠിതാവിന്റെ സാഹചര്യങ്ങളെ ഉൾക്കൊണ്ടും കാലോചിതമായ മാറ്റങ്ങൾ സ്വീകരിച്ചും ക്രിയാത്മകമായ ഒരു അദ്ധ്യാപനശൈലിയാണിവിടെ രൂപപ്പെടുന്നത്. ഈ ശൈലികളിലേയ്ക്കുള്ള ഒരു ചുവടു മാറ്റം ഇന്ന് അനിവാര്യമായിരിക്കുന്നു.

അനന്തമായ അജപാലനസാധ്യതകൾ നവമാധ്യമങ്ങൾ നമുക്കു മുൻപിൽ തുറന്നിടുമ്പോഴും അതുയർത്തുന്ന വെല്ലുവിളികൾ അവഗണിക്കാവുന്നതല്ല. ഏകദിശാ സംഭാഷണ പാഠ്യരീതി മാത്രം ശീലിച്ച വിശ്വാസപരിശീലനരീതികൾക്കും, പരിശീലകർക്കും ഇത് വലിയ ഒരു വെല്ലുവിളിയാണ്. സാമൂഹ്യമാധ്യ

**വിശ്വാസപരിശീലനരംഗത്ത് പരിശീലകന്റെ മാതൃക ലോകഗുരുവായ ഈശോയുടെ അധ്യാപനശൈലിയാണ്. വിത്തിന്റെ ഉപമയും, വിതക്കാരന്റെ സാദൃശ്യങ്ങളും, കടലും, മീനും, രത്നങ്ങളും, സമരിയാക്കാരനും, ധൂർത്തനായ മകനും കേൾവിക്കാരന്റെ മനസ്സിൽ ഉണർത്തുന്ന ബിംബങ്ങൾ ജീവനുള്ള കഥാപാത്രങ്ങളാണ്.**

മങ്ങളെ സുവിശേഷവത്കരണ സങ്കേതങ്ങളാക്കി ഫലപ്രദമായി ഉപയോഗപ്പെടുത്തണമെങ്കിൽ പരമ്പരാഗത വിശ്വാസപരിശീലനശൈലിയിൽ തന്നെ പൊളിച്ചെഴുത്ത് ആവശ്യമായി വരും. മാത്രമല്ല, ആ പ്രക്രിയയിൽ സത്യവും, വിശ്വാസവും, ധാർമികപ്രബോധനങ്ങളും ആപേക്ഷികമാക്കപ്പെടാതെ സൂക്ഷിക്കുകയെന്നത് അതിനേക്കാൾ ദുഷ്കരമായ ഒരു വെല്ലുവിളിയാണ്.

ഒരു വശത്ത് സാമൂഹികമാധ്യമങ്ങളുടെ ആധിപത്യം തുടരുകയാണ്. ഒപ്പം പൊതുവിദ്യാഭ്യാസരംഗത്ത് ആഗോളതലത്തിൽ ബോധനരീതികളിൽ ഗണ്യമായ മാറ്റം വന്നുകൊണ്ടിരിക്കുന്നു. അദ്ധ്യാപകനിലും പാഠപുസ്തകത്തിലും കേന്ദ്രീകൃതമായ ബോധനരീതിക്കു പകരം കുട്ടികളിലും പ്രവർത്തനങ്ങളിലും അധിഷ്ഠിതമായ ഒരു രീതി ഫലപ്രദമായി നടപ്പിലാക്കിക്കഴിഞ്ഞിരിക്കുന്നു. വിശ്വാസപരിശീലനരംഗം കാലത്തിന്റെ ഈ പ്രയാണത്തിനൊപ്പം ഓടുവാൻ ഇന്ന് കൂടുതൽ കരുത്താർജ്ജിക്കേണ്ടിയിരിക്കുന്നു.

സാമൂഹ്യമാധ്യമങ്ങളാണ് (Social Media) പ്രായ-ലിംഗ-മതഭേദമെന്യേ ഏറ്റം അധികം ജനങ്ങൾ അധിവസിക്കുന്ന ഭൂഖണ്ഡം. നവമാധ്യമങ്ങൾ സൃഷ്ടിക്കുന്ന ഈ മായികലോകം (Virtual World) സൃഷ്ടിക്കുന്ന തരംഗവലയങ്ങൾക്കുള്ളിലാണ് ഇന്നത്തെ തലമുറ. ഈ അദൃശ്യതരംഗങ്ങൾ സൃഷ്ടിക്കുന്ന പ്രതിലോമകരമായ സംസ്കാരത്തിന്റെ നിഷേധാത്മകത മാത്രം ദർശിച്ച് പ്രതിരോധതന്ത്രങ്ങൾ മെനയുന്നതിൽ മാത്രം നാം ഒതുങ്ങികൂടാറുണ്ട്. വിശ്വാസകൈമാറ്റമാകുന്ന സഭയുടെ സനാതനദൗത്യം നിറ

## ഓർമ്മത്തിരുനാൾ

**ജൂൺ 27**



**പുണ്യശ്ലോകനായ**
**അഭി. യാക്കോബ് മാർ തെയോഫിലോസ്**




വേറ്റാൻ നവമാധ്യമസങ്കേതങ്ങൾ സാധ്യതകളുടെ ഒരു കലവറ തന്നെ നമുക്കു മുൻപിൽ തുറക്കുന്നു. തിന്മയ്ക്കെതിരെ പ്രതിരോധം സൃഷ്ടിക്കുമ്പോഴും നന്മയുടെ വാതായനങ്ങൾ തുറന്ന് സാധ്യതകളെ സദ്ഫലങ്ങളാക്കി മാറ്റുന്ന ക്രിയാത്മക കാഴ്ചപ്പാടുകൾ സൃഷ്ടിക്കാൻ നമുക്കാകണം. വാഴ്ത്തപ്പെട്ട പോൾ ആറാമൻ പാപ്പായുടെ വാക്കുകൾ മുന്നറിയിപ്പും, പ്രചോദനവുമാണ്. "മനുഷ്യന്റെ അതിവിദഗ്ധങ്ങളായ കണ്ടുപിടുത്തങ്ങൾ മൂലം പ്രതിദിനമെന്നവണ്ണം പരിപുഷ്ടിപ്രാപിച്ചുകൊണ്ടിരിക്കുന്ന സുശക്തങ്ങളായ പ്രസ്തുത ഉപാധികളെ ഉപയോഗിച്ചില്ലെങ്കിൽ സഭ ദൈവത്തിന് മുൻപാകെ കുറ്റക്കാരിയായി സ്വയം കരുതേണ്ടിവരും". (EN 45)

"A picture is worth a thousand words"എന്ന ചൈനീസ് പഴമൊഴി ശ്രദ്ധേയമാണ്. മാത്രമല്ല കാണുന്നവയ്ക്കാണ് കേൾക്കുന്നവയേക്കാൾ വിശ്വാസ്യത ഉളവാക്കാൻ കഴിയുക. ദൃശ്യമാധ്യമങ്ങളുടെ ഉപയോഗം കുട്ടികൾക്ക് പഠിക്കുന്ന കാര്യങ്ങളിൽ താല്പര്യമുണർത്താനും അവരുടെ ശ്രദ്ധയെ ആകർഷിക്കാനും സഹായകമാകും എന്നതിൽ സംശയമില്ല. ദൈവാനുഭവത്തിലേക്ക് കുട്ടികളെ നയിക്കേണ്ട മതബോധന പ്രക്രിയയിൽ അധ്യാപകർ ദൃശ്യഉപാധികളുപയോഗിക്കേണ്ടത് കാലം വച്ചുനീട്ടുന്ന ഒരു ആവശ്യമാണ്. അനുഭവപരമായ ബോധനരീതിയുടെ അഭിവാജ്യ ഘടകമാണ് ദൃശ്യശ്രാവ്യ ഉപാധികൾ.

അജപാലകനും, അധ്യാപകരും, മാതാപിതാക്കളും ദീർഘവീക്ഷണത്തോടെ സമയോചിതമായ ഇടപെടലുകൾ നടത്തുന്നില്ലായെങ്കിൽ വിശ്വാസം വികലമാക്കപ്പെടുന്ന സാഹചര്യങ്ങൾ വളർന്നുവരും. ഇന്റർനെറ്റും, മൊബൈൽഫോണും, പത്രമാധ്യമങ്ങളും പുതുതലമുറയുടെ വിവേചനാബോധ്യത്തെ അപഹരിക്കും. അനിവാര്യമായതിനെ അനാവശ്യമാക്കുകയും, അനാവശ്യമായവയെ അനിവാര്യമാക്കുകയും ചെയ്യുന്ന ഒരു സംസ്കൃതിയെ സൃഷ്ടിച്ച് നമ്മുടെ പൈതൃകത്തെയും സംസ്കാരത്തെയും, പാരമ്പര്യങ്ങളെയും തലമുറകളായി കൈമാറിവന്ന മൂല്യങ്ങളെയും, ബോധ്യങ്ങളെയും, വിശ്വാസജീവിതസത്യങ്ങളെയും തകിടം മറിക്കും. ജാഗരൂകരായിരിക്കുവിൻ!!



**ഫാ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
(ഡയറക്ടർ, വിശ്വാസജീവിതപരിശീലന കേന്ദ്രം, കാഞ്ഞിരപ്പള്ളി രൂപത)

# കുടുംബം: വിശ്വാസജീവിതപരിശീലനത്തിന്റെ ഈറ്റില്ലം

കണ്ണുകളടച്ച് പ്രാർത്ഥിക്കുന്ന ഒരു കത്തോലിക്കാ വിശ്വാസിയോട് നിങ്ങൾ ഇപ്പോൾ ഉള്ളിൽ കാണുന്ന ഈശോയുടെ രൂപം ആദ്യമായി നിങ്ങൾക്ക് കാണിച്ചുതന്നതാരാണ് എന്ന ചോദ്യത്തിന് 95% പേരും നല്കുന്ന ഉത്തരം ഒന്നാകും എന്റെ അമ്മ / എന്റെ വല്യമ്മച്ചി. ഈ രൂപം നിങ്ങൾ കണ്ടെതെവിടെ വച്ചാണ് എന്ന് രണ്ടാമതൊരു ചോദ്യം ചോദിച്ചാൽ ഉത്തരമെന്താകും? എന്റെ വീട്ടിൽ വച്ച് എന്നാകും. ഒരു വ്യക്തിയുടെ വിശ്വാസജീവിതപരിശീലനത്തിൽ കുടുംബത്തിനും മാതാപിതാക്കൾക്കുമുള്ള പ്രാധാന്യവും സ്ഥാനവും വ്യക്തമാക്കുവാനുള്ള ചെറിയൊരു ഉദാഹരണം മാത്രമാണിത്.

സാർവ്വത്രികസഭ 'കുടുംബ'ത്തെ കേന്ദ്രീകരിച്ചുള്ള അസാധാരണ സിനഡിനുള്ള ഏറ്റവും അടുത്ത ഒരുക്കത്തിന്റെ ദിനങ്ങളിലാണല്ലോ. 2015 ഒക്ടോബറിൽ റോമിൽ നടക്കുന്ന അസാധാരണ സിനഡിൽ 'സുവിശേഷവത്ക്കരണത്തിൽ ഇന്നത്തെ കുടുംബങ്ങളുടെ സാദ്ധ്യതകളും വെല്ലുവിളികളും' എന്ന പ്രമേയം ചർച്ച ചെയ്യുന്നുവെന്നത് അഭിമാനാർഹമായ സംഗതിയാണ്. സിനഡു പിതാക്കന്മാരോടൊപ്പം നമുക്കും ചിന്തിക്കാം: എന്റെ കുടുംബത്തിന് സുവിശേഷവത്കരണത്തിലും വിശ്വാസകൈമാറ്റത്തിലും എന്തെല്ലാം ചെയ്യാനാവും? ഗാർഹികസഭയായ എന്റെ കുടുംബമാണ് എന്റെ ഇടവകയിലെ സുവിശേഷവത്കരണത്തിന്റെ, വിശ്വാസകൈമാറ്റത്തിന്റെ അടിസ്ഥാന ഘടകം. ഈ ബോധ്യങ്ങളോടെ, കാഴ്ചപ്പാടുകളോടെ പുതിയൊരു അദ്ധ്യയനവർഷത്തിലേയ്ക്ക് നമുക്ക് പ്രവേശിക്കാം.

ഒരു ശിശു ഗർഭസ്ഥമാകുന്ന നിമിഷം മുതൽ മാതാപിതാക്കൾക്ക് പ്രത്യേകിച്ച് അമ്മയ്ക്ക് ആ ശിശുവിന്റെ വിശ്വാസജീവിതത്തിൽ അളവില്ലാത്തവിധത്തിൽ സ്വാധീനം ചെലുത്താനാവും. മാതാപിതാക്കളുടെ ചിന്തകളും, വികാരങ്ങളും, വിചാരങ്ങളും, പ്രാർത്ഥനാ ജീവിതശൈലികളും കുഞ്ഞുങ്ങളെ ഏറെ സ്വാധീനിയ്ക്കുകയും രൂപപ്പെടുത്തുകയും ചെയ്യുമെന്ന് ആധുനിക മന:ശാസ്ത്രപഠനങ്ങൾ വ്യക്തമാക്കുന്നുണ്ടല്ലോ. കുടുംബാംഗങ്ങളുടെ പ്രത്യേകിച്ച് മാതാപിതാക്കളുടെ അധരങ്ങളിൽ നിന്ന്



കേൾക്കുന്നവയും മാതൃകവഴി ഗ്രഹിക്കുന്നവയും കുട്ടികളുടെ വ്യക്തിത്വ രൂപീകരണത്തിൽ വഹിക്കുന്ന പങ്ക് വളരെ വലുതാണെന്ന തിരിച്ചറിവ് മാതാപിതാക്കൾക്കുണ്ടാകേണ്ടത് ഇന്നിന്റെ വലിയൊരാവശ്യമാണ്.

തങ്ങളുടെ കുഞ്ഞുങ്ങളെ സുവിശേഷവത്കരിക്കാനും വിശ്വാസജീവിതത്തിൽ വളർത്തുവാനുമുള്ള ഉത്തരവാദിത്വവും കടമയും ആനുകൂല്യവും വിവാഹമെന്ന കൂദാശയുടെ കൃപാവരത്തിലൂടെ മാതാപിതാക്കൾ സ്വീകരിക്കുന്നു എന്ന് കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു (CCC 2225). ഈ പ്രബോധനത്തിന്റെ ചുവടുപിടിച്ചുകൊണ്ട് ക്രൈസ്തവവിശ്വാസം കുട്ടികളിൽ ആഴമായി പതിയാൻ ആദ്യവേദിയൊരുക്കേണ്ടത് കുടുംബങ്ങളിലാണെന്ന് സഭ ഉദ്ബോധിപ്പിക്കുന്നുണ്ടെങ്കിലും നമ്മുടെ എത്ര മാതാപിതാക്കൾ ഈ ഉത്തരവാദിത്വം ഗൗരവമായി എടുക്കുന്നുണ്ട് എന്നത് ചർച്ചാവിഷയമാക്കേണ്ടതാണ്.

ക്രൈസ്തവവിശ്വാസത്തിന്റെ പക്വതയിലേയ്ക്കും ക്രിസ്തീയജീവിതത്തിന്റെ പൂർണ്ണതയിലേയ്ക്കും വിശ്വാസിയെ നയിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സഭ അവളുടെ വിശ്വാസജീവിതപരിശീലനപദ്ധതികൾക്ക് രൂപം നല്കിയിരിക്കുക. വിശ്വാസപരമായ അറിവിലുള്ള വളർച്ചയെന്നതിലുപരി വിശ്വാസാനുഭവത്തിലേയ്ക്കും വിശ്വാസജീവിതത്തിലേയ്ക്കുമുള്ള വളർച്ചയാണ് വിശ്വാസജീവിതപരിശീലനലക്ഷ്യം. അതുകൊണ്ടുതന്നെ വിശ്വാസം അറിയാനും സ്വീകരിക്കാനും പരിശീലിക്കാനും വിശ്വാസാനുസൃതമായ ജീവിതശൈലി സ്വന്തമാക്കാനുമുള്ള ഇടമാകണം കുടുംബം. ഇത്തരത്തിൽ ചിന്തിക്കുമ്പോൾ കുടുംബമാണ് വിശ്വാസജീവിത പരിശീലനത്തിന്റെ ഈറ്റില്ലവും പിള്ളത്തൊട്ടിലും.

നമ്മുടെ രക്ഷകനും നാഥനുമായ ഈശോയുടെ മുഖം നമ്മുടെ കുഞ്ഞുമനസ്സുകളിൽ വരച്ചുചേർത്ത മുതിർന്ന തലമുറയെ നമുക്ക് നന്ദിയോടെ ഓർക്കാം. ഇന്നുള്ള കുഞ്ഞുമനസ്സുകളിൽ ഈശോയുടെ മുഖം വരച്ചുചേർക്കേണ്ട ഉത്തരവാദിത്വവും കടമയും എന്റെയും നിങ്ങളുടേതുമാണെന്ന് നമുക്ക് മറക്കാതിരിക്കാം. വളർന്നുവരുന്ന തലമുറയുടെ മനോമുകുരങ്ങളിലുള്ള ഈശോയുടെ രൂപം വ്യക്തതയില്ലാത്തതാണെങ്കിൽ, വികൃതമാണെങ്കിൽ അതിനുത്തരവാദികൾ ഇന്നത്തെ കുടുംബങ്ങളും കുടുംബാംഗങ്ങളുമാണെന്ന തിരിച്ചറിവിലേയ്ക്ക് നമുക്ക് വളരാം. വേണ്ട മുൻകരുതലുകളെടുക്കാം.

നമ്മെയെടുത്ത് ഈശോയുടെ രൂപത്തിങ്കൽ ചെന്ന് നമ്മോട് അവൾ ചോദിച്ചു: മോനേ / മോളേ അതാരാ? ആരാത്? ഈശാപ്പാ. അവർ തന്നെ ഉത്തരവും പറഞ്ഞു. ആ ഉത്തരം ആവർത്തിച്ച് ഉരുവിടുവിച്ച് ഈശോയെ നമുക്ക് നമ്മുടെ മുതിർന്ന തലമുറ പരിചയപ്പെടുത്തിയതുപോലെ ഇന്ന് നാം ചെയ്യാറുണ്ടോ? ഈ രീതികളും ശൈലികളും ഇന്ന് നഷ്ടമായിക്കൊണ്ടിരിക്കുന്നുവെന്ന് ഏറെ വ്യസനകരമാണ്. ആധുനിക മാധ്യമങ്ങളുടെ അമിതോപയോഗവും അപരനെ പരിഗണിക്കാനുള്ള സമയക്കുറവും ദൈവദാനമായി നല്കിയിരിക്കുന്ന ജീവിതാന്തസ്സിന്റെ ദൗത്യങ്ങളോടുള്ള വിശ്വസ്തതയേക്കാളുപരി നാം നേടിയിരിക്കുന്ന തൊഴിലിന്റെ ഉത്തരവാദിത്വങ്ങളും ആനുകൂല്യങ്ങളും നേടാനുള്ള നെട്ടോട്ടത്തിനിടയിൽ പഴയ തലമുറ വിശ്വാസപരിശീലനകാര്യങ്ങളിൽ ചെലുത്തിയിരുന്ന ശ്രദ്ധയും താല്പര്യവും ജാഗ്രതയും പുതുതലമുറയ്ക്ക് കൈമോശം വന്നുവോയെന്ന് പരിശോധിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.



# ഒരു തേങ്ങൽ

**മായാ ഷാജി, അമയന്നൂർ**

കേൾക്കുന്നില്ലയോ ഒരു തേങ്ങൽ
അങ്ങ് കാൽവരിമലയിൽ നിന്നും
ജനിച്ച നാൾമുതൽ മാനവ നന്മയ്ക്കായി
ജീവിതം ഉഴിഞ്ഞുവെച്ചൊരു മനുജൻ
മനുജനോ ഇവൻ മനുജജന്മംപൂണ്ട
ദൈവപുത്രനോ എന്ന് തിരിച്ചറിയുന്നുവോ
മാനവകുലത്തിന്റെ പാപം കഴുകിടുവാനായി
മരക്കുരിശിൽ ചുടുചോര ചിന്തിയവൻ
സമസ്തലോകപാപവും മുൾക്കിരീടമായി
ശിരസ്സിലേന്തി സ്വജീവൻ ബലിനൽകിയവൻ
"പിതാവേ.... ഇവർ ചെയ്യുന്നതെന്തെന്ന്
ഇവർ അറിയുന്നില്ല, ഇവരോടു പൊറുക്കണമേ"
എന്ന് കരുണയോടെ അപേക്ഷിച്ചവൻ
നിലയ്ക്കുകയാണ് ജീവന്റെ അവസാന തുടിപ്പുകൾ
യാചിക്കുകയാണ് ഒരിറ്റുവെള്ളത്തിനായി
നാമോ നൽകുമവന് അഴുകിയ തുകലിൽ
ചീഞ്ഞഴുകിയ വെള്ളവും
പൊറുക്കുമോ.... ഇവൻ നമ്മോട് ....
പൊറുക്കുമോ ഇവനുടെ പിതാവാം ദൈവവും

കുടുംബത്തിലാരംഭിക്കുകയും തുടരുകയും ചെയ്യുന്ന വിശ്വാസജീവിതപരിശീലനത്തിന്റെ ശാസ്ത്രീയവും ക്രമബദ്ധവുമായ തലം മാത്രമാണ് ഇടവകകേന്ദ്രീകൃതമായി നടക്കുന്ന പരിശീലനപദ്ധതികൾ. വിശ്വാസജീവിത പരിശീലനത്തെ വൈദികരുടെയും സന്യസ്തരുടെയും മതാദ്ധ്യാപകരുടെയും മാത്രം ശുശ്രൂഷയും ഉത്തരവാദിത്വവുമായി കാണുന്ന മാതാപിതാക്കളുടെ എണ്ണം അത്ര കുറവാണെന്നു കരുതുന്നില്ല. പ്രബോധനപരവും പ്രവർത്തനാത്മകവും പ്രചോദനാത്മകവുമായ പരിശീലനം കുടുംബത്തിൽ ലഭിക്കാത്ത കുട്ടികൾക്ക് ഇടവകതലത്തിലുള്ള പ്രബോധനാത്മകവും ആഘോഷാത്മകവും പ്രായോഗികവുമായ പരിശീലനം നല്കിയാലും അതത്ര ഫലപ്രദമാകണമെന്നില്ല. അതുകൊണ്ടു തന്നെ വിശ്വാസജീവിതപരിശീലനം ഒരു കൂട്ടായ പ്രക്രിയയാണെന്ന തിരിച്ചറിവിലേയ്ക്ക് നാമെത്തേണ്ടിയിരിക്കുന്നു.

കുടുംബത്തിലെ വിശ്വാസജീവിതപരിശീലനത്തിനുള്ള ഉദാത്തമായൊരു ഉപകരണമാണ് കുടുംബപ്രാർത്ഥന. ഉഷസ്സിലും സായംസന്ധ്യയിലും കുടുംബം ഒരുമിച്ച് പ്രാർത്ഥിക്കുകയും പരസ്പരം സ്തുതി ചൊല്ലുകയും ചെയ്യുന്ന നല്ല പാരമ്പര്യം നമ്മുടെ കുടുംബങ്ങളിൽ നിന്ന് നഷ്ടമാകുന്നത് ദു:ഖത്തോടെയും ആകുലതയോടെയും മാത്രമേ കണ്ടു നില്ക്കാനാവൂ. മഹോന്നതമായ ഈ പാരമ്പര്യത്തെ എങ്ങനെ നമ്മുടെ കുടുംബങ്ങളുടെ പ്രാർത്ഥനാമുറികളിലേയ്ക്ക് തിരികെയെത്തിക്കാമെന്ന് അജപാലകരും ഇടവകസമൂഹം മുഴുവനും ഒന്നുചേർന്ന് ചിന്തിക്കുകയും ക്രിയാത്മകമായ കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

കുടുംബത്തിലുള്ളവരുടെ പ്രത്യേകിച്ച് മാതാപിതാക്കളുടെ കൂദാശ കേന്ദ്രീകൃതവും ദൈവവചനാധിഷ്ഠിതവുമായ ജീവിതം പുതുതലമുറയുടെ വിശ്വാസജീവിതപരിശീലനത്തിന് ഏറെ പ്രചോദനാത്മകമായ സംഗതിയാണ്. നമ്മുടെ വിശുദ്ധഗ്രന്ഥമായ വി. ബൈബിൾ ഒരാവർത്തിയെങ്കിലും പ്രാർത്ഥനാപൂർവ്വം വായിച്ചിട്ടുള്ള വിശ്വാസികളുടെ എണ്ണം അത്ര വലുതൊന്നുമല്ല. ഈ ലേഖനം വായിച്ച്, ജീവിതത്തിലൊരിക്കലെങ്കിലും അല്ല, ഈ അദ്ധ്യയനവർഷം തന്നെ (ജൂൺ-മെയ്) വിശുദ്ധ ബൈബിൾ മുഴുവൻ ഒരാവർത്തി പ്രാർത്ഥനാപൂർവ്വം വായിക്കണമെന്നും എന്റെ മാതാപിതാക്കളോട്/മക്കളോട്/കുടുംബാംഗങ്ങളോട് ഈയൊരു നിർദ്ദേശം നല്കുമെന്നും തീരുമാനിച്ചാൽ അതുതന്നെ കുടുംബതലത്തിലുള്ള വിശ്വാസജീവിതപരിശീലനത്തിനൊരു പുതിയ ചുവടുവയ്പ്പാകുമെന്നതിൽ തെല്ലും സംശയമില്ല. ഒപ്പം യോഗ്യതയോടെയുള്ള കൂദാശാസ്വീകരണങ്ങളും വിശ്വാസജീവിതപരിശീലനത്തിനുള്ള ഉത്തമമായ മാർഗ്ഗമാണ്. കൂദാശാകേന്ദ്രീകൃതമായ മാതൃകാജീവിതം നയിക്കുന്ന മാതാപിതാക്കൾ മക്കൾക്ക് വിശ്വാസജീവിതത്തിൽ ഒരു പ്രചോദനമാണെന്ന് എടുത്തുപറയേണ്ടതില്ലല്ലോ.

ചുരുക്കത്തിൽ, പ്രേഷിതയായ സഭയോടൊത്ത് ഗാർഹികസഭയിലെ അംഗങ്ങളായ നമുക്ക് ദൈവവചനാധിഷ്ഠിവും കൂദാശാകേന്ദ്രീകൃതവുമായ വിശ്വാസതീർത്ഥാടനം നടത്തി സഭയുടെ സുവിശേഷവത്കരണ ദൗത്യത്തിലും വിശ്വാസക്കൈമാറ്റ പ്രക്രിയയിലും ഭാഗഭാക്കുകളാകാം. കുടുംബമാണ് വിശ്വാസജീവിതപരിശീലനത്തിന്റെ ഈറ്റില്ലമെന്നും മാതാപിതാക്കളാണ് മക്കളുടെ പ്രഥമ വിശ്വാസജീവിതപരിശീലകരെന്നും നമുക്ക് മറക്കാതിരിക്കാം.

# പുണ്യശ്ലോകനായ മാർ തെയോഫിലോസ് പിതാവ്





ഫാ. സാമുവേൽ വിളയിൽ

ഇന്നിന് പ്രചോദനവും, നാളേയ്ക്ക് ഉത്തേജനമേകുവാനുള്ള വിളിയാണ് ഇന്നലെകളുടേത്. പുണ്യശ്ലോകനായ മാർ തെയോഫിലോസ് പിതാവിന്റെ ജീവിതം യുവതലമുറകൾക്ക് പ്രചോദനം ആകേണ്ടതാണ്.എന്നാൽ പിതാവിനെ സംബന്ധിച്ചുള്ള ചരിത്ര സംഭവങ്ങൾ അധികമൊന്നും എഴുതപ്പെടുകയോ പ്രസിദ്ധീകരിക്കപ്പെടുകയോ ഉണ്ടായിട്ടില്ല എന്നതാവാം ഒരു പരിധി വരെ ഇതിന് കാരണം. അസാധാരണമായ ദൈവകൃപ ലഭിച്ചിരുന്ന ഈ മഹാത്മാവിന്റെ ജീവിതഗുണങ്ങൾ മറ്റുള്ളവരോട് പ്രഘോഷിക്കുവാനും അത് ജീവിതത്തിൽ പ്രചോദനമായി സ്വീകരിക്കുവാനും മലങ്കര മക്കളായ നമ്മുക്കോരോരുത്തർക്കും കടമയുണ്ട്. ഈ മഹനീയ ജീവിതത്തിന് ഇന്ന് 125 വർഷങ്ങൾ തികയുന്നു.

യാക്കോബ് റമ്പാൻ ബഥനിയുടെ എപ്പിസ്കോപ്പയായി വാഴിക്കപ്പെട്ടപ്പോൾ നൽകപ്പെട്ട നാമമാണ് തെയോഫിലോസ്. തെയോഫിലോസ് എന്നാൽ 'ദൈവഭക്തൻ'. തെയോഫിലോസ് എന്ന നാമം 'തെയോ', 'ഫിലോസ്' എന്നീ രണ്ടു വാക്കുകളിൽ നിന്നാണ് ആവിർഭവിച്ചിരിക്കുന്നത് (Theo means God and Philo means love). അന്ത്യോക്യായിലെ വി. തെയോഫിലോസാണ് പിതാവിന്റെ നാമഹേതുകൻ. തെയോഫിലോസ് തന്റെ ജന്മദേശമായ അന്ത്യോക്യായിൽ പ്രസിദ്ധനും ബഹുമാന്യനുമായിരുന്നു. വി. ലൂക്കോസ് എഴുതിയ സുവിശേഷവും അപ്പ:പ്രവർത്തനങ്ങളും ആരംഭിക്കുന്നത് 'ശ്രേഷ്ഠനായ തെയോഫിലോസ്' എന്ന് സംബോധന ചെയ്തുകൊണ്ടാണ്. ബഥനിയിലെ ഗുരുവായിരുന്ന യാക്കോബച്ചൻ ദൈവഭക്തിയിലും പുണ്യജീവിതത്തിലും അന്ത്യോക്യായിലെ തെയോഫിലോസിനെപ്പോലെ സർവ്വസമ്മതനും ബഹുമാന്യനുമായിരുന്നു.

മോശയ്ക്ക് അഹറോനെപ്പോലെ, കുരിശിന്റെ വി. യോഹന്നാന് അമ്മത്രേസ്യായെപ്പോലെ, ഫ്രാൻസിസിന് ക്ലാരയെപ്പോലെ, ദൈവദാസൻ മാർ ഈവാനി

യോസ് വലിയ മെത്രാപ്പോലീത്തായുടെ നാമം എവിടെയെല്ലാം അനുസ്മരിക്കപ്പെടുന്നുവോ അവിടെയെല്ലാം അദ്ദേഹത്തിന് താങ്ങായി ദൈവം നിയോഗിച്ച യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ നാമവും അനുസ്മരിക്കപ്പെടും.

മലങ്കരയിലെ അന്തഃഛിദ്ര കാലമായിരുന്ന ഇരുപതുകളിൽ ശംഖനാദമുയർത്തിയ ബഥനി പ്രസ്ഥാനത്തിന്റെ ഗുരുവായിരുന്ന യാക്കോബച്ചൻ ആരാധനാനുഷ്ഠാനത്തിന് ശക്തമായ നേതൃത്വം നൽകി. ഇമ്പമുള്ള സ്വരവും, ആരാധനയിലുള്ള സജീവസാന്നിധ്യവും ജനങ്ങൾക്ക് സ്വർഗ്ഗീയാനുഭൂതി നൽകി.

ജനങ്ങൾ ഏറ്റവുമധികം ബഥനിയിലേക്ക് ആകർഷിക്കപ്പെട്ടിരുന്നത് ഹാശാ ആഴ്ചയിലാണ്. ആരാധനക്രമത്തിലുള്ള ജനപങ്കാളിത്തത്തെ മനസ്സിലാക്കി അതുവരെ സുറിയാനിയിൽ നടത്തിയിരുന്ന ഹാശാഗാനങ്ങൾ സാധാരണക്കാർക്കുപോലും മനസ്സിലാകുന്ന രീതിയിൽ മലയാളത്തിലേക്ക് തർജ്ജിമ ചെയ്തത് അഭിവന്ദ്യ പിതാവാണ്. സുറിയാനിയിൽ നിന്നും മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ആദ്യ മലങ്കര ആരാധനാപുസ്തകമാണ് ഹാശാഗാനങ്ങൾ. ഇതിന്റെ പരിഷ്കരിച്ച പതിപ്പാണ് നാം ഇന്നും ഉപയോഗിക്കുന്നത്.

ഇടയലേഖനങ്ങളിലൂടെ നല്ല ഇടയനായ മാർ തെയോഫിലോസ് പിതാവ് ജീവിതവിശുദ്ധിയെപ്പറ്റിയും ആരാധനാജീവിതത്തെപ്പറ്റിയുമുള്ള തന്റെ കാഴ്ചപ്പാട് വ്യക്തമാക്കുന്നു. 1931 സെപ്തംബർ 28 –ന് വന്ദ്യതാതൻ പുറപ്പെടുവിച്ച വൈദികർക്കായുള്ള ഇടയലേഖനങ്ങളിൽ ഇപ്രകാരം നാം വായിക്കുന്നു. "വൈദികരായ നാം നമ്മുടെ കർത്താവിന്റെ പ്രതിപുരുഷന്മാരും അവിടുത്തേക്കു വേണ്ടിയുള്ളവരും അവിടുത്തോട് അനുരൂപപ്പെട്ടുകൊണ്ട് അവിടുത്തെ ആദർശങ്ങൾ ജനങ്ങളെ പഠിപ്പിക്കേണ്ടവരുമത്രെ. ഒന്നാമത് നിങ്ങളിൽ തന്നെ ജീവിതവിശുദ്ധി വരുത്താൻ പ്രത്യേകം ശ്രദ്ധിക്കണം. അന്യരെ വിശുദ്ധിയിലും സുകൃതത്തിലും അഭ്യസിപ്പിക്കേണ്ടവരായ നിങ്ങൾ സ്വയം ശുദ്ധീകരിച്ച് പരിപൂർണ്ണതയ്ക്കായി പരിശ്രമിക്കാതിരിക്കുന്ന പക്ഷം നിങ്ങളുടെ പ്രവർത്തി കുരുടൻ കുരുടനെ വഴികാട്ടുന്നതുപോലെ വ്യർത്ഥവും നാശകരവും ആയിത്തീരുമല്ലോ."

മലങ്കരസഭയിൽ ദൈവമാതൃഭക്തി ഉണർത്തുന്നതിനായി മർത്തമറിയം സംഘം എന്ന ഒരു സംഘടനയ്ക്ക് അദ്ദേഹം രൂപം നൽകി. ദൈവമാതാവിനോടുള്ള ഭക്തിയിൽ ഇന്നും ഈ സംഘടന സജീവമായി പ്രവർത്തിക്കുന്നു.ഈട്ടിയിൽ പണിതെടുത്ത അംശവടിയായിരുന്നു തെയോഫിലോസ് പിതാവ് ഉപയോഗിച്ചിരുന്നത്. "കറുത്തവളെങ്കിലും അഴകുള്ളവൾ" എന്ന് ഉത്തമഗീതത്തിൽ പറയുന്നതുപോലെ സ്വർണ്ണത്തെപ്പോലെ ഈട്ടിത്തടിയും ദൈവാരാധനയ്ക്ക് യോഗ്യമാണ് എന്ന സത്യമായിരിക്കണം ഇങ്ങനെ ഒരു വടി പണിയിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ആദ്ധ്യാത്മിക കാര്യങ്ങളിലുള്ള പിതാവിന്റെ ദീർഘവീക്ഷണം ഇവിടെയും പ്രകടമാണ്.

തിരുവല്ലാ രൂപതയെ സംബന്ധിച്ചിടത്തോളം തെയോഫിലോസ് പിതാവ് ആടുകൾക്കുവേണ്ടി ജീവനർപ്പിച്ച ഇടയനായിരുന്നു. വി. പൗലോസ് ശ്ലീഹാ പറയുന്ന സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, കാരുണ്യം, നന്മ, വിശ്വാസം, സൗമ്യത, ആത്മസംയമനം ഇവയെല്ലാമാണ് ആത്മാവിന്റെ ഫലങ്ങൾ. ഈ ഗുണങ്ങളെല്ലാം തെയോഫിലോസ് പിതാവിന്റെ ജീവിതത്തിൽ തിളങ്ങി ശോഭിച്ചിരുന്നു. തന്റെ കണ്ണീരോടുകൂടിയ പ്രാർത്ഥന ദൈവം ശ്രവിച്ചുവെന്നതിന്റെ വലിയ അടയാളമാണ് രൂപതയുടെ ഇന്നത്തെ വളർച്ചയിൽ നാം കാണുന്നത്. അഭിവന്ദ്യ പിതാവ് കണ്ണീരോടുകൂടി പ്രാർത്ഥിച്ച ചെറുപുഷ്പഗിരി അരമന ഇന്ന്, മലങ്കര കത്തോലിക്കാ സഭയുടെ പ്രധാന സ്ഥാപനമായ പുഷ്പഗിരി മെഡിക്കൽ കോളജായി മാറിയിരിക്കുന്നു. ശാന്തനും സൗമ്യനുമായ സന്യാസി, തികഞ്ഞ പ്രാർത്ഥനാ ജീവിതത്തിന്റെ ഉടമ എന്നീ നിലകളിൽ മഹത്തായ ജീവിതമാതൃകയിലൂടെ തിരുവല്ലാ രൂപതയുടെ ആദ്ധ്യാത്മിക അടിത്തറ ഉറപ്പിച്ച നല്ല ഇടയനാണ് അഭിവന്ദ്യ തെയോ



ഫിലോസ് തിരുമേനി. ഇടയൻ അജഗണങ്ങൾ എന്നീ രീതിയിലുള്ള നല്ലൊരു ബന്ധം പിതാവിന് നാട്ടുകാരോടും ഇടവകജനങ്ങളോടും ഉണ്ടായിരുന്നു. ചാപ്പലിൽ നിൽക്കുന്നതിന് ഒരു അടുക്കും ചിട്ടയും ഉണ്ടാക്കി, യുവതീയുവാക്കന്മാരെ സംഘടിപ്പിച്ച് ഒരു ഗായകസംഘം രൂപപ്പെടുത്തി. ആരാധനയിലുള്ള ഉണർവ്വുകൊണ്ട് ഇടവകപള്ളി അല്ലാതിരുന്നിട്ടും ബഥനിപള്ളിയിൽ ധാരാളം ഭക്തജനങ്ങൾ തടിച്ചുകൂടുമായിരുന്നു. അദ്ദേഹത്തിന്റെ എല്ലാ സേവനങ്ങൾക്കു പിന്നിലും അദ്ദേഹത്തിന് കൈമുതലായിട്ടുള്ളത് പരിത്യാഗവും ദൈവത്തിന്റെ പരിപാലനയിലുള്ള അചഞ്ചലമായ വിശ്വാസവും പരിപൂർണമായ പ്രതീക്ഷയുമായിരുന്നു.

അദ്ദേഹത്തെ അടുത്തറിഞ്ഞിട്ടുള്ളവരും പാശ്ചാത്യപര്യടനത്തിൽ പരിചയപ്പെട്ടവരും തിരുമേനി 'പരിശുദ്ധൻ' ആണെന്നും 'മാലാഖയ്ക്ക് സദൃശ്യനായ മനുഷ്യൻ' എന്നും പിതാവിനെപ്പറ്റി പറഞ്ഞിരുന്നു.

(ശേഷം പേജ് 31)

# ഇടവക സമൂഹവും വിശ്വാസപരിശീലനവും



റവ. മോൺ. ആന്റണി ചെത്തിപ്പുഴ

ശാസ്ത്ര സാങ്കേതിക രംഗത്തും വിവരസാങ്കേതിക രംഗത്തും വന്നുകൊണ്ടിരിക്കുന്ന അഭൂതപൂർവ്വമായ വളർച്ച ഇന്ന് ലോകത്തിൽ വളരെയധികം മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു. വിവിധ സംസ്കാരങ്ങളും പൈതൃകങ്ങളുമെല്ലാം ഒരു ലോകസംസ്കാരത്തിനു തന്നെ വഴിമാറിക്കൊടുത്തുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ കാഴ്ചപ്പാടുകൾക്കും മനോഭാവങ്ങൾക്കും മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ വിശ്വാസ തകർച്ചയും വിശ്വാസ പതർച്ചയും സംഭവിക്കാൻ സാദ്ധ്യതകളേറെയുണ്ട്. ഓരോ മതവും മതാനുയായികളെ മതാനുഭാവത്തിലേക്ക് നയിക്കേണ്ടിയിരിക്കുന്നു. മതബോധനത്തിന്റെ പ്രസക്തിയും പ്രാധാന്യവും ഏറുന്നത് ഈ സാഹചര്യത്തിലാണ്.

**ക്രിസ്തീയ ഭവനം വിശ്വാസത്തിന്റെ പിള്ളത്തൊട്ടിലും വിശ്വാസ പരിശീലനത്തിന് അടിത്തറ പാകുന്ന ഇടവുമാണ്. വിശ്വാസത്തിന്റെ ആദ്യപാഠങ്ങളും പ്രാർത്ഥനകളും ജീവിക്കേണ്ടതെങ്ങനെയെന്നും പഠിക്കുന്നത് കുടുംബത്തിൽ നിന്നാകയാൽ വിശ്വാസപരിശീലനത്തിന്റെ പ്രാഥമിക വിദ്യാലയമാണ് കുടുംബം.**

## എന്താണ് മതബോധനം

വചനമാകുന്ന ക്രിസ്തുവിനെ അടുത്തറിഞ്ഞനുഭവിക്കുവാൻ ക്രൈസ്തവരെ പ്രാപ്തരാക്കുന്ന സഭാശുശ്രൂഷയാണ് മതബോധനം. വിശ്വാസരൂപീകരണവും അതിലൂടെ ക്രിസ്തുവിനനുരൂപപ്പെട്ടവരായി വ്യക്തികളെയും സമൂഹത്തെയും മാറ്റുകയാണ് മതബോധനത്തിന്റെ ലക്ഷ്യം. അടുത്തകാലം വരെ മതത്തിന്റെ അടിസ്ഥാന തത്വങ്ങളുടെ അഭ്യസനമായിട്ടാണ് മതബോധനത്തെ കണ്ടിരുന്നത്. ജോൺ പോൾ രണ്ടാമൻ മാർപാപ്പ വിശ്വാസ പരിശീലനമായിട്ടാണ് മതബോധനത്തെ വിശേഷിപ്പിക്കുന്നത്. വചനത്തിന്റെ കൈമാറ്റം, വിശ്വാസപരിശീലനം എന്നൊക്കെ പറയാറുണ്ടെങ്കിലും മതബോധന പ്രക്രിയയെ പലരും താത്വികമായ ഒരു പഠനമായിട്ടോ കുട്ടി



കൾക്ക് മാത്രം നൽകുന്ന പരിശീലനമായിട്ടോ ആണ് മനസ്സിലാക്കുന്നത്. മറ്റു ചിലരെ സംബന്ധിച്ച് വേദ പഠനമെന്നാൽ വേദപാഠപുസ്തകമാണ് അഥവാ പുസ്തകത്തെ അധികരിച്ചുള്ള എന്തോ പഠനമാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള ഒരു താത്വിക പഠനമെന്നതിനെക്കാളുപരിയായി ഒരു വ്യക്തിയിൽ ക്രിസ്തു രൂപമെടുക്കുന്നതിനു സഹായിക്കുകയാണ് മതബോധനം.

## മതബോധനത്തിന്റെ ആവശ്യകത?

മതബോധനം സഭയുടെ ദൗത്യമാണ്. സുവിശേഷവത്കരണത്തിന്റെ (evangelization) ഭാഗമായ ജ്ഞാനസ്നാനം സ്വീകരിച്ച് വിശ്വാസികളെ പക്വമായ വിശ്വാസത്തിൽ വളർത്തുക എന്ന വലിയ ദൗത്യമാണ് മതബോധനം ഏറ്റെടുക്കുന്നത്.

മതബോധനം പ്രഥമവും പ്രധാനവുമായി വചനത്തിന്റെ ശുശ്രൂഷയാണ്. വചനം കൈമാറലാണ്. സുവിശേഷ പ്രഘോഷണത്തിലൂടെയും ആരാധനാക്രമത്തിലൂടെയും ദൈവശാസ്ത്രത്തിലൂടെയും മറ്റും സഭയിൽ വചനത്തിന്റെ ഈ കൈമാറൽ പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നു. എല്ലാ പ്രവർത്തനങ്ങളിലൂടെയും വിശ്വാസ വളർച്ച സാധിതമാകുംവിധം ദൈവവചനം വിശ്വാസികൾക്ക് നൽകുവാൻ സഭ ഉത്സാഹിക്കുന്നു.

## കുടുംബവും വിശ്വാസപരിശീലനവും

വിശ്വാസപരിശീലനത്തിന്റെ പ്രഥമവേദിയാണ് കുടുംബം. കുടുംബത്തിലെ മതാദ്ധ്യാപകർ മാതാപിതാക്കളാണ്. മക്കൾക്ക് ആദ്യമായി വിശ്വാസം പങ്കുവയ്ക്കുന്നത് മാതാപിതാക്കളാണ്. ക്രിസ്തീയ ഭവനം വിശ്വാസത്തിന്റെ പിള്ളത്തൊട്ടിലും വിശ്വാസപരിശീലനത്തിന് അടിത്തറ പാകുന്ന ഇടവുമാണ്. വിശ്വാസത്തിന്റെ ആദ്യപാഠങ്ങളും പ്രാർത്ഥനകളും ജീവിക്കേണ്ടതെങ്ങനെയെന്നും പഠിക്കുന്നത് കുടുംബത്തിൽ നിന്നാകയാൽ വിശ്വാസപരിശീലനത്തിന്റെ പ്രാഥമിക വിദ്യാലയമാണ് കുടുംബം. വിശ്വാസത്തിലുള്ള പരിശീലനം കുഞ്ഞുങ്ങളുടെ കുരുന്നുപ്രായത്തിൽ തന്നെ ആരംഭിക്കണമെന്ന് രണ്ടാം വത്തിക്കാൻ സുന്നഹദോസ് ആവശ്യപ്പെടുന്നു (ക്രിസ്തീയ വിദ്യാഭ്യാസം).

കുടുംബത്തിലെ അംഗങ്ങൾ വാക്കുകളേക്കാളുപരി തങ്ങളുടെ ജീവിത മാതൃക വഴിയാണ് പരസ്പരം വിശ്വാസചൈതന്യം പകരുന്നത് (മതബോധനം 68). മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങൾക്കു നൽകുന്ന വിശ്വാസ പരിശീലനം കുടുംബമതബോധനമെന്നാണ് അറിയപ്പെടുന്നത് (മനുഷ്യരക്ഷകൻ 19). ജ്ഞാനസ്നാനത്തിലൂടെ ലഭിച്ചത്, വിശ്വാസം തളിരിടുന്നതും, പക്വത പ്രാപിക്കുന്നതും കുടുംബങ്ങളിലാണ്. കുടുംബമതബോധനം മറ്റു വേദികളിലെ പരിശീലനത്തിന് മുമ്പേ പോകുകയും അതിന്റെ കൂടെ ചരിക്കുകയും അതിനെ സമ്പന്നമാക്കുകയും ചെയ്യും (മതബോധനം ഇന്ന് -68). മാതാപിതാക്കളും മക്കളും ഒരുമിച്ചുള്ള കുടുംബപ്രാർത്ഥന, വേദപുസ്തക വായന, കൂദാശകളുടെ സ്വീകരണം, വിശുദ്ധദിനങ്ങളുടെ ആചരണം, നോമ്പാചരണങ്ങൾ ഇവയെല്ലാം സഭയോടൊത്ത് കുടുംബത്തിലും നിർവ്വഹിക്കപ്പെടണം. മാധ്യമങ്ങളുടെ അതിപ്രസരവും വിദ്യാഭ്യാസത്തിന്റെ അധികഭാരവും അമിത താല്പര്യവും വിശ്വാസപരിശീലനത്തിനു തടസ്സമായി നിൽക്കരുത്. മാതാപിതാക്കളെയും മുതിർന്നവരെയും ബഹുമാനിക്കുക, ദൈവത്തെ സ്നേഹിക്കുവാൻ പഠിക്കുക എന്നിവയ്ക്കു മങ്ങലേൽക്കരുത്. വിശ്വാസത്തിന്റെ കാവൽ മാലാഖമാരായും മാതൃകയായും മാതാപിതാക്കൾ വർത്തിച്ചാൽ മാത്രമേ കുടുംബത്തിൽ ശരിയായി വിശ്വാസരൂപീകരണം നടക്കുകയുള്ളൂ.



## ഇടവകയും വിശ്വാസപരിശീലനവും

കുടുംബത്തിൽ തുടങ്ങിവയ്ക്കുന്ന വിശ്വാസരൂപീകരണം പരിപോഷിപ്പിക്കപ്പെടുന്ന വേദിയാണ് ഇടവക. കുടുംബം കഴിഞ്ഞാൽ മതബോധനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഇടവും ഇടവകയാണ്. ക്രൈസ്തവ ജീവിതം ആരംഭിക്കുന്നതും തളിരിടുന്നതും വളർന്നു വികസിക്കുന്നതും ഇടവകയിലാണ്. ദൈവത്തിൽ വിശ്വസിക്കുന്നവരുടെ സമൂഹമാണ് ഇടവക. ആയതിനാൽ ഇടവക സമൂഹം ദൈവജനമാണ്. ദൈവവചനം പ്രഘോഷിക്കപ്പെടുകയും അഭ്യസിപ്പിക്കുകയും തിരുവചനത്തിനു സാക്ഷ്യം വഹിക്കുകയും ചെയ്യുന്ന സമൂഹമാണ് ഇടവക. വിശ്വാസ പരിശീലനപരിപോഷണ വേദിയാണ് ഇടവക. വിശ്വസിക്കുക, വിശ്വസിക്കുന്നവ ആരാധിക്കുക, ആരാധിക്കുന്നവ പ്രാവർത്തികമാക്കുക, പ്രാർത്ഥനയിലൂടെ ദൈവമനുഷ്യ സ്നേഹബന്ധം വളർത്തിയെടുക്കുക ഇവയെല്ലാം സാധിക്കുന്നത് ഇടവകയിലാണ്. ആരാധനക്രമവത്സരത്തിലൂടെ, കൂദാശകളി

ലൂടെ, വചനപ്രഘോഷണങ്ങളിലൂടെ, വാർഷിക ധ്യാനങ്ങളിലൂടെ, കുടുംബകൂട്ടായ്മയിലൂടെ, മതബോധന ക്ലാസ്സുകളിലൂടെയെല്ലാം വിശ്വാസപരിശീലനവും പരിപോഷണവും സാധിക്കണം.

വിശ്വാസ പരിശീലനത്തിനും പരിപോഷണത്തിനും ഊന്നൽ നൽകിക്കൊണ്ടായിരിക്കണം ഇടവകയുടെ പ്രവർത്തനങ്ങൾ നടത്തേണ്ടത്. കുട്ടികളുടെയും യുവജനങ്ങളുടെയും വിശ്വാസപരിശീലനത്തിൽ പ്രത്യേക ശ്രദ്ധയുണ്ടായിരിക്കണം. യേശുവിന്റെ തുടർച്ചയായ സഭയുടെ ചെറിയ പതിപ്പായ ഇടവക ശക്തമാകുന്നത് ചൈതന്യവത്തായ വിശ്വാസപരിശീലനത്തിൽ വളരുമ്പോഴാണ്. അടിയുറച്ച വിശ്വാസ ജീവിതമാണ് വിശ്വാസത്തിൽ നിന്നുളവാകുന്ന പ്രവർത്തനശൈലിക്ക് രൂപം കൊടുക്കുക. ഇടവകവിശ്വാസം സ്നേഹപ്രവർത്തികൾവഴി നാടിനും സമൂഹത്തിനും സാക്ഷ്യം നൽകണം. സുവിശേഷവത്കരണത്തിലുള്ള സജീവവേദിയും ഉപകരണവുമായി ഇടവക മാറണം. കൂദാശകളുടെ പരികർമ്മം മതബോധനത്തിനുവേണ്ടിയുള്ള അവസരമാക്കിത്തീർക്കണം. കുടുംബ കൂട്ടായ്മകളിലൂടെ വിശ്വാസപരിശീലനം തുടരാൻ സാധിക്കും.


## വിശ്വാസത്തിൽ ഉറച്ച ജീവിതം

വിശ്വാസ പരിശീലന പോഷണത്തിലൂടെ വിശ്വാസത്തിൽ ഉറച്ച ഒരു ജീവിത ശൈലിക്ക് രൂപം നൽകണം. വിശ്വാസപരിശീലനത്തിലൂടെ ലഭിച്ചതും അനുഭവിച്ചതുമായ കാര്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുക വളരെ പ്രധാനപ്പെട്ടതാണ്. വിശ്വാസവും ജീവിതവും തമ്മിൽ പൊരുത്തം ഉണ്ടാകണമെന്നർത്ഥം. ഭൗതിക ജീവിതവും ആദ്ധ്യാത്മിക ജീവിതവും തമ്മിൽ സമന്വയിപ്പിച്ചുകൊണ്ടുള്ള ജീവിതശൈലി ഉരുത്തിരിയണം. മതബോധനക്ലാസ്സുകൊണ്ടവസാനിക്കുന്നതാകരുത് വിശ്വാസ പരിശീലനം. ഇടവകയും കുടുംബവും ഒന്നിച്ചു പ്രവർത്തിക്കുമ്പോൾ മാതാപിതാക്കളും അദ്ധ്യാപകരും വൈദികരും സമർപ്പിതരും കുട്ടികളും യുവജനങ്ങളും എല്ലാം ഒരേ ലക്ഷ്യത്തോടുകൂടി മുന്നേറുമ്പോൾ ഇളം തലമുറയ്ക്ക് പാറമേൽ ഭവനം പണിയുവാൻ അത് ഇടയാകും. അധാർമ്മികതയോ മൂല്യച്യുതിയോ വിശ്വാസരാഹിത്യമോ മറ്റുതരത്തിലുള്ള വെല്ലുവിളികളോ ഇളം തലമുറയെ വീഴ്ത്തുകയില്ല, തളർത്തുകയില്ല.

ഒരു ബാലൻ പട്ടണത്തിൽ പോയി. തിരക്കിൽപ്പെട്ട് വഴിതെറ്റി പോയപ്പോൾ യാത്രക്കാർ ബാലനെ പോലീസുകാരെ ഏല്പിച്ചു. സ്ഥലമറിയാമായിരുന്ന പോലീസുകാരിലൊരാൾ ചോദിച്ചു, മോനേ, പള്ളിയുടെ മുൻഭാഗത്തുള്ള കുരിശിന്റെയടുക്കൽ നിന്നെങ്ങോട്ടാണ് പോകേണ്ടത്? ബാലന്റെ മറുപടി ഇതായിരുന്നു: “കുരിശിന്റെ ചുവട്ടിൽ എത്തിച്ചാൽ മതി. പിന്നെ ഞാൻ പൊയ്ക്കൊള്ളാം.” ഇന്ന് നമ്മുടെ കുട്ടികൾക്കും യുവജനങ്ങൾക്കും വിശ്വാസപരിശീലകരിൽ നിന്നും ലഭിക്കേണ്ടതും ഇതുതന്നെയാണ്. കുരിശോളമെത്തുന്നതും വഴിയും സത്യവും ജീവനുമായ ക്രിസ്തുവിനെ കണ്ടെത്തുന്ന വിശ്വാസരൂപീകരണത്തിന്, വിശ്വാസ പരിപോഷണത്തിൽ വിശ്വാസ സ്ഥിരീകരണത്തിന്, ഇടവക സമൂഹങ്ങൾക്ക് ഇടയാകട്ടെ!

---

### ഹൃദ്യമായ നന്ദി



**ഐക്യദീപം മാസികയുടെ സർക്കുലേഷൻ മാനേജരായി സേവനം അനുഷ്ഠിച്ച ബഹു. ബ്രദർ. വർഗീസ് കണ്ടത്തിലിന് ഐക്യദീപം കുടുംബത്തിന്റെ ഹൃദ്യമായ നന്ദി.**

---

### വിവാഹ ഒരുക്ക സെമിനാർ 2015

**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**
**ഫോൺ 0469-2603968, 9446270259, 9895556074**

**തീയതി: ജൂൺ 9, 10,11 – 23, 24, 25**
**ജൂലൈ 7, 8, 9– 21, 22, 23**


**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 750 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.

സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാനം ശിശുക്കളുടെയുള്ളിലാണ് രൂപപ്പെട്ടുവരികയെന്ന ചിന്തയാണ് നാം മനസ്സിലാക്കേണ്ടത്. സണ്ടേസ്കൂൾ വിദ്യാഭ്യാസം അർത്ഥവത്തായി ലഭിക്കുന്ന കുട്ടികൾ ജീവിതത്തിൽ മറ്റുള്ളവരിൽനിന്നും വ്യത്യസ്ഥരായി പ്രവർത്തിക്കുന്നു എന്ന സത്യവും ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്.




# സൺഡേസ്കൂൾ വിദ്യാഭ്യാസം: വെല്ലുവിളികളും സാദ്ധ്യതകളും



**ഫാ. ഡോ. റെജി മാത്യു**
ഡയറക്ടർ ജനറൽ, OSSAE

സമൂഹത്തിലെ എല്ലാ പ്രസ്ഥാനങ്ങളെയും പോലെ സണ്ടേസ്കൂൾ പ്രസ്ഥാനവും വലിയ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിന് സാമൂഹികവും സഭാപരവുമായ കാരണങ്ങൾ കണ്ടെത്തുവാൻ നമുക്ക് സാധിക്കും. ഓർത്തഡോക്സ് സഭയുടെ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ ബാഹ്യകേരളാ റീജിയൻ ഡയറക്ടറായി (Outside Kerala Region) ഒരു പതിറ്റാണ്ടുകാലത്തെ അനുഭവങ്ങളുടെയും പരിചയത്തിന്റെയും ബലത്തിലാണ് ഈ ലേഖകൻ ഈ വിഷയത്തെ സമീപിക്കുന്നത്. ഇതിൽ പറയുന്ന വെല്ലുവിളികളെയെല്ലാം സാമാന്യവത്കരിച്ച് എല്ലാ സഭകളുടെയും സണ്ടേസ്കൂളുകൾ അങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്ന് കരുതുന്നില്ല; എന്നാൽ പൊതുവായി ചില യാഥാർത്ഥ്യങ്ങൾ നാം തുറന്ന മനസ്സോടെ നേരിടേണ്ടതുണ്ട് എന്നു മാത്രമാണ് എന്റെ അപേക്ഷ. ഒരു സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാനം ശിശുക്കളുടെയുള്ളിലാണ് രൂപപ്പെട്ടുവരികയെന്ന ചിന്തയാണ് നാം മനസ്സിലാക്കേണ്ടത്. സണ്ടേസ്കൂൾ വിദ്യാഭ്യാസം അർത്ഥവത്തായി ലഭിക്കുന്ന കുട്ടികൾ ജീവിതത്തിൽ മറ്റുള്ളവരിൽനിന്നും വ്യത്യസ്തരായി പ്രവർത്തിക്കുന്നു എന്ന സത്യവും ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്. നമ്മുടെ വിഷയത്തെ രണ്ടു വിഭാഗങ്ങളിലായി തരംതിരിച്ച് പഠിക്കാൻ ശ്രമിക്കാം.

## 1. സണ്ടേസ്കൂൾ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ

ഒരു സണ്ടേസ്കൂൾ അദ്ധ്യാപകൻ പ്രധാനമായും അറിഞ്ഞിരിക്കേണ്ടത് തന്റെ മുൻപിലിരിക്കുന്ന വിദ്യാർത്ഥിനി-വിദ്യാർത്ഥികളെ എന്തു

പഠിപ്പിക്കാനാണ് താൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് എന്നാണ്. സെക്കുലർ വിദ്യാഭ്യാസരംഗത്തെ പലകാര്യങ്ങളും സണ്ടേസ്കൂൾ കരിക്കുലത്തിലും (curriculum) ബോധനരീതികളിലും (teaching methods) മൂല്യനിർണ്ണയ രംഗത്തും (evaluation: examinations, competition etc.) സമ്മാനങ്ങൾ നൽകുന്നതിലും (awards) നാം സ്വീകരിച്ചിട്ടുണ്ടെങ്കിലും സണ്ടേസ്കൂളിന്റെ അടിസ്ഥാന ലക്ഷ്യങ്ങളെ ഇവയിൽ എത്രമാത്രം ഉൾക്കൊണ്ടിട്ടുണ്ട് എന്നതാണ് ഇന്നത്തെ പ്രധാന പ്രശ്നം. അതുകൊണ്ട് എന്തൊക്കെയാണ് സണ്ടേസ്കൂളിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ (objectives) എന്ന് നമുക്ക് പരിശോധിക്കാം. അവ താഴെപ്പറയുന്നവയാണ്.

**a) ക്രിസ്തു കേന്ദ്രീകൃതമായ ജീവിതം:**

പത്തോ പന്ത്രണ്ടോ ക്ലാസ്സ് പഠിച്ചിറങ്ങുന്ന ഒരു കുട്ടിയുടെ ഹൃദയത്തിൽ ക്രിസ്തുവിന് എന്തു സ്ഥാനം ലഭിക്കുന്നുവെന്നതാണ് പരമപ്രധാനമായ സംഗതി. കരുണാമയനായ ദൈവമാണ് ഈ പ്രപഞ്ചത്തിന്റെയൊക്കെയും സൃഷ്ടാവെന്നും പാപം നിറഞ്ഞ ലോകത്തെ വീണ്ടെടുക്കുവാനായി താൻ തന്റെ ഏകജാതനെ ലോകത്തിലേക്കയയ്ക്കുകയും അദ്ദേഹം ഒരു സാധാരണ മനുഷ്യനായി ജീവിച്ച്, കുരിശിൽ മരിച്ച്, ഉയിർത്തെഴുന്നേറ്റവനാണെന്നും പരിശുദ്ധാത്മാവിനാലാണ് നാം നയിക്കപ്പെടുന്നതെന്നുമുള്ള സത്യങ്ങൾ ഒരു കുട്ടിയുടെ ഹൃദയത്തിൽ ആഴത്തിൽ പതിയേണ്ടതായിട്ടുണ്ട്. നമ്മുടെ പാഠങ്ങൾ കേവലം കേവലം വസ്തുതകളുടെ കുമ്പസാരങ്ങളായിത്തീരാതെ ഇപ്പറഞ്ഞ യാഥാർത്ഥ്യങ്ങളെ ചൂണ്ടിക്കാട്ടുന്നവയായിത്തീരണം. ഇവയെ പഠിപ്പിക്കുന്ന അദ്ധ്യാപകൻ /അദ്ധ്യാപിക തന്നെയാണ് ഈ കാര്യങ്ങളിൽ കുട്ടിയുടെ വലിയ പ്രചോദനമായി മാറേണ്ടത്. അദ്ധ്യാപകന്റെ ദൈവവിശ്വാസവും ഭക്തിനിറഞ്ഞ ജീവിതവുമായിരിക്കും കൊച്ചുകുഞ്ഞുങ്ങളുടെ ഹൃദയത്തിൽ പാഠങ്ങളിൽ പറഞ്ഞ കാര്യങ്ങളെക്കാൾ വേഗത്തിൽ പതിയുന്നത്. കുട്ടിയുടെ ജീവിതം ക്രിസ്തുകേന്ദ്രീകൃതമായിത്തീർന്നാൽ അദ്ധ്യാപനം വിജയിച്ചുവെന്നും പറയുവാൻ സാധിക്കും.

**b) വേദപുസ്തക പഠനം:**

സണ്ടേസ്കൂളുകളെ നാം സാധാരണയായി 'വേദപഠന ക്ലാസ്സുകൾ' എന്നാണല്ലോ വിളിക്കുന്നത്. അതുകൊണ്ട് സണ്ടേസ്കൂൾ ക്ലാസ്സുകളിൽ മറ്റെന്തിനെക്കാളുമുപരി പഠിപ്പിക്കേണ്ടത് വേദപുസ്തകം തന്നെയാണ്. ഇടക്കാലഗ്രന്ഥങ്ങൾ (Inter-Testamental Books) ഉൾപ്പെടെയുള്ള വേദഭാഗങ്ങൾ ലഘുവായും, സാധാരണ മനുഷ്യന്റെ ഭാഷയിലും കഥാരൂപത്തിലും പഠിപ്പിച്ചാൽ സണ്ടേസ്കൂൾ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥി തന്റെ ജീവിതം മുഴുവൻ തന്നെ പ്രചോദിപ്പിക്കുന്ന ഗ്രന്ഥമായി വേദപുസ്തകത്തെ കരുതുകയും ഊണിലും ഉറക്കത്തിലും വേദപുസ്തക സംഭവങ്ങൾ അവന് ധൈര്യവും പ്രത്യാശയും നൽകുകയും ചെയ്യും.

**c) വിശ്വാസപാരമ്പര്യത്തിലുള്ള വളർച്ച:**

സണ്ടേ സ്കൂളുകളിൽ കൂടിയാണ് നാം നമ്മുടെ സഭയുടെ വിശ്വാസപാരമ്പര്യം 'തലമുറ തലമുറ കൈമാറി'ക്കൊണ്ടിരിക്കുന്നത്. ക്രൈസ്തവ സഭയുടെ പൊതുവിശ്വാസ പാരമ്പര്യവും അതാതു സഭയുടെ പ്രത്യേക വിശ്വാസങ്ങളും സണ്ടേസ്കൂളുകളിൽ പാഠ്യവിഷയമാക്കേണ്ടതുണ്ട്. എന്നാൽ ഒരു സഭയുടെ പ്രത്യേക വിശ്വാസം പഠിപ്പിക്കുമ്പോൾ കുട്ടിക്ക് മറ്റ് ക്രൈസ്തവ സഭകളോടുള്ള ബഹുമാനവും ആദരവും കുറയാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും സുപ്രധാനമായ കാര്യമാണ്. സഭാ ചരിത്രത്തെയും പിതാക്കന്മാരെപ്പറ്റിയും ഒക്കെ നാം പഠിപ്പിക്കുന്ന കാര്യങ്ങൾ കുട്ടിയെ വിശ്വാസപാരമ്പര്യത്തിൽ വളരുവാനാണ് സഹായിക്കേണ്ടത്. അതുകൊണ്ട് ചരിത്രത്തിലുണ്ടായ തർക്കങ്ങളും വിവാദങ്ങളും മറ്റും വിശദമായി പഠിപ്പിക്കുന്നത് കുട്ടിയുടെ മനസ്സിൽ വിപരീതഫലമായിരിക്കും സൃഷ്ടിക്കുന്നത്. അങ്ങനെയുള്ള കുട്ടികൾ മതഭ്രാന്തന്മാരും സമുദായസ്നേഹികളുമൊക്കെ ആയിത്തീരാം; പക്ഷേ ഒരു ആത്മീയനായി വളരുമോ എന്ന കാര്യം സംശയമാണ്.

**d) ജീവിതമൂല്യങ്ങളെപ്പറ്റിയുള്ള പരിശീലനം:**

വിശ്വാസത്തിൽ വളർന്നുവരുന്ന വിദ്യാർത്ഥി മൂല്യബോധമുള്ളവനും സമൂഹത്തിന്റെ മനഃസാക്ഷി സൂക്ഷിപ്പുകാരനുമായിത്തീരേണ്ടതുണ്ട്. പ്രത്യേ


നിങ്ങളുടെ
കഴിവുകൾ
വളർത്തിയെടുക്കുവാനും
അത് മറ്റുള്ളവരുടെ
നന്മക്കായി
ഉപയോഗിക്കുവാനും
ഐക്യദീപം
മാസിക
ഇതാ ഒരു
സുവർണ്ണാവസരം
ഒരുക്കുന്നു.

ചീഫ് എഡിറ്റർ
ഐക്യദീപം മാസിക
സെന്റ് ജോൺസ് കോംപ്ലക്സ്
കച്ചേരിപ്പടി, തിരുവല്ല 689 101
ഇ-മെയിൽ :
aikyadeepamtvla@gmail.com




കിച്ചും ആഗോളവത്കരണത്തിന്റെയും കച്ചവടസം സ്കാരത്തിന്റെയും മത്സരങ്ങളുടെയും ഇക്കാലത്ത്. അടിസ്ഥാന മൂല്യങ്ങൾക്ക് വില കല്പിക്കുന്ന ഒരു കൂട്ടരെയാണ് നാം പരിപോഷിപ്പിക്കേണ്ടത്. ഇന്നി പ്പോൾ നമ്മുടെ സമൂഹത്തിലെ പ്രധാന പ്രശ്നക്കാർ ബൗദ്ധികമായി ഉന്നത ശ്രേണിയിലെത്തി എന്നു കരുതപ്പെടുന്നവരാണ്; മാനസികരോഗികളിലധി കവും അഭ്യസ്തവിദ്യരാണ്. ഡിഗ്രിക്കാരും പ്രൊഫ ഷണൽ ബിരുദമുള്ളവരുമാണ്. സമൂഹത്തിലെ കുറ്റ വാളികളിൽ മിക്കവരും പഠിപ്പുള്ളവരാണ്. തീവ്രവാ ദികൾ ഹാർഡ്വാർഡിലും ഓക്സ്ഫോർഡിലും പഠിച്ചിറങ്ങിയവരുടെ കൂട്ടത്തിലുമുണ്ട്. ഭാരതത്തിലെ വലിയ അഴിമതികളിലും സാമ്പത്തിക ക്രമക്കേടു കളിലും ഉന്നതവിദ്യാഭ്യാസം നേടിയവരാണ്. ഇപ്പ റഞ്ഞവരുടെയൊക്കെ കൂട്ടത്തിൽ ക്രൈസ്തവരായ ആളുകളുടെയെണ്ണം നാൾക്കുനാൾ വർദ്ധിക്കു ന്നുവെന്നതാണ് സഭയുടെ ഏറ്റവും വലിയ വെല്ലു വിളി. അതുകൊണ്ട് സണ്ടേസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന ഒരു കുട്ടി വലിയ വലിയ ട്രോഫി കൾ അലമാരകളിൽ നിരത്തിവച്ചില്ലെങ്കിലും മന സ്സിൽ ക്രൈസ്തവ മൂല്യങ്ങൾ നിരത്തിവയ്ക്കുവാൻ പ്രാപ്തനായിത്തീരണം.

## 2. ഇന്നത്തെ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ വെല്ലുവിളികൾ


ഇനി മുകളിൽ പറഞ്ഞ ലക്ഷ്യങ്ങൾ (objectives) വച്ചുകൊണ്ട് നടത്തപ്പെടുന്ന നമ്മുടെ സണ്ടേ സ്കൂൾ ലക്ഷ്യപ്രാപ്തിയിലെത്താത്തതിനുള്ള കാര ണങ്ങൾ നമുക്കന്വേഷിക്കാം:

### a) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത:

ഏതാണ്ട് സെക്കുലർ വിദ്യാഭ്യാസത്തിന്റെ മാതൃ കയിൽ ക്രമീകരിച്ചിരിക്കുന്ന സണ്ടേസ്കൂൾ പാഠ്യ പദ്ധതി നടപ്പാക്കുന്നതിൽ നാം പരാജയപ്പെടുന്ന തിന്റെ സുപ്രധാനകാരണം അടിസ്ഥാന സൗകര്യ ങ്ങളുടെ അപര്യാപ്തതയാണ്. നാം ഇതിനെ ഞായ റാഴ്ചത്തെ സ്കൂൾ (Sunday school) എന്നു വിളി ക്കുന്നുണ്ടെങ്കിലും കുട്ടികൾക്ക് സ്വസ്ഥമായി ഇരുന്നു പഠിക്കുന്നതിനുള്ള ഒരു സൗകര്യവും ഇന്ന് മിക്ക പള്ളികളിലും ലഭ്യമല്ല. ക്ലാസ്സുമുറികളോ, ബോർഡു കളോ, ചോക്കുകളോ ഒന്നുമില്ലാതെയാണ് നാം ഇതിനെ സ്കൂൾ എന്നുവിളിക്കുന്നത്. ആധുനിക അഭ്യസനരീതികൾക്കുള്ള ഉപകരണങ്ങളുടെ കാര്യം പറയുകയേ വേണ്ട. തിങ്കൾ മുതൽ വെള്ളിയോ ശനിയോ വരെയുള്ള ദിവസങ്ങളിൽ ഇപ്പറഞ്ഞ അടി സ്ഥാന സൗകര്യങ്ങളുടെ പശ്ചാത്തലത്തിൽ പഠിച്ചു വരുന്ന കുട്ടിക്ക് ഞായറാഴ്ചത്തെ ഈ 'ഞാണി ന്മേൽ കളി' ഒരു തമാശയായിത്തീരുന്നതിൽ അതി ശയിക്കേണ്ടതില്ല. കുട്ടി എല്ലാ കാര്യങ്ങളും 'അനു മാനിച്ച്' കണ്ടോ കേട്ടോ സ്പർശിച്ചുനോക്കിയോ അല്ല മറിച്ച്, എല്ലാം മനസ്സിൽ സങ്കല്പിച്ച് പഠിക്കു വാൻ നാം അവനെ നിർബന്ധിക്കുകയാണ്. ഇതി നിടയിൽ ഇടവക പൊതുയോഗം, വിവാഹം പോലെ യുള്ള കൂദാശകൾ എന്നിവയാൽ പല ഞായറാഴ്ച കളും 'ഐശ്ചിക ഒഴിവുദിവസ'ങ്ങളായി മാറുന്നു. പള്ളിയുടെ നാലു മൂലകളിൽ ചടഞ്ഞിരിക്കുന്ന കു ട്ടികൾ തങ്ങളുടെ ചുറ്റും ഭിത്തികളുണ്ടെന്ന് സങ്ക ല്പിക്കുവാൻ പ്രാപ്തരാണെങ്കിലും പള്ളിയിൽ ഇടയ്ക്കു 'വന്നുപോകുന്നവരെ' കണ്ടില്ലയെന്നും, അവരുടെ ശബ്ദകോലാഹലങ്ങൾ അറിഞ്ഞില്ല യെന്നും അഭിനയിക്കേണ്ടിയിരിക്കുന്നു.

### b) അദ്ധ്യാപകരുടെ നിസംഗതയും പരിശീലനക്കുറവും:

നമുക്ക് പാഠപുസ്തകങ്ങളും പരീക്ഷാസമ്പ്രദാ യവും മത്സരമുറകളുമുണ്ടെങ്കിലും ഇവയെ നിയന്ത്രി ക്കുന്ന അദ്ധ്യാപകരിൽ മിക്കവും ഇക്കാര്യങ്ങളിൽ പരിശീലനം ലഭിക്കാത്തവരും തങ്ങൾ ചെയ്യുന്ന കാര്യത്തിൽ വേണ്ടത്ര ശ്രദ്ധചെലുത്താത്തവരുമാ ണ്. ഇതിന് അദ്ധ്യാപകരെയല്ല നാം കുറ്റപ്പെടുത്തേ ണ്ടത്. മറിച്ച് ഈ പഠനസമ്പ്രദായം അവരുടെ കൈകളിലേല്പിച്ച സഭയെത്തന്നെയാണ്. പല പ്പോഴും അദ്ധ്യാപകരായി നിയോഗിക്കപ്പെടുന്നവർ അപ്രതീക്ഷിതമായിട്ടാണ് (accidental) അദ്ധ്യാപക വൃത്തിയിലേക്ക് ആനയിക്കപ്പെടുന്നത്. അവരിൽ പ്രത്യേക പരിശീലനം ലഭിക്കാത്തവർക്ക് സഭ വക യായി 'അദ്ധ്യാപന പരിശീലനം' നൽകിയില്ലെങ്കിൽ ഉദ്ദേശിച്ച ഫലം അവരിൽനിന്നും പ്രതീക്ഷിക്കുവാൻ സാധിക്കുകയില്ല. മാത്രവുമല്ല, അവർ പഠിപ്പിക്കുന്ന പാഠ്യവിഷയങ്ങളിൽ വ്യുൽപത്തി നേടുവാനും അവരെ ഒരുക്കേണ്ടതായിട്ടുണ്ട്. എല്ലാറ്റിലുമുപരി തങ്ങളുടെ പ്രവൃത്തി ഒരു 'ആത്മീയപ്രവർത്തന' മാണെന്ന് അവരെ ബോദ്ധ്യപ്പെടുത്തേണ്ടിയിരിക്കു




കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിവ തരുവാൻ ആഗ്രഹിക്കുന്നവർ അയച്ചുതരിക. അവയിൽ നിന്ന് പ്രസിദ്ധീകരണയോഗ്യമായവ ഐക്യദീപം മാസികയിൽ പ്രസിദ്ധീകരിക്കുന്നതാണ്. കൈയ്യെഴുത്ത് പ്രതിയോടൊപ്പം ഒരു ഫോട്ടോയും അയച്ചുതരിക. ഇവ നിങ്ങൾക്ക് ഇ-മെയിൽവഴിയോ പോസ്റ്റ് വഴിയോ, നേരിട്ടോ എത്തിക്കാവുന്നതാണ്. കംപോസ് ചെയ്ത് അയയ്ക്കുന്നവർ ഓപ്പൺ ഫയലോ (പേജ്മേക്കർ), പി.ഡി.എഫ്. ഫോർമാറ്റിലോ ഇ-മെയിൽ ചെയ്യുക.

ന്നു. സണ്ടേസ്കൂൾ അദ്ധ്യാപകർ ദൈവത്താൽ നിയോഗിക്കപ്പെടുന്നവരാണെന്ന് മനസ്സിലാക്കുവാൻ അവരുടെ 'ദൈവവിളി'യെ സംബന്ധിച്ച് അവരെ പഠിപ്പിക്കേണ്ടതുണ്ട്. ഒരിടവകയിലെ 'ആത്മീയ ശുശ്രൂഷകരാണ്' തങ്ങൾ എന്നവർ തിരിച്ചറിയേണ്ടിയിരിക്കുന്നു. വൈദികരോടൊപ്പം നിന്ന് ഈ ആത്മീയ വേല ചെയ്യുവാൻ അവർക്ക് വേണ്ട പ്രചോദനം നൽകേണ്ടതും സഭയുടെ ചുമതലയായി കരുതണം.

**c) മാതാപിതാക്കളുടെ പിന്തുണയും സഹകരണവും:**

സണ്ടേസ്കൂൾ വിദ്യാഭ്യാസം വിജയിക്കണമെങ്കിൽ ഓരോ ഇടവകയിലെയും മാതാപിതാക്കൾ ആത്മാർത്ഥമായി സഹകരിക്കേണ്ടിയിരിക്കുന്നു. ഇത് 'മറ്റു ജോലിയൊന്നുമില്ലാത്ത,' 'പാവങ്ങളായ' ഒരു കൂട്ടം അദ്ധ്യാപകരുടെ മാത്രം ചുമതലയായി മാറരുത്. മറിച്ച്, തങ്ങൾക്കൂടി സഹകരിച്ചെങ്കിൽ മാത്രമേ തങ്ങളുടെ കുട്ടിയുടെ മതബോധനം വിജയിക്കുകയുള്ളൂവെന്നു മാതാപിതാക്കൾ അറിഞ്ഞിരിക്കണം. ഇന്നത്തെ മാതാപിതാക്കളിൽ എത്രപേർ തങ്ങളുടെ മക്കളുടെ ആത്മീയശിക്ഷണത്തെപ്പറ്റി ബോധമുള്ളവരാണ് എന്നുള്ളതാണ് പ്രധാന സംഗതി. തങ്ങളുടെ കുട്ടിക്ക് ശരീരത്തോടും മനസ്സിനോടുമൊപ്പം ഒരു ആത്മാവുകൂടിയുണ്ട് എന്ന് വാസ്തവത്തിൽ അവർ തിരിച്ചറിയുന്നുണ്ടോ? കുട്ടിയുടെ ശരീരത്തിനുവേണ്ട പോഷകാഹാരവും വസ്ത്രങ്ങളും മാനസിക ഉല്ലാസത്തിനായുള്ള ഉപാധികളും മാതാപിതാക്കൾ നൽകുമെങ്കിലും ആത്മാവിനുവേണ്ട പോഷണം നൽകുന്നതിൽ പലരും പരാജയപ്പെടുന്നു. തങ്ങളുടെ കുട്ടികൾക്കായി കോടിക്കണക്കിനു രൂപ മുടക്കി മെഡിസിനും മറ്റും പ്രവേശനം തേടുന്ന മാതാപിതാക്കൾ ഒരിക്കലും അന്വേഷിക്കാറില്ല തങ്ങളുടെ മകൻ/മകൾ പഠിക്കുന്ന സ്ഥലത്ത് ഒരു പള്ളിയുണ്ടോ എന്നും അവരുടെ ആത്മീയശിക്ഷണത്തിനായി ഒരു വൈദികന്റെ സാമീപ്യമുണ്ടോ എന്നും. ഇതിന്റെ ഫലമോ കുട്ടി ഉന്നതവിദ്യാഭ്യാസം നേടുന്നു; പക്ഷെ ജീവിതത്തിൽ പരാജയപ്പെടുന്നു. അതുകൊണ്ട് മാതാപിതാക്കൾ സണ്ടേസ്കൂൾ അദ്ധ്യാപകരുമായി പൂർണമായി സഹകരിച്ചെങ്കിൽ മാത്രമേ അവരുടെ മതബോധനം വിജയിക്കുകയുള്ളൂ; ക്ലാസ്സുകളിൽ പഠിക്കുന്നതിന്റെ തുടർച്ച (follow up) ഭവനങ്ങളിൽ ലഭിച്ചേ മതിയാകൂ.


**d) ഇടവക വികാരിയുടെ ശ്രദ്ധയും പങ്കാളിത്തവും:**

നമ്മുടെ വൈദികരെല്ലാം അവരുടെ സെമിനാരിയഭ്യസനത്തിന്റെ കാലം ക്രിസ്തീയ വിദ്യാഭ്യാസത്തെപ്പറ്റി (christian education)പഠിക്കുകയും പരീക്ഷയെഴുതി പാസ്സാവുകയും ചെയ്തവരാണ്. പക്ഷെ ഇവരിൽ മിക്കവരുടെയും സേവനം സണ്ടേസ്കൂളിനു ലഭിക്കുന്നില്ലയെന്നത് സങ്കടകരമാണ്. ഒരിടവകയിലെ സണ്ടേസ്കൂളിന്റെ പ്രധാന നേതൃത്വം ഹെഡ്മാസ്റ്റർക്കാണെങ്കിലും അതിന്റെ മേൽനോട്ടം വൈദികനു തന്നെയായിരിക്കണം. വൈദികർ വല്ലപ്പോഴുമെങ്കിലും കുട്ടികളുടെ കൂടെയിരുന്ന് അവർ പഠിക്കുന്ന കാര്യങ്ങളിൽ പങ്കാളിയാവണം. ഇടവകയുടെ സുപ്രധാന ശുശ്രൂഷയാണ് സണ്ടേസ്കൂൾ എന്ന് കുട്ടിക്കും ബോദ്ധ്യപ്പെടേണ്ടിയിരിക്കുന്നു. മാനസികമായി തളർന്ന കുട്ടികൾക്ക് ഉത്തമമായ ഉപദേശം നൽകുവാൻ വൈദികർക്കും കന്യാസ്ത്രീകൾക്കും പറ്റുന്നത്രയും സാധാരണ അദ്ധ്യാപകർക്കു സാധിക്കുകയില്ല. ഇടവകയുടെ പൊതുയോഗത്തിലും സണ്ടേസ്കൂൾ ഒരു ചർച്ചാവിഷയമാവുകയും സണ്ടേസ്കൂളിനുവേണ്ട പണവും സൗകര്യങ്ങളും പൂർണമായി ലഭിക്കുന്നുണ്ട് എന്ന് ഇടവക വികാരി ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. സണ്ടേസ്കൂളിലെ കലാമത്സരങ്ങളും പരീക്ഷകളും, ന്യൂനതകളും പക്ഷഭേദങ്ങളുമില്ലാതെ നടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതും ഇടവക വികാരിയുടെ ചുമതലയാണ്. അർഹരായ കുട്ടികൾ പിന്തള്ളപ്പെടാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. സണ്ടേസ്കൂളിൽ പതിവായി വരാതിരിക്കുന്ന കുട്ടികളെ തെരഞ്ഞുപിടിച്ച് സണ്ടേസ്കൂളിലേക്ക് അവരെ ആനയിക്കുന്നതും വൈദികനേ സാധിക്കൂ.

ചുരുക്കത്തിൽ നമ്മുടെ സണ്ടേസ്കൂളുകൾ അർത്ഥവത്തായി പ്രവർത്തിച്ചാൽ അതിന്റെ സാദ്ധ്യതകൾ വളരെ വലുതാണ്. ഭാവി ലോകത്തെയും ഭാവി സഭയെയും നാം നിർമ്മിച്ചെടുക്കുന്നത് സണ്ടേസ്കൂളുകളിലാണ്. അർത്ഥവത്തായ ഈ ബോധന ശുശ്രൂഷയുടെ ഗൗരവം ഒട്ടും കുറയാതെ സംരക്ഷിക്കുവാൻ വൈദികൻ - അദ്ധ്യാപകൻ - മാതാപിതാക്കൾ എന്നീ അടിസ്ഥാനത്രയങ്ങൾ ഒരുമിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. യേശു പറയുന്നു: "പൈതങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടയരുത്."


## തിരുവസ്ത്രങ്ങൾ വിൽപ്പനയ്ക്ക്

വൈദികരുടെ വെള്ളക്കുപ്പായം, കാപ്പ, വിരിക്കൂട്ട്, ഊറാറ, ചിത്തോല, ശോശപ്പ, പള്ളിമറ തുടങ്ങിയ പള്ളിയാവശ്യങ്ങൾക്കുള്ള എല്ലാത്തരം തിരുവസ്ത്രങ്ങളും വിൽപ്പനയ്ക്ക്. തയ്ച്ചും നൽകപ്പെടും.



**The Tur-Abdin Village**
Ac Road, Koraha Valavu
Mampuzhakery
**PH: 8943705534**



# മതബോധനം നൂറ്റാണ്ടുകളിലൂടെ




**ഫാ. ഡേവിഡ് വടക്കുംമുറിയിൽ**

**മതബോധന ഡയറക്ടർ, തിരുവല്ല അതിരൂപത**


തിരുസഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യം സുവിശേഷ പ്രഘോഷണമാണ്. സുവിശേഷം ശ്രവിച്ച് നമ്മുടെ കർത്താവായ യേശുമിശിഹായിൽ വിശ്വസിക്കുന്നവരെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമ്മോദിസാ നൽകി സഭയിൽ സ്വീകരിക്കുകയും (മർക്കോസ്.16 :15-16), ഇതര കൂദാശകളിലൂടെ വിശ്വാസത്തിൽ പരിപോഷിപ്പിക്കുകയും ചെയ്യുകയാണ് തുടർ ദൗത്യം. ഈ ദൗത്യത്തെ ഊർജ്ജസ്വലമാക്കാൻ വിശ്വാസസത്യങ്ങളെയും സഭാപ്രബോധനങ്ങളെയും അടിസ്ഥാനമാക്കി സഭാംഗങ്ങൾക്കു വിശ്വാസ പരിശീലനം അഥവ മതബോധനം നൽകുക എന്നത് സഭയുടെ പരമപ്രധാനമായ ദൗത്യമാണ്. തിരുസഭയിൽ എല്ലാക്കാലങ്ങളിലും വിശ്വാസ പരിശീലനത്തിന് വേണ്ടത്ര പ്രാധാന്യം നൽകിയിരുന്നു. ഇതിന്റെ ചരിത്രം പരിശോധിക്കുകയാണ് ഈ ലേഖനത്തിൽ.

### ശ്ലീഹന്മാരും വിശ്വാസ പരിശീലനവും

സഭയെ ക്രിസ്തു ഏൽപ്പിച്ച ദൗത്യത്തിന്റെ അകക്കാമ്പ് വ്യക്തമായി ഗ്രഹിച്ചവരും നിർവ്വഹിച്ചവരും ശ്ലീഹന്മാർ തന്നെയാണ്. അതിനാൽ ഇന്ന് സഭയുടെ വിശ്വാസ പരിശീലനത്തിന്റെ മാതൃക ശ്ലീഹന്മാർ തന്നെയാണ്.

തന്റെ പരസ്യജീവിത കാലത്ത് യേശു ശിഷ്യന്മാരെ പഠിപ്പിച്ചു. ഉത്ഥാനത്തിന് ശേഷം സ്വർഗ്ഗാരോഹണം വരെ ശ്ലീഹന്മാരെ ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിച്ചു (മർക്കോസ് 1: 2-3). താൻ കല്പിച്ചവയെല്ലാം എല്ലാ ജനപദങ്ങളെയും പഠിപ്പിക്കാൻ ശ്ലീഹന്മാരെ ആഹ്വാനം ചെയ്ത യേശു അരുൾ ചെയ്തു "നിങ്ങൾ ജറുസലേം വിട്ട് പോകരുത്. പരിശുദ്ധാത്മാവ് വന്ന് കഴിഞ്ഞാൽ ജറുസലേം, യൂദാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്ക് സാക്ഷികളാകും (മാർക്കോസ് 1 : 4-8).

ചരിത്ര പുരുഷനായ ക്രിസ്തുവിന് ദൃസാക്ഷികളായിരുന്ന ശ്ലീഹന്മാർ പെന്തിക്കുസ്താ നാളിൽ പരിശുദ്ധ റൂഹായാൽ നിറഞ്ഞപ്പോൾ യേശു ക്രിസ്തുവിന്റെ സാക്ഷികളായി മാറി. ഈ തിരുനാളിൽ പത്രോസിന്റെ പ്രഭാഷണത്തിലൂടെ ശ്ലീഹന്മാരുടെ മതബോധനം ഔദ്യോഗികമായി ഭൂമിയിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു( നടപടി 2:14). മിശിഹായുടെ പീഢാനുഭവം, മരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം, പരിശുദ്ധാത്മാവിന്റെ ആഗമനം (പെസഹ രഹസ്യം) ഇവയായിരുന്നു മതബോധനത്തിന്റെ മുഖ്യ പ്രമേയങ്ങൾ. പ്രസംഗം കേട്ടവർ അതനുസരിച്ച് ജ്ഞാനസ്നാനം സ്വീകരിച്ച് ഒരു സമൂഹമായി(നടപടി 2: 41).

സഭയിലെ ആദ്യ മതബോധനത്തിന്റെ നാല് സവിശേഷതകൾ നടപടി പുസ്തകം 2: 42 ൽ കാണുന്നു.

**1. ശ്ലീഹന്മാരുടെ ഉപദേശങ്ങൾ**

യേശു മിശിഹായിൽ നിന്ന് പഠിച്ച കാര്യങ്ങൾ മറ്റുള്ളവരെ പഠിപ്പിക്കുക. അതായത് വചനത്തെ ആഴത്തിൽ അനുഭവിച്ച് വചനത്തിലൂടെ മിശിഹായെ കണ്ടുമുട്ടലാണെന്ന് യോഹന്നാൻ ശ്ലീഹ പഠിപ്പിക്കുന്നു (യോഹ. 1:1).

**2. കൂട്ടായ്മ**

വചന പ്രഘോഷണത്തിലൂടെയും വചന അനുഭവത്തിലൂടെയും സ്നേഹത്തിലധിഷ്ഠിതമായ സമൂഹം രൂപപ്പെടുന്നു. ഒരു ഹൃദയവും ഒരു ആത്മാവും ഉള്ള വിശ്വാസികളുടെ സമൂഹം (എക്ളേസിയ) (മർ 5 :12, 2: 43-47, 4:32-34)ഇതാണ് കൂട്ടായ്മ.

**3. അപ്പം മുറിക്കൽ (വി. കുർബാന)**

ക്രിസ്തു ശിഷ്യന്മാരുടെ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ഏറ്റവും വലിയ അടയാളം ആയിരുന്നു വി. കുർബാനയുടെ ആഘോഷം. വചനത്തിലൂടെ ലഭിച്ച മിശിഹ രഹസ്യം അനുഭവവേദ്യമാകുന്ന വേദിയായിരുന്നു വി. കുർബാനയിൽ കേന്ദ്രീകൃതമായ ആദിമ ക്രൈസ്തവരുടെ ആചരണവും ആഘോഷവും വിശ്വാസ ജീവിത പരിശീലനം തന്നെയായ മതബോധനത്തിന്റെ കേന്ദ്രബിന്ദു ആരാധനാക്രമാനുഷ്ഠാനത്തിലൂടെയുള്ള മിശിഹാനുഭവമാണ്.

**4. പ്രാർത്ഥന**

ആദിമ സഭയിൽ പ്രാർത്ഥനയെന്നത് പരിശുദ്ധ ത്രിത്വവുമായുള്ള സജീവ ബന്ധമാണ്. ത്രൈശുദ്ധനായ ദൈവത്തിന്റെ സാന്നിദ്ധ്യത്തിലും കൂട്ടായ്മയിലുമായിരിക്കുന്നതാണ് പ്രാർത്ഥന.യേശുക്രിസ്തുവുമായുള്ള കൂട്ടായ്മയാണത്. ക്രിസ്തുവുമായുള്ള കൂട്ടായ്മ വഴി അവിടുത്തെ ശാരീരമായ സഭ മുഴുവനിലേക്കും പ്രാർത്ഥന വ്യാപിക്കുന്നു. പരിശുദ്ധ റൂഹായുമുള്ള ഐക്യം വഴിയാണ് ക്രൈസ്തവ പ്രാർത്ഥന സഭയിലെ പ്രാർത്ഥനയായിതീരുന്നത്.

അപ്പസ്തോലപ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ മതബോധനം സംബന്ധിച്ച് അടിസ്ഥാന വസ്തുതകൾ ഇവയാണ്.

1. ക്രിസ്തുവിന്റെ പെസഹാരഹസ്യം, പ്രത്യേകിച്ച് ഉത്ഥാനമാണ് പ്രബോധന വിഷയം.
2. വചന പ്രഘോഷണം സഭയ്ക്ക് രൂപം കൊടുക്കുന്നു.
3. സഭ പ്രബോധന വിഷയമായ മിശിഹാ രഹസ്യത്തെ ആരാധനാ അനുഷ്ഠാനത്തിലൂടെ സ്വായത്ത്വമാക്കിയ രക്ഷാകര അനുഭവത്തിൽ വളരുന്നു.
4. വചന പ്രഘോഷണം ബാഹ്യസമ്മർദ്ദത്താലല്ല, ആത്മപ്രചോദനത്താലാണ്.
5. മാനുഷീക ശക്തിയാലും പ്രാഗത്ഭ്യത്താലുമല്ല ദൈവീകശക്തിയാലാണ് വിശ്വാസ സമൂഹം വളരുക.

## വിശ്വാസ പരിശീലനം പൗലോസിന്റെ ലേഖനങ്ങളിൽ

ദൈവശാസ്ത്രപരമായി വളരെ വിശാലമായ വി. പൗലോസിന്റെ ലേഖനങ്ങളിൽ മുഴുവൻ മതബോധനത്തിന്റെ കേന്ദ്രമായ ക്രിസ്തുവിനെ പറ്റിയാണ് അവതരിപ്പിക്കുന്നത്. രക്ഷ വിശ്വാസത്തിലൂടെ മാത്രമേ സംജാതമാകു (റോമ. 1:16). ഈ വിശ്വാസം ക്രിസ്തുവിലുള്ള വിശ്വാസമാണ് (ഗല 2:10). നമുക്കുവേണ്ടി മരിക്കുകയും ഉത്ഥാനം ചെയ്യുകയും ചെയ്ത യേശുവിലുള്ള വിശ്വാസമാണ് (1 തെസ 4:14), സുവിശേഷത്തിലുള്ള വിശ്വാസമാണ് (ഫിലി 1:27-29).

ദൈവം ഏകനാണ്, ദൈവത്തിലെ മൂന്നാളുകൾ- പിതാവും പുത്രനും പരിശുദ്ധാത്മാവും- പിതാവ് പുത്രനിലൂടെ സ്വയം വെളിപ്പെടുത്തുന്നു. യേശുവിലുള്ള വിശ്വാസം രക്ഷയ്ക്കും മഹത്വത്തിനുമായി ഭവിക്കുന്നു. വിശ്വസിക്കുന്നവർ ദൈവത്തിന്റെ മക്കളും കൂട്ടവകാശികളുമാകുന്നു. വിശ്വാസികളുടെ സമൂഹമായ സഭ ക്രിസ്തുവിന്റ ശരീരമാകുന്നു. ക്രിസ്തു സഭയുടെ ശിരസാണ്. മാമോദീസ വഴി ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കുചേരുന്നു. ക്രിസ്തുവിന്റെ രണ്ടാം വരവിലൂടെ നമ്മുടെ മഹത്വീകരണം ഇവയെല്ലാം ക്രൈസ്തവ വിശ്വാസത്തെപറ്റിയുള്ള യഥാർത്ഥ മതബോധനമാണ്.

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, തോട്ടഭാഗം**

സന്മാർഗ്ഗ പ്രബോധനങ്ങളും ഒരു മതാദ്ധ്യാപകനെ പോലെ വി. പൗലോസ് ശ്ലീഹ നൽകുന്നു. പരിശുദ്ധാത്മാവിന്റെ ആലയങ്ങളായ വിശ്വാസികൾ ആത്മാവിൽ നവീകരിക്കപ്പെടണം. ജഡമോഹങ്ങളെ തൃപ്തിപ്പെടുത്തരുത് (റോമ 8:1–17, 1കൊരി 6: 12–20, ഗലി 5 : 16–26).

സ്ത്രീകൾക്കും പുരുഷന്മാർക്കും, യജമാനനും ഭൃത്യനും, ഭരണാധിപനും പ്രജകൾക്കും, ഭാര്യയ്ക്കും ഭർത്താവിനും, മാതാപിതാക്കൾക്കും മക്കൾക്കും, സഭയിലെ വിവിധ ശുശ്രൂഷകൾക്കും എല്ലാം ആവശ്യമായ സന്മാർഗ്ഗ പ്രബോധനങ്ങളും ശ്ലീഹാ നൽകുന്നു. തീമോത്തിയോസും തീത്തോസും എഴുതിയ ലേഖനങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്.

സഭാ എന്താണ്, സഭയുടെ അടിസ്ഥാനം എന്തായിരിക്കണം, സഭയിലെ സ്ഥാനക്രമം, ജ്ഞാനസ്നാനം, ബലി, പൗരോഹിത്യം, വിവാഹം തുടങ്ങിയ കൂദാശകൾ ഇവയെക്കുറിച്ചെല്ലാം വി. പൗലോസ് ഒരു വിശ്വാസ പരിശിലകന്റെ തീഷ്ണതയോടെ പഠിപ്പിക്കുന്നു.

## കാതോലിക്കാ ലേഖനങ്ങളിൽ

വ്യക്തികൾക്കും സമൂഹത്തിനും എന്നതിലുപരി സഭയ്ക്ക് മുഴുവനുമായുള്ള ശ്ലീഹന്മാരുടെ പ്രബോധനങ്ങളാണ് കാതോലിക ലേഖനങ്ങളിൽ. ലളിതമായ രീതിയിൽ ക്രൈസ്തവ ജീവിതത്തിന് ആവശ്യമായ വിശ്വാസസത്യങ്ങളും ധാർമ്മിക പ്രബോധനങ്ങളും നൽകുന്നു.

വി. യാക്കോബ് ശ്ലീഹാ തന്റെ ലേഖനത്തിലൂടെ വചനം പ്രായോഗിക ജീവിതത്തിൽ ആവിഷ്കരിക്കണമെന്നും (1:22) നാവിനെ നിയന്ത്രിക്കണമെന്നും(1:26,3:1–12) പക്ഷാഭേദമില്ലാതെ (2:1) ദരിദ്രരോട് കരുണ കാണിക്കണമെന്നും(2:3–13) സഹോദരനെ വിധിക്കാതെ പാപത്തിൽ നിന്ന് അകന്ന് ജീവിക്കണമെന്നും (4:7–17) പഠിപ്പിക്കുന്നു.

വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ട വിശ്വാസികൾ മാമോദീസാ വഴി തെരഞ്ഞെടുക്കപ്പെട്ട വംശവും, രാജകീയ പുരോഹിത ഗണവും, വിശുദ്ധ ജനവും, വിലയ്ക്ക് വാങ്ങപ്പെട്ട ജനവുമാണെന്ന മഹനീയ യാഥാർത്ഥ്യവും (1പത്രോ 2:9) തന്നിമിത്തം വിശ്വാസികൾ നിർവ്യാജ്യമായി പരസ്പരം സ്നേഹിക്കണമെന്നതും (1 പത്രോ 2:1–6) വി. പത്രോസ് ശ്ലീഹാ തന്റെ ലേഖനത്തിലൂടെ ക്രൈസ്തവർക്ക് നൽകുന്ന മതബോധനമാണ്.

വി. യോഹന്നാന്റെ ലേഖനത്തിന്റെ ലക്ഷ്യം പിതാവിനോടും അവിടുത്തെ പുത്രനായ യേശു മിശിഹായോടും ഏവർക്കും പങ്കുണ്ടാകേണ്ടതിനാണ്. ദൈവം പ്രകാശമാണ്(1:5) നമ്മൾ പാപികളെങ്കിലും ദൈവം നമ്മെ സ്നേഹിക്കുന്നു. (1:8–10) മിശിഹ നമ്മുടെ മദ്ധ്യസ്ഥനാണ് (2:1). ദൈവകല്പനകൾ പാലിച്ച് സ്നേഹത്തിൽ വ്യാപരിച്ച് ദൈവമക്കളായി ജീവിച്ച് (4:7–21) സ്നേഹം തന്നെയായ ദൈവത്തിൽ വസിക്കാൻ (4:7–21) വിശ്വാസികളെ വി. യോഹന്നാൻ ശ്ലീഹാ ആഹ്വാനം ചെയ്യുന്നു.

ചുരുക്കത്തിൽ ശ്ലീഹന്മാരുടെ മതബോധനത്തിന്റെ പ്രത്യേകത വചനപ്രഘോഷണത്തിലൂടെ ഉത്ഥാനത്തിൽ കേന്ദ്രീകൃതമായ മിശിഹ രഹസ്യമായിരുന്നു പ്രബോധന വിഷയം. ഈ പ്രബോധനത്തിലൂടെ വിശ്വാസസമൂഹങ്ങൾക്ക് രൂപം കൊടുത്തു. ഈ സമൂഹം (എക്ലേസിയ) പ്രബോധന വിഷയമായ മിശിഹാരഹസ്യത്തെ ആരാധനാ അനുഷ്ഠാനത്തിലൂടെ സ്വായത്വമാക്കി രക്ഷാകരനുഭവത്തിൽ വളർന്നു വന്നു. ഈ സമൂഹത്തെ നിത്യരക്ഷയ്ക്ക് ഉതകുന്ന ജീവിത മാർഗ്ഗങ്ങൾ ചൂണ്ടികാണിച്ച് കൊടുക്കുകയും ധാർമ്മിക പ്രബോധനങ്ങളിലൂടെ നയിക്കുകയും ചെയ്യുന്ന വിശ്വാസ പരിശീലകരായിരുന്നു ശ്ലീഹന്മാർ.

## അപ്പസ്തോല പിതാക്കന്മാരുടെ കാലഘട്ടം

സഭയുടെ ശൈശവദിശയിൽ മുതിർന്നവരുടെ മതബോധനം ആയിരുന്നു നിലവിൽ നിന്നിരുന്നത്. കാരണം അന്ന് ആദിമ ക്രൈസ്തവർ പ്രധാനമായി ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് മുതിർന്നവരെ വിശ്വാസത്തിലേക്ക് ആനയിക്കുവാനായിരുന്നു. ആദ്യ ഘട്ടത്തിൽ മതബോധനം വാമൊഴിയായി കൈമാറ്റം ചെയ്യപ്പെട്ടു. പിന്നീട് വിശ്വാസ പരിശീലന പ്രക്രിയ വികാസം പ്രാപിച്ചതോടുകൂടി a) ആരംഭകർ (Ruder). b)യോഗ്യരായവർ (Competenty). c) തെരഞ്ഞെടുക്കപ്പെട്ടവർ (Iiuminati) എന്നീ വിഭാഗങ്ങളായി തിരിച്ചു ഇതൊടുകൂടി വിശ്വാസ പരിശിലനത്തിന്റെ വിഷയം താത്വീകവും (വിശ്വാസ പ്രമാണത്തെ കേന്ദ്രീകരിച്ചതും) ധാർമ്മികവും (ജീവന്റെയും മരണത്തിന്റെയും രണ്ട് പാതകളെ പറ്റി) ആയിതീർന്നു. ജീവന്റെ പാതയിലേക്കുള്ള വഴികാട്ടി ദൈവപ്രമാണങ്ങളാകയാൽ ഇതും പഠന വിഷയമായി.

രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി വ്യക്തികളെക്കാളുപരി ഗ്രുപ്പുകൾക്ക് ഈസ്റ്ററിനോട് അനുബന്ധിച്ച് മാമോദിസാ നൽകുന്നതിനായി മത പഠന കളരികൾ ആരംഭിച്ചു. ഈ കാലഘട്ടത്തെ രണ്ടായി തിരിക്കാം.

### a). എ ഡി 315 നു മുമ്പുള്ള കാലഘട്ടം

ഡിഡാക്കേ (അപ്പസ്തോലന്മാരുടെ പ്രബോധനം എ ഡി 100–150) എന്ന കൃതിയിൽ 1 മുതൽ 6 വരെയുള്ള അദ്ധ്യായങ്ങൾ, റോമിലെ ഹിപ്പോളിറ്റസ് എഴുതിയ അപ്പസ്തോലിക പാരമ്പര്യം, ബർണബാസിന്റെ ലേഖനം എന്നിവയിൽ ആരംഭകാല മതബോധനത്തിന്റെ രീതിയും ഉള്ളടക്കവും എടുത്ത് കാണിക്കുന്നുണ്ട്. ഹിപ്പോളിറ്റസ് തന്റെ അപ്പസ്തോലിക പാരമ്പര്യം എന്ന ഗ്രന്ഥം എന്തിന് വേണ്ടി എഴുതി എന്ന് വ്യക്തമാക്കുന്നു."സത്യവിശ്വാസം അഭംഗുരം പിൻതലമുറയ്ക്ക് പകർന്നു കൊടുക്കുന്നതിനും അബദ്ധ ഉപദേശങ്ങളുടെ നടുവിൽ ശ്ലൈഹികവും സാർവ്വത്രികവുമായ വിശ്വാസങ്ങൾക്കും പാരമ്പര്യങ്ങൾക്കും ഒരു കോട്ടവും വരാതിരിക്കുവാനും"വേണ്ടിയാണ്.

### b). സ്ഥാനാർത്ഥികളുടെ മതബോധനത്തിന്റെ രണ്ടാം ഘട്ടം (4–ാം നൂറ്റാണ്ടു മുതൽ)

വലിയ സമൂഹങ്ങൾ സഭയിലേക്ക് വരുന്ന കാല

ഘട്ടമായിരുന്നു നാലാം നൂറ്റാണ്ട്. വി. അഗസ്തിനോസിന്റെ De Cate Chizandis Rudibus (Ca 400) എന്ന ഗ്രന്ഥം ജറുസലേമിലെ വി. സിറിലിന്റെ ( മാർ കൂറിലോസിന്റെ) 24 മതാദ്ധ്യാപക പ്രസംഗങ്ങൾ എന്നിവ ഈ കാലഘട്ടത്തിലെ മതബോധനത്തിന് ഉദാഹരണങ്ങളാണ്. അഗസ്തിനോസ് തന്റെ ഗ്രന്ഥത്തിൽ രക്ഷാകര ചരിത്രത്തിന് വ്യക്തമായസ്ഥാനം നൽകി, സന്തോഷത്തിലും ഉപവാസത്തിലും മതബോധനം നൽകുവാൻ ഉപദേശിക്കുന്നു. സിറിലിന്റെ പ്രസംഗങ്ങളിൽ 19 എണ്ണം നോമ്പുകാലത്ത് മാമോദിസാ സ്വീകരിക്കുവാനായി ഒരുങ്ങിയവരെ ഉദ്ദേശിച്ചുള്ളതാണ്. വിശ്വാസപ്രമാണത്തിന്റെ അടിസ്ഥാനമെന്നതിനെ കുറിച്ചും. ബാക്കി അഞ്ച് എണ്ണം മാമോദീസാ, മൂറോനഭിഷേകം, വി. കുർബാന എന്നീ കൂദാശകളെ പറ്റിയും പഠിപ്പിക്കുന്നു.

തിയഡോറിന്റെ (of mop suestia) മതബോധന പ്രസംഗങ്ങൾ ( എ ഡി 380-392)ളിൽ പത്തെണ്ണം വിശ്വാസ പ്രമാണത്തിന്റെ വിശദീകരണവും ഒരെണ്ണം സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർഥനയുടെ വ്യാഖ്യാനവും ബാക്കി അഞ്ചെണ്ണം കൂദാശകളെ കുറിച്ചുമാണ്.

നാലാം നൂറ്റാണ്ടിന്റെ അവസാനത്തിൽ അന്ത്യോക്യായിൽ വച്ച് എഴുതിയ വി. ജോൺ ക്രിസോസ്തോമിന്റെ ( മാർ ഈവാനിയോസിന്റെ) എട്ട് മതബോധന പ്രസംഗങ്ങളിൽ മാമോദീസായിലെ അടയാളങ്ങളെയും പ്രതീകങ്ങളെയും വിവരിക്കുന്നു.

നാലാം നൂറ്റാണ്ടിൽ മിലാനിൽ നിലനിന്ന മതബോധനത്തിന്റെ ചുരുക്കം വി. അംബ്രോസിന്റെ De Sacramentis, De mysteria, De Symbolo എന്നീ പുസ്തകങ്ങളിലാണ്.

ആദ്യ നൂറ്റാണ്ടിലെ മതബോധന പ്രക്രിയ സഭയുടെ മതബോധനത്തിന്റെ മാതൃകയായിരുന്നു. വിശ്വാസികളുടെ സമൂഹം മുഴുവൻ ഇതിൽ പങ്ക് ചേർന്നിരുന്നു. മതബോധനം പുതിയ ജ്ഞാനവും മാനസാന്തരവും നൽകി. ആരാധനാക്രമത്തോട് ബന്ധപ്പെടുത്തി മതബോധനം നൽകപ്പെടുന്നതിനാൽ പെസഹാരഹസ്യങ്ങളിലേക്ക് ഇറങ്ങി ചെല്ലാൻ വിശ്വാസികളെ പ്രാപ്തരാക്കി. ചുരുക്കത്തിൽ ആരാധനക്രമത്തിലും ദൈവവചനത്തിലും അധിഷ്ഠിതമായ ജീവിതശൈലി സ്വായക്തമാക്കി.

റോമൻ സാമ്രാജ്യത്തിന്റെ ഔദ്യോകിക മതമായി ക്രിസ്തുമതം മാറിയപ്പോൾ ജനങ്ങൾ കൂട്ടമായി മാമോദിസാ സ്വീകരിക്കുവാൻ വരുകയും ഏതാനും മാസങ്ങളോ ദിവസങ്ങളോ നീളുന്ന പരിശിലനമായി മതബോധനം തീരുകയും ചെയ്തു. വിശ്വാസപരിശീലനം മാതാപിതാക്കളുടെ ചുമതലയായി ചുരുങ്ങി. (J Gottler. geschitedes pedagogik, Fribaurg 1935 p.38)

## മതബോധനം മദ്ധ്യയുഗത്തിൽ

കുട്ടികൾക്കുവേണ്ടിയോ സ്ഥാനാർത്ഥികൾക്ക് വേണ്ടിയോ ഉള്ള മതബോധനത്തെകുറിച്ച് മദ്ധ്യയുഗത്തിൽ യാതൊരു സൂചനയും ഇല്ല. ലിറ്റർജിയിലുള്ള മതബോധനത്തിന്റെ പ്രാധാന്യം കുറഞ്ഞിരുന്നു, കാരണം സാധാരണ ജനങ്ങൾക്ക് വശമില്ലാത്ത ഭാഷയായിരുന്നു ആരാധനയിൽ ഉപയോഗിച്ചിരുന്നത്. എങ്കിലും ഈ കാലഘട്ടത്തിൽ ക്രിസ്തുമതം ശക്തിപ്പെട്ടു. കാരണം മാതാപിക്കളുടെയും തലതൊട്ടപ്പന്റെയും അമ്മയുടെയും ചുമതല അധികാരികൾ പഠിപ്പിക്കുകയും, അവർ അത് പ്രാവർത്തികമാക്കുകയും ചെയ്യ്തിരുന്നു.വിശ്വാസപ്രമാണവും സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയും അവർ ഹൃദ്യസ്ഥമാക്കേണ്ടിയിരുന്നു. ചുമതലയിൽ വീഴ്ച പറ്റിയാൽ ഏറ്റ് പറഞ്ഞ് കുമ്പരസാരിക്കേണ്ടിരുന്നു.

കൂടാതെ 7-10 നൂറ്റാണ്ടുകളിൽ ഞായറാഴ്ച പ്രസംഗങ്ങൾ, പത്തു കല്പനകൾ, വിശ്വാസപ്രമാണം, 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്നീ വിഷയങ്ങളെ ആസ്പദമാക്കി ആയിരുന്നു. ഇതു മുതിർന്നവരെ ഉദ്ദേശിച്ചുള്ളതുമായിരുന്നു. ഇവയ്ക്കെല്ലാം പുറമേ മാതാപിതാക്കളുടെ ജീവിത മാതൃക പ്രധാനപ്പെട്ടതായിരുന്നു.

## പ്രൊട്ടസ്റ്റന്റ് നവീകരണം

1529 ൽ മാർട്ടിൻ ലൂഥർ മതബോധന ഗ്രന്ഥം അച്ചടിച്ചതോടെ മതബോധന ഗ്രന്ഥങ്ങൾ പുറത്തു വന്നു. കുട്ടികൾക്കും യുവജനങ്ങൾക്കുമായി ചെറിയ മതബോധന ഗ്രന്ഥവും മുതിർന്നവർക്ക് വലിയ മതബോധന ഗ്രന്ഥവും പുറത്തിറക്കി. ഇതിൽ പത്തു കല്പനകൾ, വിശ്വാസപ്രമാണങ്ങൾ, മാമോദിസാ, വി. കുർബാന, കർത്യപ്രാർത്ഥന എന്നിവ വിശദികരിച്ചിരിക്കുന്നു.

മാർട്ടിൻ ലൂഥർ ആദ്യനൂറ്റാണ്ടുകളിൽ നൽകിയ വിശ്വാസപരിശീലനത്തിന്റെ ചുവടുവച്ചുകൊണ്ട് നാല് പ്രധാനഭാഗങ്ങളായിട്ടാണ് മതബോധന ഗ്രന്ഥം തയ്യാറാക്കിയത്. വിശ്വാസത്താലാണ് ഒരു വ്യക്തി നീതികരിക്കപ്പെടുന്നത് എന്ന അടിസ്ഥാന ബോധ്യം പ്രകടമാക്കാൻ പത്തു കല്പനയെക്കുറിച്ചുള്ള പഠനത്തിനു ശേഷമാണ് വിശ്വാസപ്രമാണത്തെ കുറിച്ചുള്ള പഠനം ചേർത്തിരിക്കുന്നത്. നിയമത്തിലൂടെയല്ല യേശുവിലുള്ള വിശ്വാസത്തിലൂടെയാണ് ഒരാൾ രക്ഷ പ്രാപിക്കുക ഇതായിരുന്നു ലൂഥറിന്റെ കാഴ്ചപാട്.

## നവീകരണം കത്തോലിക്ക സഭയിൽ

ലൂഥറിന്റെ മാതൃക പിന്തുടർന്നു കത്തോലിക്ക സഭയും മതബോധനഗ്രന്ഥങ്ങൾ പ്രസിദ്ധികരിക്കുവാൻ നിർബന്ധിതമായി. വിശുദ്ധ പീറ്റർ കനീഷ്യസ് 1555 നും 59 നുമിടയിൽ കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും ജർമ്മൻ ഭാഷയിൽ മതബോധന ഗ്രന്ഥം പ്രസിദ്ധീകരിച്ചു.

## ത്രെന്ത്രോസ് സുനഹദോസ്

ലൂഥറിന്റെ നവീകരണത്തെ പ്രതിരോധിക്കുവാൻ ശക്തമായ നീക്കങ്ങൾ കത്തോലിക്ക സഭ നടത്തി. അതിന്റെ ഒരു ഉദാഹരണമാണ് സഭയിലെ ആദ്യത്തെ സാർവ്വത്രീക മതബോധന ഗ്രന്ഥം 1566 ൽ റോമൻ കാറ്റെകിസം എന്ന പേരിൽ 1870ൽ പ്രസിദ്ധീകരിച്ചത്.

### മതബോധന ഗ്രന്ഥം തെന്ത്രോസ് സുനഹദോസിന് ശേഷം

തെന്ത്രോസ് സുനഹദോസിനെ ശേഷം സഭയിൽ ഒരു പുത്തൻ ഉണർവ്വ് ഉണ്ടായി. കുട്ടികളെ ഞായറാഴ്ചകളിലും തിരുനാളുകളിലും വേദോപദേശം പഠിപ്പിക്കണമെന്ന് വികാരിമാർക്ക് നിർദ്ദേശം നല്കപ്പെട്ടു. മാതാപിതാക്കളുടെ ചുമതലയെപ്പറ്റി ഓർമ്മപ്പെടുത്തി. കുട്ടികളെ മതബോധനത്തിനയക്കുവാൻ പ്രേരണ നൽകി. സ്കൂൾ അദ്ധ്യാപകരോട് മതബോധനം നടത്തുവാൻ ആഹ്വാനം ചെയ്തു. കൂടാതെ സന്യാസിനികളും അല്മായരും മതബോധനത്തിനായി രംഗത്തിറങ്ങി. കുട്ടികൾക്ക് അവരുടെ പ്രായത്തിനനുസരിച്ചുള്ള വേദപാഠാവലി പുറത്തിറക്കി. ഇവയിൽ പ്രാധാനം ക്ലെമന്റ് എട്ടാമൻ മാർപാപ്പയുടെ നിർദ്ദേശപ്രകാരം വി. ബെല്ലാർമിൻ 1598 ൽ ഇറക്കിയ 'ചെറിയ വേദോപദേശം' ആയിരുന്നു. ഇതിൽ ചോദ്യോത്തര രീതിയാണ് അവലംബിച്ചത്. ഇതിൽ



പാഷണ്ഡതകൾക്കെതിരെ വിശ്വാസികളെ ഉറപ്പിക്കുവാനുള്ള ശ്രമമായിരുന്നു. അതിനാൽ ബൈബിളിന് വേണ്ട പ്രാധാന്യം നൽകിയിരുന്നില്ല. 16-ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 17-ാം നൂറ്റാണ്ടിലും കുട്ടികൾക്കുള്ള ഉള്ള മതബോധനഗ്രന്ഥത്തിന് പൊതുവിൽ 'Catechism'എന്ന പേരുണ്ടായി.

### 18 – 19 നൂറ്റാണ്ടുകളിൽ

ഈ നൂറ്റാണ്ടുകളിൽ മതബോധനരംഗത്ത് പൊതുവിൽ ഉണർവ്വ് ഉണ്ടായെങ്കിലും ജീവിതവുമായി യാതൊരു ബന്ധവും ഇല്ലായിരുന്നു എന്ന് ഒന്നാം വത്തിക്കാൻ കൗൺസിൽ പറയുന്നു. ഈ കാലഘട്ടത്തിൽ സഭ കൂടുതൽ ആത്മീയ മുഖമാവുകയും, സഭയും രാഷ്ട്രവും തമ്മിലുള്ള അടുപ്പം കുറഞ്ഞു വരികയും ചെയ്തു. എങ്കിലും സ്കൂളുകളിൽ പഠിപ്പിക്കുവാനായി പല സന്യാസ സഭകളും സ്ഥാപിക്കപ്പെട്ടു. പക്ഷേ മതപരമായ അജ്ഞതയും വിമുഖതയും വർദ്ധിച്ചു വന്നു. കുടുംബത്തിലും സമൂഹത്തിലും വളരുന്ന തലമുറയിലുള്ള സ്വാധീനം കുറഞ്ഞു വന്നു.

### മതബോധനം ആധുനികയുഗത്തിൽ

ഈ കാലഘട്ടത്തിൽ മതബോധനം ആദ്യകുർബാന സ്വീകരിക്കുന്നതിനുള്ള രണ്ടോ മൂന്നോ വർഷത്തെ പരിശിലനം മാത്രമായി മാറി. ഞായറാഴ്ച പ്രസംഗം ഒഴിച്ച് മറ്റു മതബോധന വേദികൾ ഇല്ലായിരുന്നു. മതപാഠാവലികൾ അദ്ധ്യാപനത്തിനുള്ള ഉപകരണം മാത്രമായി മാറി. വിശ്വാസ സത്യങ്ങൾ വിവരിക്കുവാൻ ശേഷിയില്ലാത്തവരായിരുന്നു അദ്ധ്യാപകർ. ജീവിതവുമായി ബന്ധമില്ലാത്ത കുറെ മതതത്വങ്ങൾ പഠിപ്പിക്കുന്ന. യാന്ത്രീക പ്രക്രീയയായി മാറി. ദൈവവചനത്തിനുള്ള പ്രാധാന്യം ജീവിതത്തിൽ കാണിക്കുവാൻ കഴിഞ്ഞില്ല.

1917 ൽ പ്രസിദ്ധപ്പെടുത്തിയ ലത്തീൻ കാനൻ നിയമം മൂന്ന് സ്ഥലത്ത് (467, 1329,1336, 1373-81) മതബോധനത്തെ പറ്റി പ്രതിപാദിക്കുന്നുണ്ട്. 1923ൽ റോമിൽ 11-ാം പീയുസ് പാപ്പ 'officium catecheticum' സ്ഥാപിച്ചു. 1935 ൽ 'Provido Sane' എന്ന ഡിക്രിയിൽ മതബോധനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശം നല്കി. 1950 ൽ റോമിലും 1956 ൽ ബെൽജിയത്തിലെ ആന്റവേർഫിലും, 1960 ൽ ജർമ്മനിയിലെ എക്സ്റ്റേറ്റിലും കൂടിയ സമ്മേളനങ്ങൾ മതബോധന ചരിത്രത്തിലെ നാഴികകല്ലുകളാണ്.

### 1977 ലെ സിനഡും മതബോധനവും

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഫലമായി സഭയിലുണ്ടായ നവതരംഗത്തിന്റെ ഫലമായി 1977ൽ മതബോധനത്തെക്കുറിച്ച് ചിന്തിക്കുവാനായി മെത്രാന്മാരുടെ സിനഡ് റോമിൽ കൂടുകയുണ്ടായി. സിനഡിന്റെ പഠനങ്ങളെ ആധാരമാക്കി 1979 ഒക്ടോബർ 19-ാം തീയതി ജോൺ പോൾ രണ്ടാമൻ മാർപാപ്പ "കാത്തക്കേസീസ് ത്രദേന്തേ" (മതബോധനം ഇന്ന്) എന്നപേരിൽ ഒരു അപ്പസ്തോലിക പ്രബോധനം പുറപ്പെടുവിച്ചു. മതബോധനം സഭയുടെ പ്രഥമ കർത്തവ്യമാണെന്നും, ഈ രംഗത്ത് വിവേക പൂർണ്ണമായ നവീകരണത്തിന്റെ പ്രാധാന്യവും വ്യക്തമാക്കുന്നു. മതബോധനം സിദ്ധാന്തങ്ങൾ പഠിപ്പിക്കുകയല്ല 'വിശ്വാസ ജീവിത പരിശീലനമാണ്'. അതിനാൽ ഇത് ജീവിത ബന്ധിയാവണം എന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു.

### കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 20-ാം വാർഷികത്തോട് അനുബന്ധിച്ച് റോമിൽ 1985 ജനുവരി 25 ന് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ വിളിച്ച് ചേർത്ത മെത്രാന്മാരുടെ അസാധാരണ സിന

ഡിൽ "വിശ്വാസ നിക്ഷേപം, കൈമാറ്റം ചെയ്യുക" എന്നുള്ളതാണ് സഭയുടെ ദൗത്യമെന്നും, ഇതിനായി "വിശ്വാസത്തെയും ധാർമ്മിക നിയമങ്ങളെയും സംബന്ധിച്ചുള്ള എല്ലാ കത്തോലിക്ക പ്രബോധനങ്ങളുടെയും ഒരു സംഗ്രഹ ഗ്രന്ഥം വിരചിതമാക്കണം' എന്നും സിനഡ് പിതാക്കന്മാർ നിർദ്ദേശിച്ചു. ഈ ഗ്രന്ഥത്തിനുണ്ടായിരിക്കേണ്ട സവിശേഷതകൾ 1. സംശോധക ഗ്രന്ഥമായിരിക്കണം, 2. ബൈബിൾ അധിഷ്ഠിതവും ആരാധനാക്രമ പരവുമായിരിക്കണം, 3. കാലാനുസൃതവും സംശുദ്ധവുമായ വിശ്വാസ പ്രബോധനം നൽകുന്നതായിരിക്കണം എന്നിവയായിരുന്നു. മാർപാപ്പ ഇതിനോട് പ്രതികരിച്ചത് "ഈ അഭിലാഷം ഞാൻ എന്റേതാക്കിയിരിക്കുന്നു" എന്നാണ്. അത് സഫലമാക്കുവാൻ 1986 ൽ കാർഡിനൽ ജോസഫ് റാൻസിംഗർ ചെയർമാനായ കമ്മീഷൻ രൂപീകരിച്ചു. 12 കർദിനാളന്മാർ, 7 ദൈവശാസ്ത്രജ്ഞന്മാരായ മെത്രാന്മാർ, മതബോധന വിദഗ്ദർ എന്നിവർ അംഗങ്ങളായിരുന്നു. ലോകത്തിലെ എല്ലാ മെത്രാന്മാരുടെയും സഹകരണം ഇതിന് ഉണ്ടായിരുന്നു.

1992 ഒക്ടോബർ 11-ാം തീയതി രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 30-ാം വാർഷികത്തിൽ "സമഗ്ര കത്തോലിക്കാ വിശ്വാസത്തിന്റെ സജീവ അവതരണം" എന്ന ഉദ്ദേശത്തോടെ വി. ഗ്രന്ഥം, സഭാ പിതാക്കന്മാർ, പാരമ്പര്യം, ആരാധനാക്രമം, സഭയുടെ പ്രബോധനാധികാരം എന്നീ ഉറവിടങ്ങൾ സ്വീകരിച്ച് പ്രസിദ്ധീകരിച്ചു. ഇതിനെ നാലു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. 1. മാമോദിസായിലെ വിശ്വാസപ്രഖ്യാപനം (വിശ്വാസപ്രമാണം)2. വിശ്വാസത്തിന്റെ കൂദാശകൾ (7 കൂദാശകൾ), ലിറ്റർജി, കൂദാശാ കല്പങ്ങൾ 3. വിശ്വാസത്തിന്റെ ജീവിതം (പത്തു കല്പനകൾ) 4. വിശ്വാസികളുടെ പ്രാർത്ഥന (കർതൃപ്രാർത്ഥന). ഈ ഗ്രന്ഥം ഓരോ വ്യക്തിഗത സഭകൾക്കും അവരവരുടെ പ്രാദേശിക മതബോധനഗ്രന്ഥം തയ്യാറാക്കുവാൻ സഹായകമാകുന്നു.

## കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം: സംക്ഷേപം

ഈ ഗ്രന്ഥം 2005 ജൂൺ 28 ന് പ്രകാശിതമായി. 598 ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും 200 പേജിലായി സമാഹരിച്ചിരിക്കുകയാണ്. എന്തിന് ഇപ്രകാരം ഒരു ഗ്രന്ഥം എന്നതിന് കർദ്ദിനാൾ റാറ്റ്സിംഗൾ (പിന്നീട് ബനഡിക്ട് 16-ാമൻ മാർപാപ്പ) പറയുന്നു "സാധാരണക്കാരായ ഉപഭോക്താക്കൾക്ക് മതബോധനഗ്രന്ഥം വളരെ വലുതും കടുപ്പമേറിയതുമാണെന്നുമുള്ള വസ്തുത നിഷേധിക്കാനാകില്ല. അതിനാൽ മതബോധനഗ്രന്ഥത്തിന്റെ ഒരു സംക്ഷേപം ലളിതവും വ്യക്തവുമായ രീതിയിൽ തയ്യാറാക്കുകയെന്നത് അടിയന്തര പ്രാധാന്യമുള്ള ഒരു കാര്യമായിരിക്കുന്നു" മതബോധനത്തിന്റെ "വിശ്വസ്തവും സുനിശ്ചിതവുമായ ഉദ്ഗ്രന്ഥ" മെന്നാണ് ബനഡിക്ട് 16-ാമൻ മാർപാപ്പ ഇതിനെ വിശേഷിപ്പിക്കുന്നത്.

## യൂ കാറ്റ്: യുവജന മതബോധന ഗ്രന്ഥം

മതബോധന പരമ്പരയിലെ മൂന്നാമത്തെ ഗ്രന്ഥമാണ് യൂ കാറ്റ് എന്ന Youth Catechism ലോകയുവജനദിനത്തോടനുബന്ധിച്ച് വത്തിക്കാനിൽനിന്നു 2011 ഏപ്രിൽ 11 ന് സ്പെയിനിലെ മാഡ്രിവിന് പ്രസിദ്ധികരിച്ചു. വിശ്വാസത്തിന്റെ അടിസ്ഥാന തത്വങ്ങൾ യുവജനങ്ങളുടെ ഭാഷയിൽ അവതരിപ്പിച്ചിരിക്കുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത. ഓസ്ട്രിയൻ മെത്രാൻ സംഘമാണ് "യുവജനമതബോധന ഗ്രന്ഥ"മെന്ന ആശയം ആദ്യം മുന്നോട്ട് വച്ചത്. കാരണം 2005 ൽ കത്തോലിക്കാസഭയുടെ മതബോധന സംക്ഷേപം വിയന്നാ അതിരൂപതയിൽ പ്രസിദ്ധീകരിക്കുന്ന അവസരത്തിൽ അതിരൂപത അദ്ധ്യക്ഷൻ കർദ്ദിനാൾ ക്രിസ്റ്റോസ് ഷേൺ ബോണിനോട് ഒരു പത്രപ്രവർത്തകൻ ഇപ്രകാരം പരാതിപ്പെട്ടു. "എന്റെ മുതിർന്ന കുട്ടികൾക്കായി ഒരു മതബോധനഗ്രന്ഥം വാങ്ങണമെന്ന് ആഗ്രഹിച്ചു. പക്ഷെ ഇത് കൗമാരപ്രായക്കാർക്ക് ഗ്രഹിക്കാവുന്നതിലും അപ്പുറമാണ്. ഞാനതു വാങ്ങിയില്ല". യുവജനങ്ങൾക്കായുള്ള മതബോധനത്തിന്റെ തുടക്കം ഇവിടെയാണ്. 15 നും 25 നും മധ്യേ പ്രായമുള്ളവരായ 52 സംഘങ്ങൾ ചേർന്നാണ് ഇതിന്റെ പ്രസിദ്ധികരണ ജോലി ചെയ്തത്. 527 ചോദ്യങ്ങളും ഉത്തരങ്ങളുമാണ് ഉള്ളടക്കം. യുവജനങ്ങൾക്ക് ആകർഷകമായ വിധത്തിലാണ് വിശ്വാസസത്യങ്ങൾ വ്യാഖ്യാനിക്കപ്പെടുന്നത്. ഉത്തരം ലളിതവും വ്യത്യസ്തവുമാണ്. ഉത്തരങ്ങൾക്കൊപ്പമുള്ള ചെറിയ വ്യാഖ്യാനങ്ങളും ചിത്രങ്ങളും ഏറെ പ്രയോജനപ്രദമാണ്. 300 പേജുള്ള ഈ ഗ്രന്ഥത്തിൽ ബൈബിൾ ഉദ്ധരണികൾ 500 ഉം സഭാ പിതാക്കന്മാർ, വിശുദ്ധർ, പണ്ഡിതർ തുടങ്ങിയവരുടെ 500 ഉം ഉദ്ധരണികളും ഉണ്ട്.

ഇങ്ങനെയെല്ലാം ആണെങ്കിലും യൂ കാറ്റിൽ പ്രത്യേകിച്ച് രണ്ടാം ഭാഗത്തിലേത് ( കൂദാശകൾ) എല്ലാം തന്നെ ലത്തീൻ പാരമ്പര്യത്തിലുള്ള യുവജനങ്ങൾക്കു വേണ്ടി ഉള്ളതാണ്. അതിനു കാരണം യൂ ക്യാറ്റിന്റെ അണിയറ ശില്പികൾ പൗരസ്ത്യ സഭകളുമായി യാതൊരു ബന്ധവുമുള്ളവരായിരുന്നില്ല. മറ്റൊരു വിമർശനം പണ്ഡിതന്മാർ നൽകുന്നത് ഗർഭനിരോധനം, സ്വവർഗ്ഗരതി, കാരുണ്യവധം, പ്രപഞ്ചോല്പത്തി, വി. ഗ്രന്ഥം തുടങ്ങിയ വിഷയങ്ങൾ യുവജന മതബോധന ഗ്രന്ഥം ലാഘവ ബുദ്ധിയോടെ കൈകാര്യം ചെയ്യുന്നു എന്നതാണ്.

## ഉപസംഹാരം

ഈ ലേഖനത്തിൽ ശ്ലീഹന്മാരുടെ കാലം മുതൽ 2011 ൽ പ്രസിദ്ധീകരിച്ച യുവജനമതബോധനം വരെയുള്ള പൊതുവായ മതബോധനപ്രക്രിയയെ അവതരിപ്പിക്കുകയും വിലയിരുത്തുകയുമാണ്. ഇത് പൂർണ്ണമാണെന്ന് ഒരിക്കലും അവകാശപ്പെടുന്നില്ല. ആദിമസഭയിൽ വിശ്വാസപരിശീലനത്തിന് സഭ ഒന്നാകെ കൊടുത്ത പ്രാധാന്യം വിവരസാങ്കേതിക വിദ്യയിൽ ഉണ്ടായ കുതിച്ച് ചാട്ടത്തിന്റെയും സാമ്പത്തിക ഉയർച്ചയുടെയും, മതസ്വാതന്ത്രത്തിന്റെയും ഈ കാലഘട്ടത്തിൽ ഉണ്ടോ എന്നുള്ള ഒരു തിരിഞ്ഞ് നോട്ടത്തിനും ഇടയാകും എന്ന് പ്രതീക്ഷിക്കുന്നു.



സന്യാസവർഷം 2015


# ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹം

റവ. സി. ലിറ്റിൽ തെരേസ്
എസ്.ഐ.സി.

1653-ലെ കൂനൻ കുരിശ് സത്യത്തെ തുടർന്ന് കേരളത്തിലെ ക്രൈസ്തവസഭകൾ രണ്ടായി പിളർന്നു. സഭാഗാത്രത്തിന് ഉണ്ടായ ഈ മുറിവ് സഭകളുടെ ഐക്യത്തിലൂടെ മാത്രമേ സൗഖ്യമാക്കുവാൻ സാധിക്കുകയുള്ളൂ എന്ന് ഉറച്ച് വിശ്വസിക്കുകയും അതിനുവേണ്ടി ധീരമായി പോരാടുകയും ചെയ്ത പുണ്യചരിതൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവാണ് ബഥനി സന്യാസ സമൂഹങ്ങളുടെ സ്ഥാപക പിതാവ്.

20-ാം നൂറ്റാണ്ടിന്റെ പ്രാരംഭഘട്ടത്തിൽ ആദ്ധ്യാത്മിക ചൈതന്യം നഷ്ടപ്പെട്ട് അധികാര വടംവലിയുടെയും സമുദായ കലഹങ്ങളുടെയും നീർചുഴയിൽപ്പെട്ട് നട്ടംതിരിഞ്ഞ മലങ്കര സുറിയാനി സഭ, അസമാധാനത്തിന്റെയും അനൈക്യത്തിന്റെയും പിടിയിലമർന്നുകൊണ്ടിരുന്നു. സ്വന്തം സഭയെ ഐക്യത്തിന്റെ പാതയിൽ എത്തിക്കുന്നതിനായി മാർ ഈവാനിയോസ് പിതാവ് തന്റെ ജീവിതം ഉഴിഞ്ഞുവച്ചു. ഈ സമർപ്പണത്തിന് വന്ദ്യപിതാവ് ശക്തിയേകിയത് ദൈവപിതാവിന്റെ സന്നിധിയിൽ രാത്രിയുടെ നിശബ്ദയാമങ്ങളിൽ നടത്തിയ ജാഗരണപ്രാർത്ഥനകളും പരിത്യാഗവുമാണ്. മലങ്കരസഭയെ ഉദ്ധരിക്കുവാനുള്ള പരിശ്രമത്തിൽ ദൈവത്തിന് സമ്പൂർണ്ണമായി സ്വയം പ്രതിഷ്ഠിക്കപ്പെട്ട ഒരു സന്യാസസമൂഹത്തിന് അദ്ദേഹം രൂപം നൽകിയതാണ് 1919-ൽ പെരുനാട് മുണ്ടൻമലയിൽ സ്ഥാപിക്കപ്പെട്ട ബഥനി ആശ്രമം.

സുറിയാനി സമുദായത്തെ ഉദ്ധരിക്കുന്നതിന് ബഥനി ആശ്രമസ്ഥരെപ്പോലെ ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെട്ട കന്യകകളും ഉണ്ടായിരിക്കേണ്ടത് മലങ്കര സഭയുടെ പുരോഗതിക്ക് ആവശ്യമാണെന്ന് അഭിവന്ദ്യപിതാവിന് ബോദ്ധ്യമായി. കുടുംബങ്ങളുടെ ഉള്ളറകളിലേക്ക് കടന്നുചെന്ന് സ്ത്രീകളെ സമൂഹ



ത്തിന്റെ ഉദ്ധാരണത്തിന് പ്രാപ്തരാക്കുന്നതിന് സ്ത്രീകളുടെ തന്നെ ഒരു സന്യാസസമൂഹത്തിന് രൂപം കൊടുക്കുവാൻ വന്ദ്യപിതാവ് തീരുമാനിച്ചു. വന്ദ്യപിതാവ് കൽക്കട്ട സെറാമ്പൂർ കോളജിൽ പ്രൊഫസറായിരിക്കുമ്പോൾ ഏതാനും പെൺകുട്ടികളെ കൽക്കട്ടയിൽനിന്നും 300 കി.മീ. അകലെയുള്ള ബാരിസോളിൽ കൊണ്ടുപോയി ആംഗ്ലിക്കൻ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ സന്യാസപരിശീലനം നൽകി തിരുമൂലപുരത്ത് സന്യാസിനികൾക്കുള്ള കോൺവെന്റിന് സ്ഥാനം കണ്ടെത്തി. 1925 സെപ്തംബർ 8-ാം തീയതി തിരുമൂലപുരത്ത് ബഥനിയിലെ 3 അംഗങ്ങൾ, മദർ ശൈനോ, മദർ ഹൂബ, മദർ ദനഹാ എന്നിവർ മാർ ഈവാനിയോസ് തിരുമേനിയുടെ മുൻപാകെ സന്യാസ സമർപ്പണം നടത്തി. അങ്ങനെ പരിശുദ്ധ ദൈവമാതാവിന്റെ ജന്മദിനത്തിൽ ബഥനി മിശിഹാനുകരണ സന്യാസിനീ സമൂഹം മലങ്കര സഭയിൽ ഉദയം ചെയ്തു.

സഭാപരമായി സന്യാസത്തിന്റെ പൂർവ്വപാരമ്പര്യങ്ങളൊന്നും അവകാശപ്പെടാനില്ലാതിരുന്ന മിശിഹാനുകരണ സന്യാസിനി സമൂഹത്തിന് തനതായ ആദ്ധ്യാത്മികതയും ദൈവികമായ പ്രചോദനവും നൽകി വളർത്തിയത് സ്ഥാപക പിതാവായ മാർ ഈവാനിയോസ് പിതാവ് തന്നെയാണ്. പരിശുദ്ധ ദൈവമാതാവിനോടുള്ള ആഴമായ ഭക്തിയിൽ വളരുവാനും പരിശീലിപ്പിച്ചു. വിശുദ്ധ ബസേലിയോസിന്റെ നിയമം ആസ്പദമാക്കി നിയമസംഹിതയും ക്രോഡീകരിച്ചു.

1930 സെപ്തംബർ 20-ന് മാർ ഈവാനിയോസ് പിതാവിന്റെ ചരിത്രപ്രസിദ്ധമായ പുനരൈക്യം നടന്നു. തുടർന്ന് 1930 സെപ്തംബർ 22-ന് അന്ന് ബഥനി സന്യാസിനി സമൂഹത്തിൽ ഉണ്ടായിരുന്ന പത്ത് അംഗങ്ങളും കുടുംബാംഗങ്ങളുടെ ശക്തമായ എതിർപ്പിനെ അവഗണിച്ച് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു.

1936 മുതൽ തിരുവല്ല, തിരുവനന്തപുരം എന്നീ രൂപതകളിൽ രണ്ട് സമൂഹങ്ങളായി ബഥനി സന്യാസിനി സമൂഹം വളർന്നുവന്നുകൊണ്ടിരുന്നു. 1956 ആഗസ്റ്റ് 21-ന് 11- ാം പീയൂസ് മാർപാപ്പ രണ്ടു സമൂഹങ്ങളെയും സംയോജിപ്പിച്ച് ഒരു മദർ ജനറലിന്റെ കീഴിൽ പൊന്തിഫിക്കൽ പദവി നൽകി ആദരിച്ചു.

മാർ ഈവാനിയോസ് പിതാവിന്റെ ദർശനത്തിൽ സഭയിൽ സന്യാസത്തിനുള്ള സ്ഥാനം വ്യക്തമാക്കുന്നത് - സഭയുടെ ചങ്ക് - ആയിട്ടാണ്. ബഥനി മക്കൾ സ്ഥാപക പിതാവിന്റെ ദർശനം മനസ്സിലാക്കി സഭയുമായുള്ള ബന്ധത്തിലായിരിപ്പാൻ, സഭയ്ക്കുവേണ്ടി സ്പന്ദിക്കുന്ന ഹൃദയമായി മാറുവാൻ വിവിധ ശുശ്രൂഷകളിലൂടെ സർവ്വാത്മനാ പരിശ്രമിക്കുന്നു. ദൈവപരിപാലനയിൽ ഇന്ന് തിരുവല്ല, തിരുവനന്തപുരം, ബത്തേരി, പത്തനംതിട്ട, മൂവാറ്റുപുഴ എന്നീ പ്രൊവിൻസുകളിലായി 828 സിസ്റ്റേഴ്സ് അംഗങ്ങളായി ബഥനിക്കുണ്ട്. കേരളത്തിൽ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലും, തിരുവല്ല അതിഭദ്രാസനത്തിലും മറ്റ് 5 ഭദ്രാസനങ്ങളിലും സിസ്റ്റേഴ്സ്

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**ഒരു വിശ്വാസി**

ശുശ്രൂഷ ചെയ്യുന്നു. കൂടാതെ ബാഹ്യകേരളത്തിൽ ചെന്നൈ, ബോംബെ, പൂന, ഡൽഹി, ഫരീദാബാദ്, സെക്കന്തരാബാദ്, നാസിക്, കൽക്കട്ട, ഭിലായ്, ഭോപ്പാൽ, ബാംഗ്ലൂർ, ഒറീസ എന്നിവിടങ്ങളിലും സിസ്റ്റേഴ്സ് സേവനം ചെയ്യുന്നുണ്ട്. ബാഹ്യകേരളത്തിൽ ഗുഡ്ഗാവ് രൂപതയും, പൂനെയിലെ കട്കി എക്സാർക്കേറ്റും രൂപീകൃതമായതിൽ ബഥനിമക്കൾ സന്തോഷിക്കുന്നു. ബാഹ്യകേരള മിഷന്റെ ആരംഭം മുതൽ തന്നെ ബഥനി സന്യാസിനികൾ മിഷനുകളിൽ വിവിധ ശുശ്രൂഷകളിൽ വ്യാപൃതരായിരുന്നുവെന്നത് പ്രത്യേകം സ്മരണീയമാണ്. ഈ സമർപ്പിതവർഷത്തിൽ ഒറീസായിലും ബഥനിയുടെ ശുശ്രൂഷ ആരംഭിക്കുവാൻ സാധിച്ചത് ദൈവത്തിന്റെ വലിയ പരിപാലനയാണ്. വിദേശരാജ്യങ്ങളിൽ ജർമ്മനി, അമേരിക്ക, സൗത്ത് ആഫ്രിക്ക, എത്യോപ്യ, ഇറ്റലി, ഇസ്രായേൽ എന്നിവിടങ്ങളിലും ബഥനി സന്യാസിനികൾ വിവിധ ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്നു.

മിശിഹാനുകരണത്തിലൂടെ മലങ്കര സഭയുടെ ആദ്ധ്യാത്മിക നവീകരണം, പുനരൈക്യം, സ്ത്രീജനോദ്ധാരണം, സുവിശേഷ പ്രഘോഷണം എന്നതാണ് ബഥനിയുടെ കാരിസം. ബഥനിയുടെ എല്ലാ ശുശ്രൂഷാ വേദികളിലും ഈ കാരിസം പ്രതിഫലിക്കുന്നു.

കർത്താവേശുമിശിഹായെ ധ്യാനപരമായ രഹസ്യജീവിതത്തിലും പ്രവർത്തികളാൽ വിശിഷ്ടമായ പരസ്യജീവിതത്തിലും അടുത്തനുകരിക്കുക എന്നതാണ് ഈ സമൂഹത്തിന്റെ പ്രത്യേക ലക്ഷ്യം. സ്ഥാപക പിതാവിന്റെ ആപ്തവാക്യമായ 'ദൈവസ്നേഹത്താൽ അത്യുത്തമം ദൈവസമ്പാദനം' എന്നത് ഉൾക്കൊണ്ട് ഉപവാസം, പ്രാർത്ഥന, ധ്യാനം, മൗനം.. ഇവ വഴി ദൈവവുമായിട്ടുള്ള ബന്ധത്തിൽ ആഴപ്പെട്ട് ദൈവാനുഭവത്തിൽ വളരുവാൻ ബഥനി സന്യാസിനികൾ നിഷ്കർഷ പുലർത്തുന്നു. തദ്വാര ആതുരസേവനം, അനാഥരുടെയും അശരണരുടെയും സംരക്ഷണം, സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ, വിദ്യാഭ്യാസം, സ്ത്രീജനോദ്ധാരണം, പുനരൈക്യ പ്രവർത്തനങ്ങൾ, സുവിശേഷഘോഷണം ഇവ വഴി യേശുവിനെ അടുത്തനുകരിച്ച് അവിടുത്തെ കർമ്മോത്സുക ജീവിതത്തിന് സാക്ഷ്യം വഹിക്കുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ സ്ത്രീജനോദ്ധാരണത്തിനായി യത്നിക്കുന്നു. മൂല്യാധിഷ്ഠിതമായ ഒരു ജീവിതശൈലി കുട്ടികളിൽ രൂപപ്പെടുത്തി, സാമൂഹ്യപ്രതിബദ്ധതയോടെ, സംസ്കാര സമ്പന്നതയോടെ, ജീവിക്കുവാൻ കുട്ടികളെ സജ്ജരാക്കുന്നു. ഉത്തമരായ കുടുംബിനികളെ രൂപപ്പെടുത്തുവാൻ ഈ മേഖലയിലൂടെ ശ്രമിക്കുന്നു. നിർദ്ധനരായ കുട്ടികളുടെ പഠനത്തിനും ഉന്നതിക്കും പ്രത്യേകമായ ഊന്നൽ നൽകുന്നു. ഇന്നത്തെ കുട്ടികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി കൗൺസിലിംഗിലൂടെ ശരിയായ ദിശാബോധം നൽകി അവരെ നയിക്കുന്നു. അതോടൊപ്പം മാതാപിതാക്കന്മാർക്ക് ബോധവത്കരണ ക്ലാസ്സുകൾ നൽകി കുടുംബജീവിതം സന്തുഷ്ടമായി നയിക്കുവാൻ സഹായിക്കുന്നു. ശാരീരികവും മാനസികവുമായ ന്യൂനതകൾ ഉള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ തക്കതായ വിദ്യാഭ്യാസവും പരിശീലനവും നൽകുന്നതിലും സന്യാസിനീ സമൂഹം പ്രതിജ്ഞാബദ്ധമാണ്.

സൗഖ്യദായകനായ യേശുനാഥനിൽ കേന്ദ്രീകൃതമായ ആതുരശുശ്രൂഷാ രംഗവും ബഥനി സന്യാസിനികളുടെ ശുശ്രൂഷാവേദിയാണ്. വിവിധ ആശുപത്രികളിൽ, ക്ലിനിക്കുകളിൽ, പാലിയേറ്റീവ് കെയർ സെന്ററുകളിൽ, കുഷ്ഠരോഗാശുപത്രികളിൽ അനേകർക്ക് ശാരീരികവും മാനസികവും ആത്മീയവുമായ സൗഖ്യം പകരുവാൻ ഏറ്റവും അർപ്പണബോധത്തോടെ യത്നിക്കുന്നു. മൊബൈൽ ക്ലിനിക്കുകളിലൂടെയും ഭവനങ്ങളിലെത്തി രോഗീപരിചരണം നിർവ്വഹിക്കുന്നു.

ഇടവക പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെയും യുവജനങ്ങളുടെയും കുടുംബസ്ഥരുടെയും ഇടയിൽ പ്രവർത്തിച്ചുകൊണ്ട് സഭാതനയരുടെ ആത്മീയ ഉണർവിനും കൗദാശിക വളർച്ചയ്ക്കും സഹായിച്ചുകൊണ്ട് മലങ്കര കത്തോലിക്കാസഭയുടെ ആത്മീയ നവോത്ഥാനത്തിനായി പരിശ്രമിക്കുന്നു. മലങ്കര ആരാധനാക്രമം അതിന്റെ തനിമ നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കുവാനും വളർന്നുവരുന്ന തലമുറയ്ക്ക് കൈമാറുവാനും ശ്രദ്ധചെലുത്തുന്നു. ഇടവകയിൽ നടത്തുന്ന ഹോംമിഷനിലും സഭയോട് ഒത്തുചേർന്ന് പ്രവർത്തിക്കുന്നു.

ജീവിതസായാഹ്നത്തിൽ എത്തിയ അനേകർ ഇന്ന് സ്നേഹവും കരുതലും ശുശ്രൂഷയും നിഷേധിക്കപ്പെട്ട് നിരാശയിൽ, ഏകാന്തതയിൽ, മരണത്തിന്റെ കാലൊച്ചയും കാത്തിരിക്കുന്നുണ്ട്. അവർക്ക് സാന്ത്വനമേകി, സ്നേഹം പകർന്ന്, ശുശ്രൂഷിക്കുവാൻ ബഥനിയുടെ ആശ്വാസഭവനങ്ങളിൽ ഇന്ന് ബഥനി സന്യാസിനികൾ സദാ ഉത്സുകരാണ്.

എല്ലാ ശുശ്രൂഷാവേദികളും സുവിശേഷഘോഷണ വേദികളാണെങ്കിലും അതിനുവേണ്ടി മാത്രം നിയോഗിക്കപ്പെട്ട സിസ്റ്റേഴ്സ് സുവിശേഷസംഘം, ധ്യാനടീം, ബഥനി ക്യാമ്പസ് മിനിസ്ട്രി, ഹോം മിഷൻ ഇവയിലൂടെ സുവിശേഷഘോഷണം നടത്തുന്നു.

മലങ്കര കത്തോലിക്കാ സഭയിലെ പ്രഥമ സന്യാസിനീ സമൂഹം എന്ന നിലയിൽ തിരുവല്ല അതിരൂപതയുടെ ആരംഭം മുതൽ സഭാദൗത്യ ശുശ്രൂഷയിൽ ആഴമായി ഉൾച്ചേർന്ന് പ്രവർത്തിക്കുവാൻ ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹത്തിന് ഭാഗ്യം ലഭിച്ചുവെന്നത് ഒരു ദൈവനിയോഗമായി കാണുന്നു. മലങ്കര കത്തോലിക്കാ സഭയുടെ ചരിത്രവുമായി ഇഴുകിച്ചേർന്നിരിക്കന്ന ബഥനി സന്യാസിനി സമൂഹം സഭയുടെ പൊതുസ്വത്താണ്. ഒരു പൊന്തിഫിക്കൽ സമൂഹമായ ബഥനിയുടെ മുഴുവൻ കർമ്മശേഷിയും മലങ്കര കത്തോലിക്കാ സഭയോടൊന്നിച്ച് ആഗോള സഭയിലെ അപ്പസ്തോലിക പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു.

BODY LANGUAGE

നോട്ടങ്ങളും ആംഗ്യങ്ങളും ശരീരചനലങ്ങളും ചില കാര്യങ്ങളുടെ പ്രതിഫലനം തന്നെയാണ്. അത് പലപ്പോഴും ബോധപൂർവ്വമാകില്ലെന്നു മാത്രം. നാം ഇത് പലപ്പോഴും ശ്രദ്ധിക്കാറില്ലെങ്കിലും മറ്റുള്ളവർ അത് നിരീക്ഷിച്ചെന്നു വരാം. ചലനങ്ങൾക്ക് ശബ്ദത്തേക്കാൾ ഫലപ്രദമായി ആശയവിനിമയം നടത്താൻ കഴിയും. മറ്റുള്ളവരുമായി ഇടപെടുമ്പോൾ ഇന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ശരീര ഭാഷയെക്കുറിച്ച് നാം ബോധവാൻമാരാകണം. ഒരാൾ മറ്റൊരാളെക്കുറിച്ചുള്ള അഭിപ്രായം ആദ്യകാഴ്ചയിലെ ആദ്യ 90 സെക്കന്റിനകം തന്നെ രൂപീകരിച്ചു കഴിഞ്ഞിരിക്കും. ആദ്യമേ തന്നെ പുഞ്ചിരിക്കാൻ പഠിക്കുക "a smile cost is nothing but its creates much" മുഖത്തു നോക്കി സംസാരിക്കുക, താടിക്കു കീഴോട്ടു നോക്കിയുള്ള സംസാരം കള്ള ലക്ഷണമാണ്. നെറ്റിയും മൂക്കും കൂടിയുള്ള ഒരു ത്രികോണം സങ്കല്പിച്ച് അതിന് നടുക്കാവണം നോട്ടം. നമ്മുടെ ആശയത്തിന്റെ 30–35 ശതമാനം മാത്രമേ ശബ്ദത്തിലൂടെ വിനിമയം ചെയ്യപ്പെടുന്നുള്ളൂ. ബാക്കി ശരീരഭാഷയിലൂടെയും ആംഗ്യഭാഷയിലൂടെയുമാണ്. ഉച്ചയ്ക്ക് 12 മണിക്ക് മുമ്പ് goodmorning ഉം 12 കഴിഞ്ഞാൽ good afternoon ഉം 4 മണി കഴിഞ്ഞാൽ good evening ഉം പറയണം. എത് രാത്രിയായാലും കാണുമ്പോൾ good night പറയുക എന്നൊരു സംഗതിയില്ല. good evening എന്നാണ് പറയേണ്ടത്. good night പറഞ്ഞുകഴിഞ്ഞാൽ പിന്നെ സംസാരമില്ലായെന്നു സാരം.

**സംസാരിക്കുമ്പോൾ നെഞ്ചിനെക്കാൾ ഉയരത്തിൽ കൈപൊക്കി സംസാരിക്കുന്നതും മുഖത്തേയ്ക്കു വിരൽ ചൂണ്ടി സംസാരിക്കുന്നതും അനാവശ്യമായ അംഗവിക്ഷേപങ്ങൾ കാണിക്കുന്നതും അച്ചടക്കരാഹിത്യത്തിന്റെ ലക്ഷണമാണ്. ഉപ്പൂറ്റികൾ വച്ച് നടക്കുന്നതും സ്വയം നിയന്ത്രണമില്ലാത്തവരുടെ ലക്ഷണമാണ്.**



# ശരീര ഭാഷ




**ബിനു കണ്ണന്താനം**
പേഴ്സണാലിറ്റി
ഡെവലപ്മെന്റ് ട്രെയ്നർ


സംസാരിക്കുമ്പോൾ നെഞ്ചിനെക്കാൾ ഉയരത്തിൽ കൈപൊക്കി സംസാരിക്കുന്നതും മുഖത്തേയ്ക്കു വിരൽ ചൂണ്ടി സംസാരിക്കുന്നതും അനാവശ്യമായ അംഗവിക്ഷേപങ്ങൾ കാണിക്കുന്നതും അച്ചടക്കരാഹിത്യത്തിന്റെ ലക്ഷണമാണ്. ഉപ്പൂറ്റികൾ വച്ച് നടക്കുന്നതും സ്വയം നിയന്ത്ര

ണമില്ലാത്തവരുടെ ലക്ഷണമാണ്.

ശാരീരികമായ ചലനങ്ങൾ പോലെ പ്രധാനമാണ് നമ്മുടെ വേഷവിധാനവും. വളരെ അയഞ്ഞ പാറിപ്പറക്കുന്ന രീതിയിലുള്ള വസ്ത്രധാരണം അച്ചടക്കമില്ലായ്മയാണ് സൂചിപ്പിക്കുന്നത്. ഒന്നിലും ശ്രദ്ധിക്കാത്തവരും ഒന്നും വിജയകരമായി പൂർത്തീകരിക്കാത്തവരുമാണ് ഇത്തരക്കാർ എന്നാണ് വിലയിരുത്തപ്പെടുന്നത്. എന്നാൽ വളരെ ഇറുകിയ വേഷം ആത്മവിശ്വാസകുറവാണ് കാണിക്കുന്നത്. മുടി പാറിപ്പറക്കുന്നതും നെറ്റിയിലേയ്ക്ക് വീണു കിടക്കുന്നതും പെൺകുട്ടികൾ തോൾ വഴി മുടി മുമ്പിലേയ്ക്ക് ഇടുന്നതും അച്ചടക്കമില്ലായ്മയാണ്. കസേരയിൽ മുമ്പിലേയ്ക്ക് കയറി ഇരിക്കുന്നതും തലകുനിച്ചിരിക്കുന്നതും ആത്മവിശ്വാസമില്ലാത്തവരാണ്. കയ്യും കെട്ടി നിൽക്കുന്നത് അന്തർമുഖരാണ്. മറ്റുള്ളവരിൽ നിന്നും അകലം പാലിക്കാൻ ആഗ്രഹിക്കുന്നവെന്നാണ്. മുഖത്ത് സ്പർശിച്ചുള്ള ആംഗ്യങ്ങൾ, മൂക്കും കണ്ണും ചൊറിയുക, വാച്ചിൽ നോക്കുക, ദൃഷ്ടി മാറ്റുക, ഇളകിയിരിക്കുക ഇവ സംസാരവിഷയത്തോടും വ്യക്തിയോടുമുള്ള താല്പ്പര്യക്കുറവാണ്,സത്യസന്ധനല്ലെന്ന തോന്നൽ ഇവയാണ് ഇത്തരം ചേഷ്ടകൾ വെളിവാക്കുക. നിൽക്കുമ്പോൾ കൈകൾ പോക്കറ്റിലിടുന്നത് സംശയദൃഷ്ടിയെയും അരക്കെട്ടിൽ കൈയൂന്നി നിൽക്കുന്നത് കേൾക്കാനും സഹായിക്കാനും തയ്യാർ എന്നും, കൈകൊണ്ട് തല താങ്ങുന്നതും കവിൾ ചൊറിയുന്നതും കേട്ടകാര്യങ്ങൾ വിമർശനാത്മകമായി വിലയിരുത്തുന്നു എന്നുമാണ്.


മറ്റൊരാളുടെ മേശപ്പുറത്ത് കൈകുത്തി ഇരിക്കുന്നതും അവിടിരിക്കുന്ന പേപ്പർ വെയ്റ്റും മറ്റും കൈയിലെടുക്കുന്നതും അച്ചടക്കരാഹിത്യമാണ്. നമ്മുടെ ബാഗും മറ്റും മേശപ്പുറത്ത് കയറ്റി വയ്ക്കുന്നതും ശരിയല്ല. നഖം കടിക്കൽ, പല്ലുകുത്തൽ, കൈവിരലുകൾ നുണക്കുഴിയിലിട്ടു കറക്കൽ, താടിയിൽ കൈവയ്ക്കൽ, മൂക്കിന്റെ അറ്റം തിരുമ്മൽ, കോളർ ശരിയാക്കൽ ഇവയൊക്കെ ടെൻഷനെയാണ് സൂചിപ്പിക്കുന്നത്.

## പുണ്യശ്ലോകനായ മാർ തെയോഫിലോസ് പിതാവ്

13-ാം പേജ് തുടർച്ച

സന്യാസം സഹനത്തിന്റെ പാഠശാലയാണെന്നും കുരിശെടുത്തുകൊണ്ട് ക്രൂശിതനോടനുരൂപപ്പെടുന്ന ജീവിതപദ്ധതിയാണെന്നും അദ്ദേഹം മറ്റുള്ളവർക്ക് കാണിച്ചുകൊടുത്തു.

മാർ തെയോഫിലോസ് തിരുമേനിയെപ്പറ്റി അഭി. ഗീവർഗീസ് മാർ തീമോത്തിയോസ് പിതാവ് ഇപ്രകാരം പറയുന്നു. "തിരുമേനിയോടൊത്ത് മൈനർ സെമിനാരിയിൽ രണ്ട് വർഷത്തോളം വർഷത്തോളം ജീവിച്ച കാലത്ത് പിതാവിന്റെ ഭക്തിജീവിതം, സ്നേഹം, നിഷ്കളങ്കത ഇവ കണ്ടനുഭവിക്കുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. സ്വരമാധുര്യമുള്ളതും ഭക്തിനിർഭരമായ യാമനമസ്കാരം ഞങ്ങൾക്ക് എന്നും ഇമ്പകരവും ഭക്തിദ്യോതകവുമായിരുന്നു.




"എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ സകലതും പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" എന്ന് കർത്താവേശുമിശിഹാ പറയുന്നു. ഈ വചനം പൂർണമായും ജീവിതത്തിൽ സ്വീകരിച്ച വ്യക്തിയാണ് അഭിവന്ദ്യ തെയോഫിലോസ് പിതാവ്. കർത്താവായ യേശുവിനെ അടുത്തനുഗമിച്ചപ്പോൾ ജീവിതത്തിലുണ്ടായ സഹനത്തെയും പ്രയാസങ്ങളെയും ബുദ്ധിമുട്ടുകളെയുമെല്ലാം ക്ഷമയോടെ സ്വീകരിക്കുവാൻ സാധിച്ചുവെന്നതാണ് പിതാവിനെ ശ്ലേഷ്ഠനാക്കുന്നത്.

പിതാവിന്റെ ജീവിതാഭിലാഷം മലങ്കര സഭാമക്കളുടെ പുനരൈക്യമായിരുന്നു. അദ്ദേഹത്തിന്റെ അഭിലാഷം പൂർത്തീകരിക്കുന്നതിനായി കൂടുതൽ തീക്ഷ്ണമായും ഉത്തരവാദിത്വത്തോടെയും പ്രവർത്തിക്കുവാനും പ്രാർത്ഥിക്കുവാനും നമുക്ക് ഈയവസരത്തിൽ പ്രതിജ്ഞയെടുക്കാം.

ഒരു ഘടികാരത്തിലെ ചെറുതും വലുതുമായ എല്ലാ ചക്രങ്ങളും ഒരു പോലെ പ്രവർത്തിച്ചെങ്കിൽ മാത്രമെ ഘടികാരം കൃത്യമായി പ്രവർത്തിക്കുകയുള്ളൂ. സഭയാകുന്ന ഘടികാരവും കൃത്യമായും ഭംഗിയായും പ്രവർത്തിക്കുന്നതിന് സഭയിലെ എല്ലാവരുടെയും ഒരുമിച്ചുള്ള പ്രവർത്തനം അനിവാര്യമാണ്. മറ്റുള്ളവരുടെ കണ്ണീരൊപ്പാൻ വിളിക്കപ്പെട്ടിരിക്കുന്ന നാം പ്രതിസന്ധികളിൽ തളരാതെ അദ്ധ്യാത്മിക ചൈതന്യത്തിൽ ജീവിച്ച് വന്ദ്യ പിതാവിനെപ്പോലെ, പ്രാർത്ഥനയിലും ത്യാഗപ്രവർത്തകളിലും ആഴപ്പെടണം.

കുടുംബവേദി

# ജ്ഞാനത്തിലും പ്രായത്തിലും



ഫാ. ജോൺ പടിപ്പുരയ്ക്കൽ

ഞാൻ എന്റെ കുഞ്ഞിനെ സ്നേഹിക്കുന്നു. വഴിയോരത്ത് വിൽക്കുന്ന സാധനങ്ങളൊന്നും ഞാൻ അവന് മേടിച്ചുകൊടുക്കാറില്ല. പഞ്ചനക്ഷത്ര ഹോട്ടലുകളിൽനിന്ന് ഭക്ഷണവും നഗരമദ്ധ്യത്തിൽ അംബരചുംബികളായി നിൽക്കുന്ന പടുകൂറ്റൻ സൗധങ്ങളിൽനിന്ന് ആടയാഭരണങ്ങളും ഞാൻ അവന് മേടിച്ച് കൊടുക്കുന്നു എന്ന് അഭിമാനത്തോടെ പറയുകയും, സർക്കാർ വിദ്യാലയങ്ങളിലോ മലയാളം മീഡിയം സ്കൂളുകളിലോ ഞാൻ അവനെ വിട്ടിട്ടേയില്ല, അഞ്ചക്ക സംഖ്യ അഡ്മിഷൻ ഫീസായും നാലക്കസംഖ്യ പ്രതിമാസ ഫീസായും നൽകി ഞാൻ അവനെ പഠിപ്പിക്കുന്നു എന്ന് വീമ്പിളക്കുകയും ചെയ്യുന്ന മാതാപിതാക്കളെ, ചെവിയുള്ളവൻ കേൾക്കട്ടെ എന്ന ക്രിസ്തുവചനം നിങ്ങളുടെ ഹൃദയങ്ങളെ പ്രകമ്പനം കൊള്ളിക്കട്ടെ. കണ്ണുള്ളപ്പോൾ കണ്ണിന്റെ വില അറിയില്ല എന്ന പഴമൊഴി നിങ്ങളുടെ ഉറക്കത്തിന് വിഘ്നം സൃഷ്ടിക്കട്ടെ.

പേരിനൊപ്പം തൂക്കിയിടുന്ന അക്ഷരമാല (എം.എ., ബി.എ., എം.എസ്.സി., എം.ബി.ബി.എസ്....) മാത്രമായി വിദ്യാധനവും വിദ്യഭ്യാസവും അധഃപതിക്കുമ്പോൾ മൂല്യങ്ങളും ധാർമ്മികതയും കാറ്റിൽപ്പറന്നു പോകുന്നു. സ്നേഹത്തിന്റെയും കരുണയുടെയും സഹിഷ്ണുതയുടെയും കരുതലിന്റെയുമൊക്കെ ബാലപാഠങ്ങൾ എങ്ങോട്ടോ പോയിമറയുന്നു. മനുഷ്യനെ മനുഷ്യനായി കാണുവാനും, മനുഷ്യത്വമുള്ളവനായി വളരുവാനും, അനുകമ്പയും ആർദ്രതയും ഉള്ളവരായി ജീവിക്കുവാനും, അവനെ സഹായിക്കാൻ ആധുനിക അദ്ധ്യാപകർക്കോ ഫാസ്റ്റ് ഫുഡ് പ്രദാനം ചെയ്ത് ഉടലിന്റെ വലിപ്പം വർദ്ധിപ്പിച്ച് കുഞ്ഞുങ്ങളെ വളർത്തുന്ന രക്ഷിതാക്കൾക്കോ സാധിക്കാതെ പോകുന്നു. മക്കളോടുള്ള അമിതവാത്സല്യത്തിന്റെ പേരുപറഞ്ഞ് കുഞ്ഞിന്റെ താളത്തിനൊത്ത് തുള്ളുകയും, അവന്റെ ശാഠ്യത്തിനു മുൻപിൽ സ്വയം തോറ്റു കൊടുക്കുകയും ചെയ്യുന്ന അപ്പനമ്മമാർ കുട്ടികൾക്ക് നേരായ പാത കാണിച്ചുകൊടുക്കുവാൻ മറന്നു പോകുന്നു. കിടപ്പാടം പണയംവച്ച് സെൽഫോണും ടാബ്ലെറ്റും ടൂവീലറും മേടിച്ചുകൊടുത്ത് 'ഒറ്റപ്പൂരാട'ത്തിന്റെ സൗഹൃദ വലയം വികസിപ്പിക്കുന്നു എന്ന് അവകാശപ്പെടുമ്പോൾ നിങ്ങൾപോലും അറിയാതെ തന്നെ നിങ്ങൾ അവനെ മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും സുഹൃത്താക്കി മാറ്റുന്നു. പിന്നീടവൻ പരാജയത്തിന്റെയും നിരാശയുടെയും ഒറ്റപ്പെടലിന്റെയുമൊക്കെ പേരുപറഞ്ഞ് ചീറിപ്പാഞ്ഞുവരുന്ന തീവണ്ടിക്കു മുൻപിലും ആരെയും ആകർഷിക്കത്തക്കവിധം ലേബലുചെയ്ത മരീചികയ്ക്കു മുൻപിലും ഒരു തുണ്ടുകയറിലുമൊക്കെ ഉത്തരം തേടി അലയേണ്ടിവരുന്നു.



ശിക്ഷണത്തിലൂടെ കുഞ്ഞുങ്ങളെ നേർപാതയിലേക്ക് നയിക്കുവാൻ പരിശ്രമിക്കുന്ന അദ്ധ്യാപകർക്കെതിരെ മുഷ്ടിചുരുട്ടുകയും സിന്ദാബാദ് വിളിക്കുകയും ചെയ്യുന്നവർ അറിഞ്ഞുകൊള്ളുക: 'കഴുകൻ തന്റെ കൂടു തകർക്കുക കുഞ്ഞുങ്ങളെ നശിപ്പിക്കുവാനല്ല; ജീവിക്കുവാൻ പഠിപ്പിക്കുവാനാണ് (നിയമാവർത്തനം 31–11). കൂടിന്റെ സുരക്ഷിതത്വത്തിൽനിന്നും

പുറന്തള്ളപ്പെടുമ്പോൾ കുഞ്ഞുങ്ങൾ കരയുമെങ്കിലും ഒരു അമ്മയുടെ ഹൃദയവേദനയോടുകൂടിയുള്ള ഈ പ്രവർത്തി ഉയരത്തിൽ ചിറകുവിരിച്ച് പറക്കുവാനും ഉന്നതത്തിൽ നിന്ന് ഭൂമിയിലെ ഒരു ചെറുചലനം പോലും വ്യക്തമായിക്കാണുവാനും കുഞ്ഞുങ്ങളെ പ്രാപ്തരാക്കുന്നു. ഞാൻ, എനിക്ക്, എന്റേത് എന്നുമാത്രം ഉച്ചരിച്ചുകൊണ്ട് 'കൂപമണ്ഡൂക'ത്തെപ്പോലെ നടക്കുന്ന കുഞ്ഞുങ്ങളെ രണ്ടുള്ളതിൽ നിന്ന് ഒന്ന് ഇല്ലാത്തവന് കൊടുക്കുവാനും തന്നോടുകൂടി ഒരുമുഴം യാത്രചെയ്യുവാൻ ആവശ്യപ്പെടുന്നവനോടുകൂടി രണ്ടുമുഴം അനുയാത്ര ചെയ്യുവാനും വ്യസനിക്കുന്നവനോടൊപ്പം ചേർന്നുനിന്ന് ആശ്വാസവചനമരുളുവാനുമൊക്കെ പ്രാപ്തരാക്കുക അനിവാര്യമായിരിക്കുന്നു.

ജോലിത്തിരക്കിന്റെയും സാമ്പത്തിക പ്രതിസന്ധിയുടെയുമൊക്കെ കണക്കുകൾ നിരത്തി തല മൂത്ത തലമുറയെ ഭവനങ്ങളിൽനിന്നും വയോധിക മന്ദിരങ്ങളിലേക്ക് കുടിയേറ്റിപ്പാർപ്പിക്കുകയും ചെയ്യുമ്പോൾ കുഞ്ഞുങ്ങളോടൊപ്പമിരുന്ന് അറിവ് വിളമ്പാൻ ഭവനത്തിൽ ആളില്ലാതാകുന്നു. പഴഞ്ചൊല്ലുകളും കടങ്കഥകളും നാട്ടറിവുകളുമൊക്കെ കൊച്ചുമക്കൾക്ക് 'കിട്ടാക്കനി' കളായി അവശേഷിക്കുന്നു. പട്ടവും പമ്പരവും കുന്നിക്കുരുവുമൊക്കെ മുത്തശ്ശിക്കഥകളിൽ നിന്നും വായിച്ചെടുക്കേണ്ട അറിവുകളായി മാറുന്നു.

പഴയനിയമത്തിൽ ദൈവസ്വരം തിരിച്ചറിയാൻ സാധിക്കാതെ 'വിളി'യുടെ ഉറവിടമാരാഞ്ഞ് ഏലി പ്രവാചകന്റെ അടുത്തെത്തുന്ന 'കുഞ്ഞുശാമുവേലിന്', "കർത്താവേ അരുൾ ചെയ്താലും അങ്ങയുടെ ദാസൻ ഇതാ ശ്രവിക്കുന്നു" (1സാമു.3:9) എന്ന് പറഞ്ഞുകൊടുത്ത് കർത്താവിന്റെ 'സ്വരത്തിന്' കാതോർക്കാൻ ബാലനായ ശാമുവേലിനെ പഠിപ്പിക്കാൻ പ്രായാധിക്യംമൂലം കാഴ്ചപോലും നഷ്ടപ്പെട്ടുപോയ 'ഏലി മുത്തശ്ശനെ' നാം പരിചയപ്പെടുന്നു. മൂന്നു വിരലുകൾ ചേർത്തുപിടിച്ച് കുരിശുവരയ്ക്കാനും, മുതിർന്നവരെയും ഗുരുക്കന്മാരെയും ബഹുമാനിക്കുവാനും സത്യം പറയാനും കുഞ്ഞുങ്ങളെ പഠിപ്പിക്കാൻ ഒരു ഏലിയുടെ കുറവ് ഇന്നത്തെ കുടുംബത്തിൽ തെളിഞ്ഞുകാണുന്നു.

അവധിക്കാലത്തിന്റെ ആഘോഷത്തിനുശേഷം ജൂണിന്റെ കുളിർമഴയിൽ വിദ്യാലയത്തിന്റെ പടിവാതിലുകൾ വീണ്ടും ചവിട്ടുവാൻ മക്കളെ ഒരുക്കുന്ന വേളയിൽ നമുക്കും പ്രാർത്ഥിക്കാം. 'മനുഷ്യനെ മനുഷ്യനായി കാണാനുള്ള ഒരു രണ്ടാം സ്പർശനം' (മർക്കോ 8:24-25) അവന് ലഭിക്കണമേയെന്ന്. സ്വാർത്ഥതയുടെ പുറംകുപ്പായം വലിച്ചെറിഞ്ഞ് സ്നേഹത്തിന്റെയും കരുണയുടെയും കരുതലിന്റെയുമൊക്കെ ആഴക്കടലിലേക്ക് എടുത്തുചാടുവാൻ അവൻ പ്രാപ്തനായിത്തീരട്ടെ. അങ്ങനെ "ഞാൻ പ്രസാദിച്ചിരിക്കുന്ന എന്റെ പ്രിയ പുത്രൻ" (മത്തായി 3-17) എന്ന ക്രിസ്തു കേട്ട അതേ പ്രശംസയ്ക്ക് ഈ ഭൂമിയിലെ ഓരോ കുഞ്ഞുങ്ങളും അർഹരാകട്ടെ.

●

# വിശ്വാസ പരിശീലന മത്സര പരീക്ഷാ വിജയികൾ



Class X - I$^{st}$ Rank

**ബിന്റാ എൽസാ ബിജു (കത്തീഡ്രൽ)**



Class X - II$^{nd}$ Rank

**ജസ്സ് മേരി ജോസഫ് (പെരിങ്ങര)**



Class X - III$^{rd}$ Rank

**ഷാലു അന്ന സതീഷ് (ചെങ്ങരൂർ)**



Class XII - I$^{st}$ Rank

**ശ്രുതി ട്രീസാ ജോർജ്ജ് (ചെങ്ങരൂർ)**



Class XII - II$^{nd}$ Rank

**ഷാലു മറിയം മാമ്മൻ (തോട്ടഭാഗം)**



Class XII - III$^{rd}$ Rank

**ഷിൻസ് എബ്രഹാം (ചക്കുപള്ളം)**





# യുവജന മതബോധന ഗ്രന്ഥം You Cat



**ഷിബു മാത്യു ചുങ്കത്തിൽ**
Asst. Prof. MACFAST

"അതുകൊണ്ട് നിങ്ങളെ ഞാൻ ക്ഷണിക്കുന്നു. ഈ മതബോധനഗ്രന്ഥം പഠിക്കുക! എന്റെ ഹൃദയംഗമമായ ആഗ്രഹമാണിത്. ഈ മതബോധന ഗ്രന്ഥം നിങ്ങളെ സന്തോഷിപ്പിക്കാൻ വേണ്ടി രചിച്ചതല്ല. എന്തെന്നാൽ നിങ്ങൾക്ക് ഒരു പുതിയ ജീവിതമുണ്ടാകണമെന്ന് ഇത് ആവശ്യപ്പെടുന്നു. നിങ്ങൾ സകലതും കൊടുക്കേണ്ടിയിരിക്കുന്ന മഹത്തായ 'മൂല്യമുള്ള മുത്ത്' (മത്താ.13:46) എന്ന നിലയിൽ സുവിശേഷ സന്ദേശം ഇത് നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നു. അതുകൊണ്ട് ഞാൻ നിങ്ങളോട് അപേക്ഷിക്കുകയാണ്: ഈ മതബോധനഗ്രന്ഥം ആവേശത്തോടും സ്ഥിരോത്സാഹത്തോടും കൂടെ പഠിക്കുക. നിങ്ങളുടെ സമയം ഇതിനായി ബലിയർപ്പിക്കുക. നിങ്ങളുടെ മുറിയുടെ പ്രശാന്തതയിൽ ഇത് പഠിക്കുക. ഒരു സുഹൃത്തിനോടൊപ്പം ഇത് വായിക്കുക. പഠനസംഘങ്ങളും നെറ്റ്‌വർക്കുകളും രൂപപ്പെടുത്തുക. ഇന്റർനെറ്റിൽ പരസ്പരം പങ്കുവയ്ക്കുക. എല്ലാവിധത്തിലും നിങ്ങളുടെ വിശ്വാസത്തെക്കുറിച്ച് പരസ്പരം പറയുക."




പരിശുദ്ധ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ You Cat എന്ന അസാധാരണവും അമൂല്യവുമായ യുവജന മതബോധനഗ്രന്ഥം 2011-ൽ പുറത്തിറക്കിക്കൊണ്ട് യുവജനങ്ങളോട് പറഞ്ഞ വാക്കുകളാണ് മേലുദ്ധരിച്ചത്. സങ്കീർണ്ണമായ ഈ ലോകത്തിൽ അനുദിനം നവീകരിക്കാൻ യുവജനങ്ങളെ സഹായിക്കുന്ന വി. ഗ്രന്ഥത്തോടു ചേർത്തുവായിക്കാൻ അനുയോജ്യമായ ഗ്രന്ഥമാണ് കത്തോലിക്കാസഭയുടെ യുവജന മതബോധന ഗ്രന്ഥമാണ് You Cat.

എന്താണ് നാം വിശ്വസിക്കുന്നത്? നാം എങ്ങനെയാണ് ക്രൈസ്തവ രഹസ്യങ്ങൾ ആഘോഷിക്കേണ്ടത്? എങ്ങനെയാണ് നമുക്ക് ക്രിസ്തുവിൽ ജീവിക്കാനാകുന്നത്? നാം എങ്ങനെ പ്രാർത്ഥിക്കണം? എന്നിവയെല്ലാം യുവാക്കൾക്ക് എളുപ്പത്തിൽ മനസ്സിലാക്കാവുന്ന രീതിയിൽ ചോദ്യോത്തരങ്ങളിലൂടെയാണ് അവതരിപ്പിക്കുന്നത്. സഭയുടെ വിശ്വാസ പ്രബോധനങ്ങൾ, കൂദാശകൾ,



ധാർമ്മികത, പ്രാർത്ഥന, ആദ്ധ്യാത്മികത എന്നിവ സംബന്ധിക്കുന്ന 527 ചോദ്യോത്തരങ്ങളിലൂടെ തയ്യാറാക്കിയിരിക്കുന്ന You Cat യുവജനങ്ങളെ ഏറെ ആകർഷിക്കുന്ന വിധത്തിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്.

യുവജനങ്ങളുടെ വ്യക്തിജീവിതത്തെ ക്രമപ്പെടുത്താനും ലോകത്തോട് സംവദിക്കുമ്പോൾ ഉയരുന്ന നിരവധി സംശയങ്ങൾക്ക് വിശ്വസ്തനായ ഒരു സുഹൃത്തുപോലെ തെളിവാർന്ന ഉത്തരം നൽകുവാനും ഈ ഗ്രന്ഥം ഉപകരിക്കും. നാം പലപ്പോഴും മതബോധനം എന്നത് കുട്ടികൾക്കുള്ള വിശ്വാസപരിശീലന ക്ലാസ്സുകളായി മാത്രം ചുരുക്കാറുണ്ട്. എന്നാൽ മതബോധനം ഒരു തുടർപ്രക്രിയയാണ്. നാം എന്തു വിശ്വസിക്കുന്നു എന്നത് ആഴത്തിൽ അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. ഒരു ഐടി സ്പെഷ്യലിസ്റ്റ് കമ്പ്യൂട്ടറിന്റെ ആന്തരിക പ്രവർത്തനങ്ങൾ അറിയുന്നതുപോലെയുള്ള കൃത്യതയോടെ നിങ്ങളുടെ വിശ്വാസം നിങ്ങൾ അറിയണം. നല്ല സംഗീതജ്ഞൻ ഉപയോഗിക്കുന്ന സംഗീതോപകരണം അയാൾ അറിയുന്നതുപോലെ നിങ്ങൾ അതിനെ മനസ്സിലാക്കണം. പരി. ബനഡിക്ട് മാർപാപ്പയുടെ ഈ ആഗ്രഹം സഭയെ ആധുനിക ലോകത്തിന്റെ വെല്ലുവിളികളെ അതിജീവിക്കാൻ സഹായിക്കും.

സോഷ്യൽ മീഡിയായിലും വെർച്വൽ നെറ്റ്‌വർക്കിലും ജീവിക്കുന്ന യുവത്വത്തിന് വിശ്വാസം പങ്കുവയ്ക്കാൻ ലഭിക്കുന്ന അവസരങ്ങൾ നിരവധിയാണ്. നാം അനുഭവിച്ചറിഞ്ഞ വിശ്വാസത്തെ സന്തോഷത്തോടെ പങ്കുവയ്ക്കുവാൻ നവമാദ്ധ്യമങ്ങൾ നമുക്ക് ഉപയോഗിക്കാം. അതുകൊണ്ടാണ് മാർപാപ്പ ഇന്റർനെറ്റ് വഴി ഈ മതബോധന പ്രക്രിയ വളർത്താൻ ആഹ്വാനം ചെയ്തത്. നമ്മുടെ യുവജനങ്ങളുടെ കൈകളിൽ ബൈബിളിനൊപ്പം ചേർത്തുവയ്ക്കുന്ന ഒരു അമൂല്യസ്വത്തായി You Cat മാറട്ടെ.

# വി. ബൈബിൾ

(ചെത്തി, മന്ദാരം, തുളസി)

സാധു ജോസഫ് ഫ്രാൻസിസ്, തൃക്കൊടിത്താനം

ഉല്പത്തി പുസ്തകം പുറപ്പാടു ലേവ്യർ സംഖ്യയതും
ആവർത്തനം ജോഷ്വായും ന്യായാധിപന്മാർ
റൂത്തും രണ്ടുസാമുവേലും രണ്ടുരാജാക്കളും പിന്നേ
രണ്ടു ദിനവൃത്താന്തവും എസ്രാ നെഹമ്യാ
തോബിത്തിനു ശേഷം യൂദിത്ത് എസ്തേർ രണ്ടുമക്കബായർ
ജോബും സങ്കീർത്തനങ്ങളും സുഭാഷിതങ്ങൾ
പ്രസംഗകൻ, ഉത്തമനും ജ്ഞാനവും പ്രഭാഷകനും
ഐസയാസ് ജെറമിയായും വിലാപവുമായ്
ബാറൂക്കും എസക്കിയേലും ദാനിയേലും ഹോസിയായും
ജോയേലും ആമോസും നല്ലോരൊബാദിയായും
യോനാ മിഖാ നാഹും പിന്നെ ഹബക്കുക്കും സഫാനിയാ
ഹഗ്ഗായി സഖറിയായും മലാക്കിയുമായും
നാല്പത്താൽ പുസ്തകങ്ങൾ ഒന്നിച്ചിതാ ഒറ്റക്കെട്ടായ്
ആയിരത്തി എഴുപത്തി ഒൻപതദ്ധ്യായേ
ഒന്നാംസ്ഥാനം സങ്കീർത്തനം നൂറ്റിഅൻപതദ്ധ്യായങ്ങൾ
ഒടുവിൽ ഒരദ്ധ്യായത്തിൽ ഒബാദിയായും
നൂറ്റെഴുപത്താറുവാക്യം നൂറ്റിപത്തൊൻപതു തന്നിൽ
എസ്തേർ അന്ത്യം കുറിക്കുന്നു ഒറ്റവാക്യത്തിൽ
ഇൻഡ്യയെക്കുറിച്ചും എസ്തേർ രണ്ടുവട്ടം ചൊല്ലിടുന്നു
ഒന്നിൽ ഒന്നും എട്ടിൽ പിന്നേ ഒൻപതും വാക്യം
പതിനൊന്നിൽ തുടക്കവും പതിനൊന്നിൽ ഒടുക്കവും
ഇരുപത്തൊന്നദ്ധ്യായത്തിൽ എസ്തേർ രംഗത്ത്
ഏറ്റവും വലിയവാക്യം തോബിത് ആറിൽ പതിനേഴ്
ചെറിയതോ അപ്പോൾ യേശു കണ്ണീർ പൊഴിച്ചു
പ്രായത്തിൽ ഒന്നാം സ്ഥാനത്ത് മെത്തുശൗലഹ് മാത്രമല്ലോ
തൊള്ളായിരത്തി അറുപത്തി ഒൻപതു വയസ്സ്.
മനുഷ്യമക്കളെപ്പോലെ സംസാരം നടത്തിയത്
ഉല്പത്തിയിൽ സർപ്പവും (സംഖ്യാ) ബാലാം കഴുതയും
പുത്തനിൽ മത്തായിതൊട്ട് എത്തി വെളിപാടുവരെ
ഇരുന്നൂറ്റി അൻപത്തി ഏഴദ്ധ്യായങ്ങളിൽ
ആകെക്കൂടി ആയിരവും മൂന്നു നൂറും മൂന്നു പത്തും
അതുംകൂടി ഒന്നുചേർന്നാൽ മൂല്യം സേഹമേ
ആദിയിൽ ദൈവം തുടങ്ങി അന്ത്യവാക്യം കർത്തൃകൃപ
ആശയാലേവർക്കും നൽകി അവസാനിപ്പൂ!





# പ്രബോധനം

തിരുവചനത്തിന്റെ പുനർവായന

മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...

## പെന്തിക്കോസ്തിക്കുശേഷം 2-ാം ഞായർ ജൂൺ 7 (ലൂക്ക 9:1-6)

തന്റെ കൂടെ ആയിരിക്കുന്നതിനും സുവിശേഷം പ്രസംഗിക്കുവാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കുന്നതിന് അധികാരം നൽകുന്നതിനുമായി (മർക്കോസ് 3:15)തെരഞ്ഞെടുത്ത ശിഷ്യന്മാരെ കൂടെ കൊണ്ടുനടന്ന് പഠിപ്പിച്ചശേഷം അധികാരം നൽകി പറഞ്ഞയയ്ക്കുന്നതും അവരുടെ തീക്ഷ്ണമായ പ്രവർത്തനവുമാണ് സുവിശേഷത്തിലെ പ്രതിപാദ്യം. മത്സ്യത്തൊഴിലാളികളെ വിളിച്ച് മനുഷ്യരെ പിടിക്കുന്നവരാക്കാൻ അയയ്ക്കുന്ന ദൈവികപദ്ധതിയുടെ വെളിപ്പെടുത്തലാണ് ഇവിടെ നാം കാണുന്നത്.

യേശുനാഥൻ തന്റെ ശിഷ്യന്മാർക്ക് നൽകുന്ന അധികാരങ്ങൾ സുവിശേഷ വ്യാപനത്തിനും അതുവഴിയുള്ള ദൈവരാജ്യസ്ഥാപനത്തിനും വേണ്ടിയുള്ളതാണ്. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുമ്പോൾ തകർന്നു വീഴുന്ന പൈശാചിക സാമ്രാജ്യങ്ങളുടെ കോട്ടകൾ തകർക്കാനും രോഗദുരിതങ്ങളിൽനിന്നും മനുഷ്യജീവിതങ്ങൾക്ക് ആശ്വാസം നൽകാനും അധികാരം നൽകി ശിഷ്യന്മാരെ അയയ്ക്കുന്നു. എന്നാൽ ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം ദൗത്യവാഹകർ ദൗത്യം ഏല്പിക്കുന്ന രാജാവ് നൽകുന്ന നിബന്ധനകളെല്ലാം പാലിക്കേണ്ടതുണ്ട്. ഇവിടെ യേശു തന്റെ കൃത്യവാഹകരെ അയയ്ക്കുമ്പോൾ നൽകുന്ന നിബന്ധനകൾ ശിഷ്യരുടെ സുരക്ഷാ കവചങ്ങൾ എടുക്കരുത്, ഉണ്ടാകരുത് എന്നതാണ്. ഈ നിബന്ധനകൾക്ക് വിധേയരായി ദൗത്യം നിർവഹിക്കുമ്പോൾ ഉണ്ടാകുന്ന വിജയസോപാന കഥ പാടി സുവിശേഷകരെ തന്റെ അടുത്തേക്ക് വിളിച്ച് യേശു ശിഷ്യന്മാർക്ക് നൽകുന്ന ദൗത്യത്തിൽ മൂന്ന് കാര്യങ്ങളാണ് ഭരമേല്പിക്കുന്നത്. എല്ലാത്തരത്തിലും മനുഷ്യമക്കളെ അടിമത്തത്തിലാക്കുന്ന ഭൗതികവാദത്തിന്റെയും ശാസ്ത്രസാങ്കേതികതയുടെയും വിവരവിജ്ഞാന വിസ്ഫോടനത്തിന്റെയും അതിപ്രസരത്തിൽ സ്വാതന്ത്ര്യത്തിന്റെ സന്ദേശമാണ് ദൈവരാജ്യത്തിന്റെ സുവിശേഷം. ഒരു ക്രിസ്തുശിഷ്യന്റെ പ്രഥമ ദൗത്യം തന്നെ ദൈവരാജ്യത്തിന്റെ ആഗമനവും സ്വർഗ്ഗരാജ്യത്തിന്റെ സാമീപ്യവും പ്രഘോഷിക്കുക എന്നതാണ്. ദൈവരാജ്യത്തിന്റെ സുവിശേഷ പ്രഘോഷണം വെറും വാക്കുകൾക്കൊണ്ട് മാത്രം ചെയ്യേണ്ടതല്ല. അത് എത്ര എളുപ്പമാണെങ്കിലും ദൈവരാജ്യത്തിന്റെ പ്രഘോഷണം വാക്കുകൾക്ക് ഉപരിയായി പ്രവർത്തികളാൽ പങ്കുവയ്ക്കപ്പെടേണ്ടതാണ്. 'എല്ലായ്പ്പോഴും സുവിശേഷം പ്രസംഗിക്കുക, അത്യാവശ്യമുള്ളപ്പോൾ മാത്രം വാക്കുകൾ ഉപയോഗിക്കുക' എന്ന ഫ്രാൻസിസ് അസീസിയുടെ സൂക്തം ഈയവസരത്തിൽ നമ്മെ ചിന്തിപ്പിക്കട്ടെ.

രോഗികളെ സുഖപ്പെടുത്തി മരിച്ചവരെ ഉയിർപ്പിച്ച് കുഷ്ഠരോഗികളെ ശുദ്ധരാക്കി എത്തിച്ചേരുന്ന ഭവനത്തിന് സമാധാനമാശംസിച്ച് പ്രസംഗിക്കപ്പെടുന്ന സുവിശേഷ പങ്കുവയ്ക്കലിൽ പരലോക യാഥാർത്ഥ്യങ്ങളും നിത്യജീവന്റെ സത്യങ്ങളും ആണ് എങ്കിലും ഈ ലോകത്തിൽ മനുഷ്യമക്കൾക്ക് ഉള്ള നന്മ ഒന്നും തന്നെ നിഷേധിക്കപ്പെടുന്നില്ല. അവയൊക്കെ മനുഷ്യന്റെ നേരെ നീളുന്ന ദൈവത്തിന്റെ കരുണയുടെ ആവിഷ്കാരമാണ്. യേശു ശിഷ്യരെ ഏല്പിക്കുന്ന ദൗത്യവും ദൈവത്തിന്റെ കരുണയുടെ വക്താക്കളാകുവാനാണ്.

ഈ സുവിശേഷദൗത്യവുമായി പോകുമ്പോൾ ഉണ്ടാകേണ്ട മാനസികഭാവവും വിരക്തിയും ജീവിതശൈലിയും യേശു ശിഷ്യർക്ക് വിവരിച്ചുകൊടുക്കുന്നു. ലളിതമായ ജീവിതാവശ്യങ്ങളും സകലത്തിന്റെയും ഉടയവനായ ദൈവത്തിൽ മാത്രമുള്ള ആശ്രയത്വവും ശിഷ്യരുടെ ദൗത്യനിർവ്വഹണത്തെ ആയാസരഹിതമാക്കുന്നു. ഭൗതികവസ്തുക്കളുടെ കുമിഞ്ഞുകൂടൽ ജീവിതത്തെ കൂടുതൽ പ്രയാസമുള്ളതാക്കുന്നു എന്നത് നമുക്കറിവുള്ളതാണല്ലോ. മനുഷ്യരുടെ ആത്മരക്ഷയ്ക്കായി പ്രവർത്തിക്കുന്നവർക്ക് ആവശ്യമുള്ള കൃപകളെല്ലാം മുൻകൂട്ടി ദൈവം നൽകുന്നു. ഈ ലോകസുഖങ്ങളോ, സുരക്ഷിതത്വമോ സമ്പാദ്യമോ അല്ല ദൗത്യനിർവ്വഹണം മാത്രമാണ് ശിഷ്യധർമ്മം. ഭൗതികാവശ്യങ്ങളെപ്പറ്റിയുള്ള വ്യഗ്രത ശിഷ്യരുടെ ദൗത്യനിർവ്വഹണത്തിന് താമസമാകരുത്. ദൈവത്തിന്റെ പരിപാലനയിൽ ആശ്രയിക്കുന്ന ഒരു ജീവിതശൈലി ആകണം ക്രിസ്തുശിഷ്യന്റേത് എന്ന് അവിടുന്ന് അറിയിക്കുകയാണ്.

ഭൗതികകാര്യങ്ങളെപ്പറ്റിയുള്ള വ്യഗ്രതയും അതിലുള്ള ഇടപെടലും അപ്പസ്തോലന്മാരുടെ പ്രഘോഷണ ദൗത്യത്തിന്റെ ഫലസിദ്ധിയെ കുറച്ചുവെന്നും അവർ ഭൗതികകാര്യങ്ങളിൽ നിന്ന് മാറിയപ്പോൾ അവരുടെ പ്രഘോഷണം നൂറുമേനി ഫലമണിഞ്ഞെന്നും (അപ്പ. 6:1-7) വായിക്കുമ്പോൾ യേശുവിന്റെ പഠിപ്പിക്കലിന്റെ അർത്ഥം കൂടുതൽ വ്യക്തമാകുന്നു. ചുരുക്കത്തിൽ ക്രിസ്തുശിഷ്യൻ ഭൗതികതയ്ക്കപ്പുറത്ത് ദൈവികതയിൽ മാത്രം അടിയുറച്ചതാകണം എന്ന് സുവിശേഷം വ്യക്തമാക്കുന്നു.

ഇപ്രകാരം സുവിശേഷവുമായി പോയ ശിഷ്യസമൂഹം പിശാചുക്കളെ പുറത്താക്കിയും രോഗികളെ സുഖപ്പെടുത്തിയും ദൈവരാജ്യത്തെപ്പറ്റിയുള്ള സുവിശേഷ പ്രഘോഷണത്തിന് തുടക്കമിട്ടു. ബലഹീനരായവർ ദൈവിക കാര്യങ്ങളുടെ നിർവ്വഹണത്തിന് തങ്ങളെത്തന്നെ വിട്ടുകൊടുത്തപ്പോൾ പ്രവർത്തനം ഫലദായകമായി. വചനം തിരസ്കരിക്കുന്നവർക്കാകട്ടെ സർവ്വനാശത്തിന്റെ ഫലമാണ് ലഭ്യമാകുക. ഒരു നാണയം പോലും അവകാശമാക്കാതെ, സുരക്ഷിതത്വങ്ങൾ ഒന്നും തന്നെയില്ലാതെ ഏറെ പ്രശ്നബാധിതമായ ഇടങ്ങളിലും സുവിശേഷ ചൈതന്യമെത്തിക്കുന്ന സുവിശേഷപ്രവർത്തകരെ ഓർത്ത് നമുക്ക് പ്രാർത്ഥിക്കുവാൻ കടമയുണ്ട്. ഒപ്പം സുവിശേഷം പങ്കുവയ്ക്കുക നമ്മുടെ ഓരോരുത്തരുടെയും ദൗത്യവും ആണ്. ഈ കൃപകൾക്കായി നമുക്ക് പ്രാർത്ഥിക്കാം.

***ഫാ. സെബാസ്റ്റ്യൻ കുന്നുംപുറത്ത്***

## പെന്തിക്കോസ്തിക്കുശേഷം മൂന്നാം ഞായർ
## യോഹ. 6:56 – 69 ജൂൺ 14

പെന്തിക്കോസ്തിക്കുശേഷമുള്ള മൂന്നാമത്തെ ഞായറായ ഇന്ന് പരിശുദ്ധ സഭ വിചിന്തനത്തിനായി നമുക്ക് നൽകുന്ന ഭാഗം വി. യോഹന്നാന്റെ സുവശേഷത്തിൽ യേശു നിത്യജീവനെക്കുറിച്ച് പഠിപ്പിക്കുന്ന ഭാഗമാണ്. പെന്തിക്കോസ്തി തിരുനാളിലൂടെ നാം പരിശുദ്ധാത്മാവിനെ സ്വീകരിച്ച് പരിശുദ്ധാത്മാവിനാൽ നിറഞ്ഞിരിക്കുന്ന കാലഘട്ടത്തിൽ യേശു നമ്മെ പഠിപ്പിക്കുന്നു, അവന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവർക്ക് നിത്യജീവനുണ്ട്. അവർ മരിച്ചാലും ജീവിക്കും.

നിത്യജീവനെപ്പറ്റി നമ്മുടെ കർത്താവ് വാചാലനായി സംസാരിക്കുന്ന വേദഭാഗമാണ് യോഹന്നാൻ ശ്ലീഹായുടെ സുവിശേഷം 6– ാം അദ്ധ്യായം. ഈ ലോക ജീവിതം നിലനിർത്താനുള്ള അപ്പം വർദ്ധിപ്പിച്ച് നൽകിയതിനുശേഷം വീണ്ടും അതിനായി അവനെ അവരെ സമീപിച്ചവരെ മുൻനിർത്തിയാണ് കർത്താവ് അനശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കുവാൻ ആഹ്വാനം ചെയ്യുന്നത്. ഈ അപ്പത്തിന്റെ പ്രത്യേകതയായി കർത്താവ് പറയുന്നത് ഇത് ഭക്ഷിക്കുന്നവൻ ഒരിക്കലും മരിക്കുകയില്ല എന്നാണ്. ഇതിനെ സമർത്ഥിക്കുവാനായി യേശു ഒരു ലോജിക് ഉപയോഗിക്കുന്നുണ്ട്.

– ജീവിക്കുന്നവനായ പിതാവ് എന്നെ അയച്ചു.

– ഞാൻ പിതാവ് മൂലം ജീവിക്കുന്നു

– എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും.

നിത്യജീവന്റെ സ്രോതസ്സ് പിതാവായ ദൈവമാണ്. ഈ നിത്യജീവൻ ക്രിസ്തുവിലൂടെ നാം സ്വീകരിക്കുന്നു. ഇതാണ് നാം ഏറ്റുപറയുന്നത് ആകാശത്തിനും ഭൂമിക്കും മദ്ധ്യേ നമുക്കുള്ള ഏക മദ്ധ്യസ്ഥൻ ക്രിസ്തുവാണെന്ന്. നാമേവരും ജീവിക്കുന്നത് ക്രിസ്തുമൂലമാണ്. എന്നാൽ നമ്മുടെ ജീവിതം കണ്ടാൽ തോന്നും ക്രിസ്തു ജീവിക്കുന്നത് നാം മൂലമാണെന്ന്.

കർത്താവിന്റെ ശരീര രക്തങ്ങൾ സ്വീകരിക്കുന്നവന് നിത്യജീവൻ ഉണ്ട് എന്ന് കർത്താവ് പഠിപ്പിക്കുമ്പോൾ നാം മനസ്സിലാക്കേണ്ടത് നമ്മുടെ ആത്മാവ് നിത്യജീവനിലേക്ക് പ്രവേശിക്കുന്നു എന്നാണ്. ഹൈന്ദവ പാരമ്പര്യത്തിൽ നാം 'ജീവൻ മുക്തി' വിദ്വേഷ മുക്തി എന്ന സംജ്ഞകൾ പഠിക്കുന്നുണ്ട്. മുക്തി നേടേണ്ടവർ പുനർജന്മത്തിലേക്കും, മുക്തി നേടിയവർ ഈശ്വരനിൽ ലയിച്ച് ചേരുകയും ചെയ്യുന്ന അവസ്ഥ. ക്രിസ്തു നമ്മെ പഠിപ്പിക്കുന്നു, നാം അവന്റെ ശരീരരക്തങ്ങൾ യോഗ്യതയോടെ സ്വീകരിക്കുമ്പോൾ നാം അവനിൽ ലയിച്ച് ചേരുന്നു. അല്ലെങ്കിൽ അവൻ മൂലം നാം ജീവിക്കുന്നു.

ക്രിസ്തു നമ്മെ പഠിപ്പിക്കുന്നു, ശരീരം ഒന്നിനും ഉപകരിക്കുന്നില്ല, ആത്മാവാണ് ജീവൻ നൽകുന്നത്. അതുകൊണ്ട് ആത്മാവിനുവേണ്ട പോഷണം നൽകുവിൻ എന്ന്. ആത്മാവിന്റെ പോഷണമാണ് കർത്താവിന്റെ ശരീര രക്തങ്ങൾ. അതായത് അവൻ നമുക്കായി ഒരുക്കിയിരിക്കുന്ന പരി. കുർബ്ബാന. ഈ പരി. കുർബ്ബാന അവൻ നമുക്ക് ഒരുക്കിയിരിക്കുന്നത് കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും നിത്യജീവനും വേണ്ടിയാണ്.

പ്രിയമുള്ളവരെ, നമുക്ക് ഒരു നിമിഷം ചിന്തിക്കാം, നമ്മുടെ ജീവിതത്തെപ്പറ്റി. എല്ലാ പരി. കുർബ്ബാനയിലും നാക്കുനീട്ടി ഈ നിത്യജീവന്റെ ഭക്ഷണം നാം സ്വീകരിച്ചിട്ടും എന്തേ നമ്മുടെ ജീവിതങ്ങൾ ക്രിസ്തുവിൽ ലയിക്കുന്നില്ല? ഇന്ന് നാമെല്ലാവരും ആൾദൈവങ്ങളാകാനുള്ള നെട്ടോട്ടത്തിലാണ്. ഞാനാണ് എല്ലാം, ഞാനില്ലെങ്കിൽ ഒന്നുമില്ല എന്ന് ചിന്തിക്കുമ്പോൾ നാം ഈ ശീല് ഒന്നോർക്കുന്നത് നല്ലതാണ്. "ആകെ അല്പനേരം മാത്രം എന്റെ യാത്ര തീരുവാൻ." ഈ യാത്രകൊണ്ട് അവസാനിക്കുന്ന ശരീരത്തിന്റെ സുഖത്തിനും സൗന്ദര്യത്തിനും വേണ്ടി നാം എന്തുമാത്രം സമയമാണ് ചെലവഴിക്കുക, എന്തുമാത്രം തത്രപ്പാടുകളാണ് നടത്തുക. എന്നാൽ എന്റെ ദൈവത്തിൽ എത്തിച്ചേരേണ്ട ആത്മാവിനുവേണ്ടി നാം എന്തു ചെയ്യുന്നു? മുഴുവൻ കുർബ്ബാനയിൽ സംബന്ധിക്കുവാൻപോലും പലപ്പോഴും നമുക്ക് നേരമില്ല. ട്യൂഷന്റെയും എൻട്രൻസ് കോച്ചിംഗിന്റെയും മറ്റ് പല കാര്യങ്ങളുമായി നമ്മുടെ സമയങ്ങൾ ചെലവഴിക്കുമ്പോൾ ആഴ്ചയിൽ ഒരു ദിവസമെങ്കിലും ആത്മീയപോഷമത്തിനുവേണ്ടി നാം ആഗ്രഹിക്കാറുണ്ടോ? പ്രിയമുള്ളവരെ, ലോകോന്മുഖതയിൽ നിന്നും മാറി ദൈവോന്മുഖതയിൽ ജീവിക്കുവാൻ നമുക്ക് സാധിക്കണം. അപ്പോഴാണ് നിത്യജീവന്റെ വഴികൾ നമ്മുടെ മുൻപിൽ തുറക്കപ്പെടുന്നത്. നമുക്ക് പ്രാർത്ഥിക്കാം, പ്രവർത്തിക്കാം, ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ഓസ്റ്റിൻ ജോൺ തെക്കേതിൽ**

## പെന്തിക്കോസ്തിക്കുശേഷം 4–ാം ഞായർ (വി. ലൂക്കാ. 6:27–36)

"എന്റെ വാക്കു ശ്രവിക്കുന്ന നിങ്ങളോടു ഞാൻ പറയുന്നു" എന്ന പ്രത്യേകമായ ആമുഖത്തോടെ യേശു സമതല പ്രസംഗത്തിന്റെ ഈ ഭാഗം തുടങ്ങുന്നു. അതിപ്രധാനമായ ഒരു കാര്യമാണ് ഇനി പറയാൻ പോകുന്നത് എന്നാണ് ഈ ആമുഖത്തിന്റെ സൂചന. അസാധാരണമായ ഒരു സംഗതിയാണ് യേശു ഇവിടെ പ്രസ്താവിക്കുന്നത്. "ശത്രുക്കളെ സ്നേഹിക്കുവിൻ" (വി. ലൂക്കാ. 6:27). സമതല പ്രസംഗത്തിന്റെ മർമ്മപ്രധാനമായ ആശയമാണ് ശത്രുക്കളെ സ്നേഹിക്കുക എന്നത്. ആരാണ് ക്രിസ്തുശിഷ്യരുടെ ശത്രുക്കൾ? ശിഷ്യരെ ക്രിസ്തുവിലുള്ള വിശ്വാസത്തെപ്രതി പീഡിപ്പിക്കുന്നവരാണ് അവരുടെ ശത്രുക്കൾ.

യേശുവിന്റെ ജീവിതകാലത്ത് ശത്രുക്കളെ വെറുക്കുക എന്നതായിരുന്നു അംഗീകൃതനയം. നിലവിലിരുന്ന നയത്തെ യേശു തിരുത്തിക്കുറിക്കുകയാണ്. 'സ്നേഹിക്കുക' എന്നതിന്റെ ഗ്രീക്കുപദമായ 'അഗപെയിൻ' – പ്രവൃത്തിനിരതമായ ദിവ്യസ്നേഹം, ദൈവികതയുടെ ഒഴുക്ക് എന്നിങ്ങനെ അർത്ഥമാക്കുന്നു. ശിഷ്യർക്ക് നേരിടേണ്ടിവരുന്ന നാലു ദുരിതങ്ങൾക്ക് സമാന്തരമായി 'സ്നേഹിക്കുക, നന്മ ചെയ്യുക, അനുഗ്രഹിക്കുക, പ്രാർത്ഥിക്കുക' എന്നിങ്ങനെ നാലുപ്രവർത്തികൾ ശത്രുസ്നേഹത്തിന്റെ പ്രകാശന കർമ്മങ്ങളായി യേശു നിർദ്ദേശിക്കുന്നു. ശത്രുക്കളായി നിലകൊള്ളുന്നവരുടെ നന്മ ആത്മാർത്ഥമായി ആഗ്രഹിച്ച് അവരെ സ്നേഹിക്കണം എന്ന് യേശു നമ്മെ ഓർമ്മിപ്പിക്കുന്നു.

ശത്രുക്കളോട് സ്നേഹം പ്രകടിപ്പിക്കേണ്ട നാലു സന്ദർഭങ്ങൾ യേശു ഈ ഭാഗത്ത് പ്രസ്താവിക്കുന്നു. ഒരു ചെകിട്ടത്ത് അടിക്കുന്നവന് മറ്റേ ചെകിട്ടു കൂടി കാണിച്ചുകൊടുക്കുക, മേലങ്കി എടുക്കുന്നവനെ പുറങ്കുപ്പായം കൂടി എടുക്കാൻ അനുവദിക്കുക, ചോദിക്കുന്ന ഏതൊരുവനും കൊടുക്കുക, നിന്റെ വസ്തുക്കൾ എടുത്തുകൊണ്ടു പോകുന്നവനോട് തിരികെ ചോദിക്കാതിരിക്കുക. അതായത് നിനക്ക് ഏതെങ്കിലും വിധത്തിൽ ദുരിതമുണ്ടാക്കുന്ന ഒരു വ്യക്തിയോടും അതിന്റെ പേരിൽ സ്നേഹം നൽകാതിരിക്കരുത് എന്നാണ് യേശു ഇവിടെ വിവക്ഷിക്കുന്നത്. ഉപദ്രവിക്കുന്നവരോടും ശത്രുക്കളോടും പ്രതികാരത്തിനു മുതിരാതെ അവരെ ദൈവസ്നേഹത്തിലേക്ക് വളർത്തുവാൻ നമുക്ക് കഴിയണം. സുഭാഷിതങ്ങൾ 25:21–ൽ വചനം പറയുന്നു: "ശത്രുവിനു വിശക്കുമ്പോൾ ആഹാരവും ദാഹത്തിന് ജലവും കൊടുക്കുക. അത് അവന്റെ തലയിൽ പശ്ചാത്താപത്തിന്റെ തീക്കനൽ കൂട്ടും. കർത്താവ് നിനക്ക് പ്രതിഫലം നൽകുകയും ചെയ്യും." വി. പൗലോസ് ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനത്തിൽ ഇത് വീണ്ടും വിശദീകരിക്കുന്നു. പ്രിയപ്പെട്ടവരെ, പ്രതികാരം നിങ്ങൾതന്നെ ചെയ്യാതെ, അത് ദൈവത്തിന്റെ ക്രോധത്തിനു വിട്ടേക്കുക. എന്തെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. പ്രതികാരം എന്റേതാണ്; ഞാൻ പകരം വീട്ടും എന്ന് കർത്താവ് അരുളിചെയ്യുന്നു. മാത്രമല്ല, നിന്റെ ശത്രുവിനു വിശക്കുന്നെങ്കിൽ ഭക്ഷിക്കാനും ദാഹിക്കുന്നെങ്കിൽ കുടിക്കാനും കൊടുക്കുക. ഇതുവഴി നീ അവന്റെ ശിരസ്സിൽ തീക്കനലുകൾ കൂനകൂട്ടും (റോമ 12:19–20). ഈ തീക്കനൽ പശ്ചാത്താപത്തിന്റെ തീക്കനൽ ആണെന്ന് സുഭാഷിത പുസ്തകക്കാരൻ നമ്മെ ഓർമ്മിപ്പിക്കുന്നു. സ്നേഹംകൊണ്ട് മനുഷ്യഹൃദയങ്ങളെ കീഴടക്കുക. പകരത്തിനു ലോകത്തിന്റെ മനോഭാവമാണ്. ശത്രുക്കൾ ഉപദ്രവങ്ങൾ ഉണ്ടാക്കുമ്പോൾ അവർക്ക് നന്മ ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും അവരെ അനുഗ്രഹിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ ഒരുവൻ യഥാർത്ഥ ക്രിസ്തുശിഷ്യൻ ആയിമാറുന്നു.

വി. പത്രോസ് ശ്ലീഹാ 1– ാം ലേഖനത്തിന്റെ 3–ാം അദ്ധ്യായം 9–ാം വാക്യത്തിൽ നമ്മെ ഓർമ്മിപ്പിക്കുന്നു. "തിന്മയ്ക്കു പകരം തിന്മയോ, നിന്ദനത്തിനു പകരം നിന്ദനമോ പകരം കൊടുക്കാതെ അനുഗ്രഹിക്കുവിൻ. അനുഗ്രഹം അവകാശമാക്കുന്നതിനു വേണ്ടി വിളിക്കപ്പെട്ടവരാണല്ലോ നിങ്ങൾ ." നമ്മെ മുറിപ്പെടുത്തുന്നവരെ സ്നേഹിച്ചും അവരെ അനുഗ്രഹിച്ചുംകൊണ്ട് ഈ അനുഗ്രഹം അവകാശമായി നാം നേടിയെടുക്കണം.

വി. ലൂക്കാ 6– ാം അദ്ധ്യായം 31–ാം വാക്യത്തിൽ അവിടുന്ന് വീണ്ടും പറയുന്നു, "മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ, അങ്ങനെ തന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ." ഇതാണ് വി. ഗ്രന്ഥത്തിലെ സുവർണ്ണനിയമം. നമ്മുടെ ശത്രുതയും പോരായ്മകളും മറന്ന് മറ്റുള്ളവർ നമ്മെ സ്നേഹിക്കണമെന്ന് നാം ആഗ്രഹിക്കുന്നു. നമ്മെ വെറുക്കുന്നവരെയും നാം ഇതുപോലെ തന്നെ സ്നേഹിക്കണം. നമ്മുടെ ദൈവം നമ്മുടെ തെറ്റുകളും കുറ്റങ്ങളും മറന്ന് നമ്മെ സ്നേഹിക്കുന്നു. നമ്മുടെ പാപങ്ങൾ കടുംചുവപ്പാണെങ്കിലും അവിടുന്ന് അത് ഹിമംപോലെ

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**ഏബ്രഹാം കെ. സാമുവേൽ,**
**കൊണ്ടൂർ, വാളക്കുഴി**

വെണ്മയുള്ളതാക്കുന്നു. എല്ലാം ക്ഷമിക്കുന്ന, എല്ലാം മറക്കുന്ന, സ്നേഹമനോഭാവമാണ് ദൈവമക്കളായ നാം ജീവിതത്തിൽ പുലർത്തേണ്ടത്.

നന്മ ചെയ്യുന്നവർക്കു മാത്രം നന്മ ചെയ്യുകയും സ്നേഹിക്കുന്നവരെ മാത്രം സ്നേഹിക്കുകയും ചെയ്യുന്ന ശൈലി ലോകത്തിന്റെ ശൈലി തന്നെയാണ്. സ്നേഹിക്കുമ്പോൾ തിരിച്ചു സ്നേഹം ലഭിക്കുകയില്ല എന്നുറപ്പുള്ളവരെയാണ് ക്രിസ്തുശിഷ്യൻ സ്നേഹിക്കേണ്ടത്. അപ്രകാരം സ്നേഹിച്ചാൽ നാം അത്യുന്നതന്റെ പുത്രന്മാരായിരിക്കും. ഇതാണ് സ്വർഗം നമുക്ക് നൽകുന്ന പ്രതിഫലം. ദുഷ്ടരുടെയും ശിഷ്ടരുടെയും മേൽ ഒരുപോലെ മഴ പെയ്യിക്കുന്ന ദൈവത്തിന്റെ മക്കൾ നല്ലവനെന്നോ ദുഷ്ടനെന്നോ നോക്കാതെ എല്ലാവരോടും കരുണ കാണിക്കണം.

സ്വർഗ്ഗീയ പിതാവ് മനുഷ്യവർഗത്തോട് കാണിച്ച മഹാകരുണയുടെ വിലയാണ് യേശുക്രിസ്തു. വി. യോഹ. 3:16–ൽ പറയുന്നു, "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു." ദൈവം നമ്മോട് കാണിച്ച കാരുണ്യം ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ നാമും വിളിക്കപ്പെട്ടിരിക്കുന്നു. യേശുവിന്റെ കല്പനയാണിത്. " നിങ്ങളുടെ പിതാവ് കരുണയുള്ളവനായിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ."

യേശുനാഥൻ തന്റെ ജീവിതത്തിൽ കാണിച്ചു തന്ന വലിയ മാതൃക നമുക്കെങ്ങനെ മറക്കാനാകും. അവൻ കുരിശിൽ കിടന്നുകൊണ്ട് തന്നെ പീഡിപ്പിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചു. "പിതാവേ, ഇവർ ചെയ്യുന്നതെന്തെന്നറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ" എന്ന്. നമ്മുടെ ജീവിതത്തിൽ മറ്റുള്ളവരിൽനിന്ന് വേദനകളും ദുരിതങ്ങളും നമുക്ക് ലഭിക്കുമ്പോൾ സ്വർഗ്ഗത്തിലേക്ക് നമ്മുടെ കണ്ണുകളെ ഉയർത്താം. അവരുടെ തെറ്റുകൾ അവരോട് ക്ഷമിക്കണമേ എന്ന് പ്രാർത്ഥിച്ച് യഥാർത്ഥ ക്രിസ്തുശിഷ്യരായി മാറുവാൻ നമുക്ക് പരിശ്രമിക്കാം.

**ഫാ. ജോസഫ് കരിപ്പായിൽ**

## ലൂക്കാ. 9:57 – 62
## പെന്തിക്കോസ്തിക്കുശേഷം 5–ാം ഞായർ

വി. ലൂക്കോസ് എഴുതിയ സുവിശേഷം 9–ാം അദ്ധ്യായത്തിന്റെ അവസാനത്തെ ആറുവാക്യങ്ങളിലൂടെ ശിഷ്യത്വം ആവശ്യപ്പെടുന്ന ത്യാഗത്തെക്കുറിച്ച് സുവിശേഷകൻ വളരെ വ്യക്തമായി വിവരിക്കുന്നു. ഇവിടെ മൂന്ന് വളരെ ചെറിയ ഭാഗങ്ങളിലൂടെ ജറുസലേം ലക്ഷ്യമാക്കി യാത്രയാകുന്ന യേശുവിനെ അനുയാത്രചെയ്യുന്നതിനു പിന്നിലെ ത്യാഗത്തെക്കുറിച്ചും ഉപേക്ഷിക്കലിനെക്കുറിച്ചുമൊക്കെ സുവിശേഷകൻ വിവരിക്കുന്നു. ഈ ലോകത്തിന് അനുരൂപരാകരുത് എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുക എന്ന് സുവിശേഷകൻ വ്യക്തമാക്കിത്തരുന്നു.

യേശു എവിടെപ്പോയാലും അവനെ അനുഗമിക്കാൻ അതിയായി ആഗ്രഹിച്ചുവരുന്ന ഒരു മനുഷ്യനെ ആദ്യഭാഗത്ത് അവതരിപ്പിക്കുന്നു (57–58). ആരുടെയും നിർബന്ധംകൂടാതെ സ്വമേധയാ വരുന്ന അവനെ യേശു ഉപേക്ഷിയുടെ ആദ്യപാഠം പഠിപ്പിക്കുന്നു. അവിടുന്ന് പറയുന്നു, നീ എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിന്റെ സമ്പാദ്യവും സുരക്ഷിതത്വത്തിന്റെ കൂടുകളും തട്ടിത്തെറിപ്പിച്ച് പുറത്തുവരിക. നീ സ്വന്തമെന്ന് കരുതുന്നതിനെ വേദനയോടുകൂടി ഉപേക്ഷിച്ചെങ്കിൽ മാത്രമെ നിനക്കെന്നെ അനുഗമിക്കാൻ സാധിക്കുകയുള്ളൂ എന്ന് യേശു അവനെ പഠിപ്പിക്കുന്നു. കാലിത്തൊഴുത്തിലെ ജനനം മുതൽ കാൽവരിയിലെ കുരിശുമരണം വരെ സുരക്ഷിതവലയത്തിനു പുറത്തുള്ള ജീവിതമാണ് യേശു നമുക്ക് കാണിച്ചുതരുന്നത്. ഒറ്റപ്പെടലിന്റെയും തിരസ്കരണത്തിന്റെയും അവഹേളനയുടെയും സുരക്ഷിതത്വമില്ലായ്മയുടെയും വഴിയിലൂടെയുള്ള യാത്രയിൽ അവൻ തന്നെത്തന്നെ ക്രിസ്തുവായി രൂപാന്തരപ്പെടുത്തുകയായിരുന്നു. നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തുചെയ്യണമെന്ന് ആവശ്യപ്പെട്ടുവരുന്ന മനുഷ്യൻ നിയമങ്ങളെല്ലാം അക്ഷരം പ്രതി പാലിക്കുന്നവനായിരുന്നു. എന്നാൽ ക്രിസ്തു അവനോടു പറയുക, നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുവാനാണ്. ആ മനുഷ്യന് സാധിക്കാതെപോയതും ഉപേക്ഷയുടെ ഗുരുമൊഴിയാണ്.

അപ്പൻ മരിച്ചതിന്റെ വേദനയിൽ നിൽക്കുന്ന ഒരുവനെ തന്റെ ശിഷ്യനാക്കാൻ യേശു വിളിക്കുന്നതാണ് രണ്ടാം ഭാഗത്ത് നാം കണ്ടുമുട്ടുക (59–60). മാതാപിതാക്കന്മാരോടുള്ള ഉത്തരവാദിത്വം നിറവേറ്റുക ഓരോ യഹൂദന്റെയും കടമയാണ്. തന്റെ അപ്പന്റെ ശവസംസ്കാരത്തിൽ പങ്കെടുക്കുവാനുള്ള ആഗ്രഹം അവൻ പ്രകടിപ്പിക്കുമ്പോൾ യേശു അവനോടു പറയുക, ദൈവരാജ്യത്തെക്കുറിച്ച് പ്രസംഗിക്കുകയാണ് പുത്രധർമ്മത്തെക്കാൾ പ്രധാനമായിട്ടുള്ളത് എന്നാണ്. യേശു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് മരണത്തിന്റെ വാതിലുകൾ മലർക്കെ തുറന്നിടുമ്പോൾ (ലൂക്കാ 9–22) അവനെ അനുഗമിക്കുന്നവർക്ക്, മരണത്തെക്കുറിച്ചുള്ള ആകുലത നിസ്സാരമായിത്തീരുന്നു.

മൂന്നാം ഭാഗത്ത് (61–62) ഒരുവൻ വന്ന് യേശുവിനെ അനുഗമിക്കുവാനുള്ള തന്റെ ആഗ്രഹം അറിയിക്കുന്നു. എന്നാൽ അവൻ ഒരു വ്യവസ്ഥ മുന്നോട്ടുവയ്ക്കുന്നു. വീട്ടുകാരോട് യാത്രചോദിക്കുവാനുള്ള സമയം അവന് കൊടുക്കണം. രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിൽ ഏലിഷാ ഏലിയായോട് ഇതേ കാര്യം ആവശ്യപ്പെടുമ്പോൾ ഏലിയാ അനുവാദം നൽകുന്നതായി നാം കാണുന്നു (1രാജാ. 19–20). എന്നാൽ യേശു അവനോട് പറഞ്ഞു, നിന്റെ യാത്രയ്ക്ക് വ്യവസ്ഥകളോ തിരിഞ്ഞുനോട്ടമോ ഒന്നും പാടില്ല. ലൂക്കായുടെ സുവിശേഷം 8–ാം അദ്ധ്യായം 19–ാം വാക്യം നമുക്ക് കാണിച്ചുതരുന്നത് ഇതേ കാര്യം തന്നെയാണ്; ഇവിടെ ബാലനായ യേശു വ്യവസ്ഥകളോ തിരിഞ്ഞുനോട്ടമോ ഒന്നും കൂടാതെ ദേവാലയത്തിൽ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനാകുന്നു.

വിളി ഏതുവിധമായാലും ദൈരാജ്യം ഈ ഭൂമിയിൽ വരുവാനുള്ള പ്രാർത്ഥനയിൽ പുത്രനോടൊത്ത് പങ്കുചേരുകയാണ് വിളിക്കപ്പെടുന്ന ഓരോ വ്യക്തിയുടെയും ദൗത്യം. ഇതിന് ആദ്യമെ തന്നെ ശിഷ്യന്റെയുള്ളിൽ തന്റെ സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും ആഗ്രഹങ്ങൾക്കുമൊക്കെ മരണം സംഭവിക്കണം. തൽസ്ഥാനത്ത് ദൈവത്തിന്റെ പദ്ധതി എടുത്തുവയ്ക്കണം. മനുഷ്യരുടെ അവഗണനയ്ക്കും ഒറ്റപ്പെടുത്തലിനുമൊക്കെ പാത്രമായിത്തീരുകയും വേണം.

**ജോൺ പടിപ്പുരയ്ക്കൽ**



2014-2015 അധ്യയനവർഷത്തെ പത്താംക്ലാസ് പരീക്ഷയിൽ 100% വിജയം നേടിയ കോട്ടാങ്ങൽ സെന്റ് ജോർജ്ജ് ഹൈസ്കൂളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും.

# സുവിശേഷസംഘം



തിരുവല്ല അതിരൂപതയുടെ സുവിശേഷസംഘാംഗങ്ങളുടെ കൈവയ്പ്പ് ശുശ്രൂഷ 2015 ഏപ്രിൽ 28-ാം തീയതി അഭി. പിതാക്കന്മാരുടെ ബിഷപ്പ്സ് ഡേയോട് അനുബന്ധിച്ച് നടത്തപ്പെട്ടു. അതിരൂപതയുടെ വിവിധ ഇടവകകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ഇവർ കഴിഞ്ഞ 3 വർഷങ്ങളിലായി പരിശീലനത്തിലായിരുന്നു.

## അമ്മ മനസ്സ്



ബിൻസി ആന്റണി
പഴയരിക്കണ്ടം

# മാതാപിതാക്കളുടെ വിശ്വാസം മക്കൾക്ക് അനുഗ്രഹം



ഈ ലോക ജീവിതത്തിലെ പ്രശ്നങ്ങളുടെ എല്ലാം മുഖ്യകാരണങ്ങളിൽ ഒന്ന്, കുടുംബ ജീവിതത്തിൽ ഉണ്ടാകുന്ന അപചയങ്ങളാണ്. തകരുന്ന കുടുംബങ്ങളാണ് തകരുന്ന സമൂഹങ്ങളുടെ പിന്നിൽ. മാതാപിതാക്കളുടെ വിശ്വാസം വഴിയാണ് മക്കൾക്ക് ദൈവാനുഗ്രഹം ലഭിക്കുന്നത്. ഒരു പക്ഷേ ഇതുവരെയും മക്കൾ അനുഗ്രഹിക്കപ്പെടാതെ പോയത് നമ്മുടെ അവിശ്വാസം മൂലമാണ്. ബൈബിളിൽ (മത്തായി 15:22) കാനാൻകാരി സ്ത്രീയുടെ ദൈവത്തിൽ അടിയുറച്ച വിശ്വാസം ഇപ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്:

“കർത്താവേ, ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ. എന്റെ മകളെ പിശാച് ക്രൂരമായി ബാധിച്ചിരിക്കുന്നു.” യേശു ഈ പ്രാർത്ഥനയ്ക്ക് ഉത്തരമൊന്നും പറഞ്ഞില്ല. ശിഷ്യന്മാർ അവർക്കു വേണ്ടി യേശുവിനോട് മദ്ധ്യസ്ഥം പറഞ്ഞു. യേശുവിന്റെ മറുപടി “മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് കൊടുക്കുന്നത് ഉചിതമല്ല.” അപ്പോൾ സ്ത്രീ പറഞ്ഞു: “അതേ കർത്താവേ, നായ്ക്കളും യജമാനന്മാരുടെ മേശയിൽ നിന്നു വീഴുന്ന അപ്പകഷണങ്ങൾ തിന്നുന്നുണ്ടല്ലോ?”

യേശു പറഞ്ഞു, “സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്ക് ഭവിക്കട്ടെ.” അപ്പോൾ മുതൽ അവളുടെ പുത്രി സൗഖ്യമുള്ളവളായി. യേശു തന്നെ അവഗണിക്കുന്നതായി തോന്നിയിട്ടും വിശ്വാസം ഉറക്കെ പ്രഘോഷിച്ചുകൊണ്ട് അവൾ മകൾക്ക് സൗഖ്യം വാങ്ങിക്കൊടുത്തു. ഇവിടെ കുട്ടി പ്രാർത്ഥിക്കുകയോ നിലവിളിക്കുകയോ ചെയ്യുന്നില്ല. എന്നാൽ അമ്മയുടെ പ്രാർത്ഥനയും വിശ്വാസവും വഴി മകൾക്ക് പൂർണ്ണ സൗഖ്യം കൈവന്നു. അതുകൊണ്ട് മക്കൾക്ക് ലഭിക്കേണ്ട അനുഗ്രഹങ്ങൾ മാതാപിതാക്കളുടെ അവിശ്വാസം വഴി നഷ്ടപ്പെടാതിരിക്കാൻ വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ●



2015-2016വർഷത്തെ തിരുവല്ല അതിഭദ്രാസനത്തിന്റെ എംസിവൈഎം കർമ്മ പദ്ധതികൾ ക്നാനായ ആർച്ച്ബിഷപ് അഭിവന്ദ്യ കുര്യാക്കോസ് മോർ സേവറിയോസ് വലിയ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു.



2015-ലെ തിരുവല്ല അതിഭദ്രാസനത്തിന്റെ എം സി വൈ എം ആനിമേറ്ററായി ശ്രീ. എജി പാറപ്പാട്ടിനെ അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത നിയമിച്ചു.

# ഇടയശബ്ദം

5 –ാം പേജ് തുടർച്ച

പിതാവിനെയും അവന്റെ പരിശുദ്ധാത്മാവിനെയും അവന്റെ പിന്തുടർച്ചയായ സഭയെയും അറിയുക എന്നതും അതുവഴി നിത്യജീവനിലേക്ക് പ്രവേശിക്കുകയും ചെയ്യുക എന്നതുമാകുന്നു. (യോഹ. 7:4).

ഏതൊരു മാതാവും തന്റെ കുഞ്ഞിനു ജന്മം നൽകുമ്പോൾ ആഗ്രഹിക്കുന്നത് ആ കുഞ്ഞ് ആരോഗ്യത്തോടെ എന്നും ജീവിക്കണമെന്നതാണ്. മനുഷ്യരെന്ന നിലയിൽ നമുക്ക് എന്നും ശരീരപ്രകാരം ജീവിക്കുവാൻ കഴിയില്ല. എന്നാൽ നിത്യമായി ജീവിക്കുവാൻ നമുക്ക് കഴിയും എന്ന് കർത്താവ് നമ്മെ പഠിപ്പിക്കുന്നു. ഈ നിത്യതയിലേക്ക് തന്റെ കുഞ്ഞിനെ വളർത്തിയെടുക്കേണ്ട ആദ്യഉത്തരവാദിത്വം മാതാപിതാക്കൾക്കാണ്. റോമിൽ പഠിക്കുന്ന കാലത്ത് ജർമ്മനിയിൽ അവധിക്കു വൈദികരെ സഹായിക്കുന്ന അവസരം ലഭിച്ചു. ഒരുവേള ഒരു പത്രറിപ്പോർട്ടർ ചോദിച്ചു: താങ്കൾ എങ്ങനെയാണ് വിശ്വാസം പഠിച്ചത്? ഒരു നിമിഷംപോലും ആലോചിക്കാതെ എനിക്കുത്തരം കൊടുക്കാൻ കഴിഞ്ഞു: "എന്റെ അമ്മയുടെ കണ്ണിൽ നോക്കിയാണ് ഞാൻ വിശ്വാസം പഠിച്ചതെന്ന്." ഇന്നും എന്നെ സന്തോഷിപ്പിക്കുന്ന ഒരു ഉത്തരമാണത്. സന്തോഷത്തിലും സന്താപത്തിലും, പട്ടിണിയിലും സമൃദ്ധിയിലും ഒരു കുഞ്ഞ് വിശ്വാസം അഭ്യസിക്കുന്നത് തന്റെ അമ്മയുടെ കണ്ണിൽ നോക്കിയാണ്. ഏറെ നാളുകൾക്കു ശേഷം പൗരോഹിത്യജീവിത വിളിയിലേക്ക് കടന്നു വന്ന്, ആ ശുശ്രൂഷയിൽ വ്യാപൃതനായപ്പോൾ മനസ്സിലാക്കിയ സത്യം, അമ്മയുടെ കണ്ണുകളിൽനിന്ന് കർത്താവിന്റെ കണ്ണുകളിലേക്കുള്ള കടന്നുവരവ് ദൂരം കുറവുള്ളതും എളുപ്പവുമാണ് എന്ന തിരിച്ചറിവാണ്. സ്വന്തവും ബന്ധവും, സുഖവും ദുഃഖവും, വിജയവും പരാജയവും, വളർത്തലും തകർത്തലും എല്ലാം മനസ്സിലാക്കുവാനുള്ള ഇടം കർത്താവിന്റെ കണ്ണുകൾ ആണ്. പത്രോസിനെ നോക്കിയ കണ്ണുകൾ; തന്റെ അമ്മയെയും അരുമശിഷ്യനെയും നോക്കിയ കണ്ണുകൾ;, ഇടനില്ലാത്തവരെപ്പോലെ അലഞ്ഞ ജനത്തെ നോക്കിയ കണ്ണുകൾ.

സഭയെ സംബന്ധിച്ച് ഏറെ ഉത്തരവാദിത്വപ്പെട്ട ഒരു ശുശ്രൂഷയാണ് സത്യം പ്രഘോഷിക്കുക എന്നത്. പാതിസത്യങ്ങളോ, കൗതുകമോ ഇഷ്ടമോ തോന്നുന്ന കാര്യങ്ങളോ അല്ല, മറിച്ച് സനാതനവും മനുഷ്യനെ സ്വതന്ത്രനാക്കുന്നതും, സമൂഹത്തെ വളർത്തുന്നതും അന്യനു നന്മയ്ക്കുതകുന്നതും നിത്യജീവിതത്തിലേക്ക് നയിക്കുകയും ചെയ്യുന്ന സത്യങ്ങളാണ് സഭ പഠിപ്പിക്കുന്നത്. ദൈവം സൃഷ്ടിച്ച ഈ പ്രപഞ്ചത്തിന്റെ നന്മയും സഹജീവികളുടെ നന്മയും പരിപോഷിപ്പിക്കുന്നതോടൊപ്പം സ്വയം നന്മയിൽ വളരുവാനുള്ള കരുത്താണ് മതബോധനത്തിലൂടെ സഭ നൽകുന്നത്. സുഖലോലുപതയിലും സ്വയനീതീകരണത്തിലും മുമ്പോട്ടു പോകുവാൻ മനുഷ്യനിന്ന് തിടുക്കം കാണിക്കുന്നു. സനാതന സത്യങ്ങൾ സ്വാതന്ത്ര്യത്തെ ഹനിക്കുന്നവയായി മനുഷ്യൻ ചിത്രീകരിക്കുന്നു. ദൈവത്തെ മറന്നും ശരീരത്തിന്റെയും മനസ്സിന്റെയും സുഖവും സന്തോഷവും മാത്രം ലക്ഷ്യംവച്ചും ജീവിക്കുന്നവരുടെ എണ്ണം ഇന്ന് വർദ്ധനമാകുന്നു. ഏതിനും സഭയെയും സഭയുടെ ക്രമീകരണങ്ങളെയും വിമർശിച്ച് സഭാ ജീവിതത്തിൽനിന്നും അകന്നുപോകുന്നവർ ഉണ്ട്. സഭയുടെ ഉത്തരവാദപ്പെട്ടവർ തീർച്ചയായും കുറ്റാരോപിതരാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ദൈവജനത്തിന്റെ ആത്മീകനാമ്പുകളെ സമ്മർദ്ദത്തിൽ ആക്കാൻ പാടുള്ളതല്ല. ദൈവത്തെ മറന്നും സഭയിൽനിന്നകന്നും മനുഷ്യന് സമാധാനം ലഭിക്കുകയില്ല. കാരണം ദൈവം ജീവിക്കുന്നത് സഭയിൽ ആണ്.

സഭയുടെ മക്കളെ യഥാർത്ഥ ജ്ഞാനത്തിലും ദൈവഭയത്തിലും വളർത്തുവാൻ അവൾ ബദ്ധശ്രദ്ധയാവണം. സഭയെന്നതുകൊണ്ട് നാം മനസ്സിലാക്കേണ്ടത് നമ്മുടെ കുടുംബങ്ങളാണ്. സ്ഥായിയായ സ്നേഹം, പങ്കുവയ്ക്കൽ, ദൈവഭക്തി, പ്രാർത്ഥന, ഉദാരമായ ക്ഷമ തുടങ്ങിയവ അഭ്യസിക്കുവാൻ പരിശീലിക്കുന്നത് ഭവനത്തിൽ ആണ്. അവ ഊട്ടിവളർത്തുകയാണ് നമ്മുടെ ഇടവകകളുടെ ലക്ഷ്യം. ഈ ലക്ഷ്യത്തിൽനിന്ന് നമ്മുടെ ഇടവകകൾ മാറിപ്പോകരുത്. ഏറ്റം വലിയ ഉത്തരവാദിത്വം ഇടവകയെ നയിക്കുന്ന വൈദികനാണ്. ഇടവകയുടെ ഭരണമല്ല, മറിച്ച് വിശ്വാസത്തെ ഊട്ടിവളർത്തുക എന്നതാണ് പരമമായ ദൗത്യം. എല്ലാ പ്രായത്തിലും ഉള്ളവർക്ക് അവ പകർന്നു നൽകാൻ സാധിക്കണം. എല്ലാം നല്ലതും സത്യവുമാണെന്നുള്ള ആപേക്ഷിക മനോഭാവവും മതമെന്നാൽ വർഗ്ഗീയതയാണെന്നും ഒക്കെയുള്ള അപകടകരങ്ങളായ ശൈലികൾ വ്യാപകമാകുമ്പോൾ വിശ്വാസത്തിന്റെ കാവൽഭടന്മാരുടെ ഉത്തരവാദിത്വം വർദ്ധിക്കുന്നു. ഇടവകമക്കൾ എല്ലാവരും ഈ ശുശ്രൂഷയിൽ പങ്കുചേരണം. ആദരണീയരായ മതാദ്ധ്യാപകരെ പ്രത്യേകം നന്ദിയോടെ ഓർത്തു പ്രാർത്ഥിക്കുന്നു. പ്രിയ മക്കളേ, യേശുനാഥനെ നോക്കി വളരുക. അവന്റെ കണ്ണുകളിലാണ് നിങ്ങളുടെ ജീവനും ജീവിതവും.

പുണ്യശ്ലോകനായ യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ അനുഗ്രഹീതമായ ജനനത്തിന്റെ 125 വർഷങ്ങൾ പിന്നിടുന്ന ധന്യമുഹൂർത്തം കൂടിയാണിത്. മുണ്ടൻമലയിലെ ആശ്രമജീവിതത്തിന്റെ ശാന്തമായ നിമിഷങ്ങളിലും പുനരൈക്യത്തിന്റെ കടുത്ത സംഘർഷഭരിതമായ നാളുകളിലും പിന്നെ ദീർഘവിഷണത്തോടെയുള്ള രൂപതാ ഭരണത്തിലും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനോട് ഇടറാതെ ചേർന്ന് നിന്ന 'വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ'. 'മാലാഖാ സദൃശ്യനായ മനുഷ്യൻ' എന്ന വിശേഷണം അക്ഷരാർത്ഥത്തിൽ ആ ജീവിതത്തിന് ചേർന്നതുതന്നെയെന്ന് അടുത്തറിയുന്നവർ പങ്കുവയ്ക്കും. ഗോതമ്പ് മണിപോലെ നിലത്ത് വീണ് അഴുകിയതുമൂലം ആ ജീവിതത്തിന്റെ നന്മകൾ നാം ഇന്ന് കാണുകയും അനുഭവിക്കുകയും ചെയ്യുന്നു. ആ ജീവിതവിശുദ്ധിയും നന്മയും നമുക്ക് പ്രചോദനമാകട്ടെ. പ്രവർത്തിപഥങ്ങളിൽ വെളിച്ചം വിതറട്ടെ. ●

# ഉള്ളതു പറഞ്ഞാൽ...





**അഡ്വ. വിനോദ് മാത്യു വിൽസൺ**

കുട്ടികളും കുടുംബവും ഇല്ലെങ്കിൽ പിന്നെ ആഹാരത്തിന്റെ കാര്യം വല്ല്യ ബുദ്ധിമുട്ടാണ്. മേലാ, അതും വയ്യ ചെലവ് കുറഞ്ഞിരിക്കുകയും വേണം. വയറു നിറയണം, ഇതെല്ലാം നോക്കുമ്പോൾ തട്ടുകട തന്നെ ശരണം.

പക്ഷേ നമ്മുടെ കഥ നടക്കുന്നത് കൊല്ലത്തെ പ്രശസ്തമായ പിള്ളേച്ചന്റെ പഞ്ചനക്ഷത്ര ഹോട്ടലിൽ ആണ്. എനിക്ക് ഒരു സുഹൃത്ത് ചെലവ് ചെയ്യാൻ കൊണ്ടുപോയതാണ്. മുണ്ട് ഉടുത്തു പോകാൻ ആണ് തീരുമാനിച്ചത്. പിന്നെ ഒരു ടെൻഷൻ, കയറ്റിയില്ലെങ്കിലോ... വേഷം ജീൻസും ടീഷർട്ടുമാക്കി.

ചെന്നിറങ്ങിയപ്പോൾ തന്നെ അകമ്പടി സേവിക്കാൻ രണ്ടു തടിമാടന്മാർ... പ്ലീസ് നിങ്ങൾ പോയി ആ പഴയ സ്ഥലത്ത് നിൽക്കൂ... ഇങ്ങനെ നടന്നിട്ട് എനിക്ക് പേടി ആകുന്നു. അങ്ങനെ അവരെ പറഞ്ഞുവിട്ടു.

## ആം ആദ്മി




ഇരിക്കാൻ ചെന്നപ്പോൾ ഇരുണ്ട വെളിച്ചത്തിൽ ഒരു മുഖം കണ്ട് ഞാൻ ഞെട്ടി. ഓട്ടോ ഓടിക്കുന്ന ഉണ്ണി. "നീയെന്തുവാടാ ഈ തലയിൽ കെട്ടിയിരിക്കുന്നത്... അത് അഴിച്ച് വയ്ക്ക്... കൈ തുടയ്ക്കാൻ തന്ന ടൗവ്വൽ ആണ്." ഒന്ന് ചമ്മിയെങ്കിലും ഉടനെ ഉണ്ണിയുടെ കമന്റ്. "ഒന്നു പോ വക്കീലേ... അത് എനിക്കറിയത്തില്ലയോ.. ഞാൻ ചുമ്മാ..."

അവന്റെ കൂടെ ഇരിക്കുവാൻ ഞാൻ നോക്കിയപ്പോൾ നാരങ്ങാവെള്ളം ഉണ്ടാക്കുന്നു. ഉടനെ ഒരു സുന്ദരൻ വന്ന് പറഞ്ഞു, 500... സാർ അത് ഹാൻഡ് വാഷിന് ആണ്.

എനിക്ക് ചെന്നിരുന്നപ്പോൾ മുതൽ ബുദ്ധിമുട്ടാണ്. "സാർ വെള്ളം, തണുപ്പ് അതോ ചൂടോ... സാർ വീട് എവിടെയാണ്... വീട്ടിൽ ആരൊക്കെ ... സാർ ഫാമിയാണോ..." ചെക്കൻ സ്നേഹം കൊണ്ടും പിന്നെ അവന്റെ ജോലിയുടെ ഭാഗമായിട്ടുമാണ്. എനിക്ക് മനസ്സിലായി. സഹിക്കവയ്യാതെ ഞാൻ പറഞ്ഞു, "പൊന്നു മാഷേ, ഈ സാർ വിളി ഒന്നു നിർത്തൂ".

"വക്കീലേ, ഇതിൽക്കൂടെ ഒന്നും വരുന്നില്ല..."

"അയ്യോ അത് സ്ട്രോ അല്ല... ചുമ്മാ കലക്കാൻ തന്ന സ്റ്റിക്ക് ആണ്..." എന്റെ കമന്റ്.

അപ്പത്തിന്റെ കൂടെ കഴിക്കാൻ തന്ന മീൻകറിയുടെ ചാറ് തീർന്നു. തട്ടുകട മനസ്സിൽ വന്നു. "എക്സ്ക്യൂസ് മി.. കുറച്ച് ചാറ് വേണം..."

"സോറി സാർ, ഇവിടെ ചാറായിട്ട് കിട്ടില്ല..." 300 രൂപയുടെ ഭക്ഷണം 3000 രൂപയ്ക്ക് കഴിച്ചിറക്കി.

ഞാൻ പലപ്പോഴും ശ്രദ്ധിച്ചിട്ടുണ്ട്.. ഇങ്ങനെയുള്ള പല സ്ഥലങ്ങളിൽ ചെല്ലുമ്പോഴും നമ്മുടെ സാധാരണത്വം നമ്മൾ മാറ്റിവയ്ക്കും. കൈകൊണ്ട് കഴിക്കുന്നതിനു പകരം കത്തിയും കഠാരയും ഉപയോഗിച്ച് ചുണ്ടിൽ തൊടാതെ വായിലാക്കുന്ന രീതി ഒന്നു കാണേണ്ടതു തന്നെ. ചില ടി.വി. ഷോകളിൽ കാണാറുണ്ട്. എത്ര കോമഡി പറഞ്ഞാലും മുന്നിൽ ഇരിക്കുന്ന ചില മഹാന്മാർ ചിരിക്കില്ല.. കൈയ്യടിക്കില്ല...



ചാള മീനിന്റെ മുള്ള് വറുത്ത് നാല് നേരം പഴം കഞ്ഞി കുടിച്ചിരുന്ന ചിലർക്കൊക്കെ ഇപ്പോ ചാള പുച്ഛമാണ്. മുറ്റത്ത് ബി.എം.ഡബ്ല്യൂ വന്നപ്പോൾ മഴയത്തും വെയിലത്തും ചതിക്കാതെ കൂടെ ഓടിയ മാരുതി കാറിനോട് അവഗണന, കടത്തിണ്ണയിൽ പത്രം വിരിച്ച് ഉറങ്ങിയിരുന്നവർക്ക് കുറച്ചിലാണ്, എ.സി.യില്ലാത്ത വീട്ടിൽ ചെല്ലുമ്പോൾ. തോർത്തിൽ കഞ്ഞിപ്പശമുക്കി നാണം മറച്ചിരുന്ന ആൾക്കാർക്ക് ബ്രാൻഡഡ് വേഷങ്ങൾ ഇല്ലെങ്കിൽ വിഷമമാണ്.

ദേ എന്നുവച്ച് ഞാൻ ഒരു അപരിഷ്കൃതൻ അല്ല കേട്ടോ... പച്ചപരിഷ്കാരി തന്നെ.






**ഡോ. രാജീവ് ഫിലിപ്പ്**
MD, DM (Endo), MRCP
HOD, Department of
Endocrinology

# പ്രമേഹം




മുൻപ് സമ്പന്നന്മാരുടെ രോഗം എന്ന പേരിലറിയപ്പെട്ടിരുന്ന പ്രമേഹം ഇപ്പോൾ സമൂഹത്തിലെ എല്ലാ വിഭാഗത്തിലുമുള്ള ജനങ്ങളെ (സ്ത്രീ-പുരുഷ, സമ്പന്ന, ദരിദ്ര ഭേദമില്ലാതെ) ബാധിക്കുന്ന ഒരു മഹാമാരി എന്ന തലത്തിലേക്ക് മാറിയിരിക്കുകയാണ്. പുതിയ കണക്കുകൾ പ്രകാരം കേരളത്തിലെ ജനസംഖ്യയുടെ 20% ആളുകൾ പ്രമേഹരോഗികളാണ്. പ്രമേഹം വരുവാനുള്ള സാദ്ധ്യത എന്ന അവസ്ഥയിലുള്ള Impaired Blood Glucose ആൾക്കാരേയും കൂടെ ഉൾപ്പെടുത്തിയാൽ, കേരളത്തിലെ ആൾക്കാരുടെ ഭൂരിഭാഗവും പ്രമേഹരോഗികളോ പ്രമേഹത്തിലേക്ക് നീങ്ങുന്നവരോ ആണ് എന്ന് കാണാം.

## എന്താണ് പ്രമേഹം?

ശരീരത്തിലെ പഞ്ചസാരയുടെ അളവു നിയന്ത്രിക്കുന്ന ഹോർമോണായ ഇൻസുലിന്റെ പ്രവർത്ത നം കുറയുകയോ, ഇൻസുലിന്റെ ഉല്പാദനത്തിൽ കുറവു വരികയോ ചെയ്യു ന്ന അവസ്ഥയിൽ ശരീരത്തിലെ പഞ്ചസാരയുടെ അളവ് ക്രമാതീതമായി കൂടുകയും, തന്മൂലം കണ്ണുകൾ, വൃക്കകൾ, ഞരമ്പുകൾ എന്നിവയുടെ പ്രവർത്തനത്തെ ബാധിക്കുകയും ചെയ്യുന്നു. ഈ അവസ്ഥയെയാണ് പ്രമേഹം എന്നു വിളിക്കുന്നത്. ശരീരത്തിലെ പഞ്ചസാരയുടെ അളവ് കൂടുന്നതിനോടൊപ്പം ശരീരത്തിലെ കൊളസ്ട്രോൾ, രക്തസമ്മർദ്ദം എന്നിവയ്ക്ക് വ്യതിയാനങ്ങളുണ്ടാവുകയും, തത്ഫലമായി ഹൃദയാഘാതം, പക്ഷാഘാതം, ഞരമ്പുകൾ അടഞ്ഞുപോകൽ എന്നിവ ഉണ്ടാകാനുള്ള സാദ്ധ്യത കൂടുകയും ചെയ്യുന്നു.

## ടൈപ്പ് ഒന്ന് / ടൈപ്പ് രണ്ട് പ്രമേഹം

ടൈപ്പ് ഒന്ന് പ്രമേഹം സാധാരണയായി കുട്ടികളിൽ കാണുന്നതും ഇൻസുലിന്റെ ഉല്പാദനം പാടെ നിലച്ചുപോകുന്നതുകൊണ്ട് ഉണ്ടാകുന്നതും ആകുന്നു. ഇതിന് ചികിത്സയായി ഇൻസുലിൻ കുത്തിവയ്പാണ് ഉപയോഗിക്കുന്നത്. ടൈപ്പ് രണ്ട് പ്രമേഹം - പ്രായമായവരിൽ കാണുന്നതും, വണ്ണക്കൂടുതൽ, വ്യായാമമില്ലായ്മ, ജീവിതശൈലി, പാരമ്പര്യം തുടങ്ങിയ ഘടകങ്ങൾക്കൊണ്ട് ഉണ്ടാവുന്നതുമാണ്. നമ്മുടെ ഇടയിൽ കാണപ്പെടുന്ന രോഗികളിൽ 85%

ടൈപ്പ് 2 പ്രമേഹരോഗികളാണ്. ഇതിനൊക്കെ പുറമെ പാൻക്രിയാസ് ഗ്രന്ഥിയുടെ തകരാറുകൾ, ജനിതക തകരാറുകൾ തുടങ്ങിയവ മൂലവും പ്രമേഹം ഉണ്ടാകാം.

### പ്രമേഹം എന്ന മഹാമാരി

കേരളത്തിൽ പ്രത്യേകിച്ച് മദ്ധ്യകേരളത്തിൽ പ്രമേഹരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ടൈപ്പ് രണ്ട് പ്രമേഹരോഗികളുടെ എണ്ണത്തിലെ വർദ്ധന ജീവിതശൈലിയുമായി ബന്ധപ്പെട്ടിരിക്കുന്നു. അമിതവണ്ണം, വ്യായാമമില്ലായ്മ, അമിതാഹാരം, ഫാസ്റ്റ് ഫുഡിന്റെയും, ബേക്കറി, റിഫൈൻഡ് ആഹാരങ്ങളുടെയും അമിത ഉപയോഗവും പ്രമേഹം വരുത്തുമെന്ന് എല്ലാ പഠനങ്ങളും തെളിയിച്ചിട്ടുണ്ട്. മദ്ധ്യകേരളത്തിലെ ഭയാനകമായ ഒരു അവസ്ഥ കുട്ടികളിലുണ്ടാവുന്ന പ്രമേഹത്തിന്റെ വർദ്ധനയാണ്. വണ്ണക്കൂടുതൽ കൊണ്ട് ടൈപ്പ് രണ്ട് പ്രമേഹം കുട്ടികളിൽ നേരത്തെ വരുന്നതിനോടൊപ്പം ടൈപ്പ് ഒന്ന് പ്രമേഹം ഈ പ്രദേശങ്ങളിൽ വളരെ കൂടുതലായി കാണപ്പെടുന്നു. പുതിയതരം വൈറസ് ബാധകൾ, കീടനാശിനികളുടെയും രാസപദാർത്ഥങ്ങളുടെയും അമിത ഉപയോഗം എന്നിവയായിരിക്കാം ഇതിനു കാരണമെന്ന് കരുതുന്നുണ്ടെങ്കിലും ഇതിലേക്ക് കൂടുതൽ പഠനങ്ങൾ ആവശ്യമാണ്.

### പ്രമേഹം – രക്തപരിശോധനകൾ

ആഹാരം കഴിക്കുന്നതിനു മുൻപുള്ള രക്തത്തിലെ പഞ്ചസാരയുടെ അളവ് 126 മി.ഗ്രാമിൽ കൂടുതലാണെങ്കിലോ എപ്പോഴെങ്കിലുമുള്ള പഞ്ചസാരയുടെ അളവ് 200–ൽ കൂടുതലുണ്ടെങ്കിലോ, 75 ഗ്രാം ഗ്ലൂക്കോസ് കുടിച്ചതിനുശേഷമുള്ള പഞ്ചസാരയുടെ അളവ് 200–ൽ കൂടുതലുണ്ടെങ്കിലോ $HbA_1C$ (ആവറേജ് ബ്ലഡ് ഷുഗർ ടെസ്റ്റ്) 65–ൽ കൂടുതലുണ്ടെങ്കിലോ നമുക്ക് പ്രമേഹം എന്ന രോഗമുള്ളതായി മനസ്സിലാക്കാം.

### പ്രമേഹം – ചികിത്സ

ഏതു ജീവിതശൈലി രോഗത്തെയും പോലെ ജീവിതശൈലി ചിട്ടപ്പെടുത്തുക എന്നതാണ് പ്രമേഹത്തിന്റെ ചികിത്സയുടെ ആദ്യത്തെ പടി. ആഹാരം നിയന്ത്രിച്ച് കഴിക്കുക, സമയത്ത് ആഹാരം കഴിക്കുകയും, കഴിക്കുമ്പോൾ കുറച്ചു കഴിക്കുക, എന്നതാണ് പ്രമേഹത്തിലെ ഭക്ഷണക്രമത്തിന്റെ അടിസ്ഥാനം. പട്ടിണി കിടക്കുന്നതും വലിച്ചുവാരി കഴിക്കുന്നതും പ്രമേഹം കൂട്ടും. മധുരമുള്ള ആഹാരങ്ങൾ, പഞ്ചസാര, എണ്ണയിൽ വറുത്തതും പൊരിച്ചതുമായുള്ള ആഹാരങ്ങൾ, കൊഴുപ്പടങ്ങിയിട്ടുള്ള ആഹാരങ്ങൾ എന്നിവ പരമാവധി നിയന്ത്രിക്കുന്നത് പ്രമേഹത്തിനെ വരുതിയിലാക്കാൻ സഹായിക്കും.

**ആഹാരം നിയന്ത്രിച്ച് കഴിക്കുക, സമയത്ത് ആഹാരം കഴിക്കുകയും, കഴിക്കുമ്പോൾ കുറച്ചു കഴിക്കുക, എന്നതാണ് പ്രമേഹത്തിലെ ഭക്ഷണക്രമത്തിന്റെ അടിസ്ഥാനം.**

### വ്യായാമം

പ്രമേഹരോഗികൾക്ക് അത്യന്താപേക്ഷിതമാണ് വ്യായാമം. ആഴ്ചയിൽ അഞ്ചുദിവസമെങ്കിലും അരമണിക്കൂർ വീതം നടക്കുന്നത് രക്തത്തിലെ പഞ്ചസാരയുടെ അളവിനെ കുറയ്ക്കുന്നതിനോടൊപ്പം രക്തസമ്മർദ്ദം, കൊളസ്ട്രോൾ എന്നിവയെയും നിയന്ത്രിക്കും.

### മരുന്നുകൾ

പ്രമേഹത്തിനുള്ള ചികിത്സയിൽ മരുന്നുകൾ കൃത്യമായി കഴിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഗുളികകളും ഇൻസുലിൻ കുത്തിവയ്പുമാണ് പ്രധാന മരുന്നുകൾ. ഇവ ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം കൃത്യമായ അളവിൽ തുടർച്ചയായി ഉപയോഗിക്കേണ്ടതാണ്.



### പരിശോധനകൾ

പ്രമേഹരോഗികൾ വർഷത്തിലൊരിക്കലെങ്കിലും കൊളസ്ട്രോൾ, വൃക്കപരിശോധന, ആൽബുമിൻ പരിശോധന, ഞരമ്പു പരിശോധന, കണ്ണു പരിശോധന എന്നിവ ചെയ്യേണ്ടതാണ്. ഇവയ്ക്കു പുറമെ, പഞ്ചസാരയുടെ അളവ് ഇടയ്ക്കിടെ പരിശോധിക്കുകയും ആവറേജ് ടെസ്റ്റായ $HbA_1C$ test മൂന്ന് – ആറ് മാസക്കാലയളവിൽ ചെയ്യുകയും വേണം.

### പാദപരിശോധന

പാദങ്ങളിലുണ്ടാകുന്ന വ്രണങ്ങളും മുറിവുകളും മൂലം അനേകം പ്രമേഹരോഗികൾക്ക് കാലുകൾ നഷ്ടപ്പെടാറുണ്ട്. പാദങ്ങൾ വൃത്തിയായി സൂക്ഷിക്കുക, എല്ലാ ദിവസവും കുളികഴിഞ്ഞ് പാദങ്ങൾ പരിശോധിച്ച് മുറിവുകളും കല്ലിപ്പുകളും (Callous) ഇല്ലെന്ന് ഉറപ്പുവരുത്തുക, പ്രമേഹരോഗികൾക്കു വേണ്ട പ്രത്യേകമായി തയ്യാറാക്കിയ പാദരക്ഷകൾ ഉപയോഗിക്കുകയും ചെയ്യുന്നവഴി പാദങ്ങളെ സംരക്ഷിക്കാവുന്നതാണ്. എല്ലാ അസുഖങ്ങളെപ്പോലെയും അസുഖം വരാതെ നോക്കുകയാണ് പ്രമേഹത്തിനെതിരായ ഏറ്റവും വലിയ പ്രതിരോധം. കൃത്യമായ വ്യായാമത്തിലൂടെയും ക്രമമായ ആഹാരത്തിലൂടെയും അമിതവണ്ണം കുറയ്ക്കുന്നതിലൂടെയും ഒരു പരിധിവരെ പ്രമേഹത്തിനെ നമുക്ക് പ്രതിരോധിക്കാൻ സാധിക്കും.



## വിവാഹിതരായി

പുല്ലാട് ചിറയിൽ തോമസ് സി.ജെയുടെയും അമ്മുക്കുട്ടിയുടെയും മകൾ **ആൻസി**യും (ഐക്യദീപം സ്റ്റാഫ്) കല്ലുമല കുളത്തിന്റെ കിഴക്കേതിൽ കെ.സി ജോർജിന്റെയും ലീലാമ്മ ജോർജിന്റെയും മകൻ **ലിജോ**യും തമ്മിലുള്ള വിവാഹം 2015 ഏപ്രിൽ 16 –ാം തീയതി ഉമ്പർനാട് ലൂർദ് മാതാ കത്തോലിക്ക ദേവാലയത്തിൽ വച്ച് വികാരി. **ഫാ. അലോഷ്യസിന്റെ** മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.




INFANT JESUS EDUCATION AND CHARITABLE TRUST

(Recognised as Charitable Trust U/s 80(G) of IT Act, 1961)

# JOSCO INSTITUTIONS

## ADMISSIONS OPEN 2015-16

# GNM B.SC(N), MSC(N)

(RECOGNISED BY INDIAN NURSING COUNCIL FOR 2015-16)

**TIE-UP WITH GOVT. OF TRIPURA**

FREE FOOD & HOSTEL FOR MERIT / SCHOLARSHIP STUDENTS SCHOLARSHIP APPLICATION LAST DATE 15-06-2015

**ONLY FOR FIRST 25 STUDENTS**

WiFi & BANK LOAN FACILITY

**SPECIAL FEES STRUCTURE FOR M.C.Y.M MEMBERS.**





# BBM, B.COM, BSW

(AFFILIATED TO BANGALORE UNIVERSITY)




**FOR DETAILS CONTACT:**

ADV. SAJU T. JOSEPH, CHAIRMAN

THIRUVALLA (RES)

MOB : 09845376030, 09349979846

INFANT JESUS CAMPUS, MYLANAHALLI (POST) , MADURE ROAD, NELAMANGALA, BANGALORE-562 123

PHONE 080-27722420, 27725792, MOB : 09845376030, 09019166030

Website: www.joscoinstitutions.com E-mail : joscoinstitutions@gmail.com

Date of Publication: 28-05-2015 **AIKYADEEPAM MONTHLY** REG. NO. G/KL/TLA/40/2015-17
Price ₹ 10/- Marygiri, Tiruvalla, Kerala. Ph: 0469-2600626. Fax: 0469-2600822 R.N.I. 35982/80
June 2015


# NURSING ADMISSION

## B.Sc. NURSING 2015-16

**No Donation-Only Govt.Fee.**

*Admission started under management merit quota for the course.*



**Eligibility :**

- A pass in the higher secondary examination or equivalent with minimum 50% marks for the optional subjects and aggregate (Physics, Chemistry, and Biology) and English.
- The Minimum age for admission shall be 17 years by 31st December.

**Highlights :**

- Exellent and highly qualified teaching faculties.
- Spacious class room with Audio Visual Aids.
- An Excellent library having latest volume of books, journals and magazines.
- Well equipped laboratories with all modern equipments.
- Fully equipped computer lab.
- Comfortable lodging in homely atmosphere.
- Own multispeciality hospitals in Kozhencherry and Punalloor
- Placement cell.

Contact:
**POYANIL COLLEGE OF NURSING**
Kozhencherry - 689641, Pathanamthitta Dist.
Ph : 0468 - 2210474, 2261249, 9947426572
email. poyanilcollegeofnursing@gmail.com
Web : www.poyanilcollegeofnursing.in

*Prospectus and application form can be obtained from the office*


# MAR EPHRAEM
## COLLEGE OF ENGINEERING AND TECHNOLOGY
**MARTHANDAM**
(Catholic Diocese of Marthandam)
Approved by AICTE, Delhi & Anna University, Chennai

**Courses**

- B.E. Mechanical Engineering
- B.E. Civil Engineering
- B.E. Electronics & Communication Engineering
- B.E. Electrical & Electronics Engineering
- B.E. Computer Science & Engineering
- M.E. Computer Science & Engineering
- M.E. Applied Electronics
- M.E. Manufacturing Technology

**Faciluities**

* Spiritual formation through daily Holy Mass, Prayer & Jesus youth.
* Experienced and dedicated faculty with post doctoral research and industrial experience.
* World Class Classrooms connected to a centralized e-learning data center on campus.
* Global connectivity to all the students via 24hr Wi-Fi access.
* Modern library with e-access to various international Journals.
* Most modern Language lab. * Helth club
* Cafeteria and mess with delicious and nutritious food (Kerala taste)



*Admission in 1st year & Direct 2nd year (Later Entry) * Campus Placement Assistance

FOR ADMISSION CONTACT:
**Mr. TONEY KURIEN** (Admission Officer): **09447413790, 09446459686**


*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Varghese Chamakalayil*